XII SOCIOLOGY

# FINAL TOUCH A+ NOTES

## REVISION NOTES

YASEER P. K.

www.rrvgirls.com

SOCIOLOGICAL IMAGINATION

## ആമുഖം

ഹയർസെക്കണ്ടറി രണ്ടാം വർഷ സാമൂഹ്യശാസ്ത്രം വിദ്യാർത്ഥികളുടെ പരീക്ഷാ തയ്യാറെടുപ്പിനായി തയ്യാറാക്കിയ അവസാന വട്ട റിവിഷൻ നോട്ടുകളാണിത്. ഓരോ പാഠഭാഗത്തിലേയും ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങൾ ഉൾപെടുത്തി തയ്യാറാക്കിയതിനാൽതന്നെ ഇത് വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്പെടുമെന്ന് വിശ്വസിക്കുന്നു. എന്നാൽ ഇതിന്റെ പൂർണ്ണ വായന ടെക്സ്റ്റ് ബുക്കുകളിൽ നിന്നോ ക്ലാസ്സ് നോട്ടുകളിൽ നിന്നോ മാത്രമേ സാധ്യമാവുകയുള്ളൂ. ആയതിനാൽ എല്ലാ പാഠഭാഗവും വായിച്ച് പഠിച്ച ശേഷം മാത്രം ഈ നോട്ടുകൾ ഉപയോഗിക്കുന്നതായിരിക്കും ഉചിതം. എഡ്യൂമേറ്റ് ചോദ്യ ശേഖരവും, പഴയ ചോദ്യപേപ്പറുകളും വായിച്ച് മനസ്സിലാക്കിയതിന് ശേഷം ഈ നോട്ടുകളെ സമീപിച്ചാൽ കാര്യങ്ങൾ വളരെ വേഗത്തിൽ സ്വായത്തമാക്കാനാവും. വരുന്ന പരീക്ഷക്ക് ഏറ്റവും നന്നായി തയ്യാറെടുക്കുക. എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

**യസീർ. പി.കെ**
**WOVHSS മുട്ടിൽ**

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | Introduction to Indian Society | Indian Society | 4 |
| 2 | The demographic structure of Indian Society | | 6 |
| 3 | Social Institution continuity and Change | | 11 |
| 4 | The Market as a Social Institution | | 19 |
| 5 | Patterns of Social Inequality and Exclusion | | 24 |
| 6 | The Challenges of Cultural Diversity | | 29 |
| 7 | Suggestion for Project work | | 34 |
| 8 | Structural Change | Social change and Development in India | 36 |
| 9 | Cultural Change | | 41 |
| 10 | The Story of Democracy | | 45 |
| 11 | Change and development in Rural Society | | 51 |
| 12 | Change and development in Industrial Society | | 56 |
| 13 | Globalisation and Social Change | | 59 |
| 14 | Mass Media and Communications | | 63 |
| 15 | Social Movements | | 66 |

## Unit I: Introduction to Indian Society

- Prior Knowledge and Sociology
- Self- reflexivity
- Sociology and commonsense understanding
- Social Map

### Prior Knowledge and Sociology (മുന്നറിവും സാമൂഹ്യ ശാസ്ത്രവും)

- സമൂഹത്തെ കുറിച്ചുള്ള മുന്നറിവുകൾ എല്ലാ വ്യക്തികളിലുമുണ്ട്. അത്കൊണ്ട് തന്നെ ഒരു പൂജ്യത്തിൽ നിന്നല്ല സാമൂഹ്യ ശാസ്ത്രം തുടങ്ങുന്നത്.
- കുടുംബം, സമൂഹം, സ്കൂൾ തുടങ്ങിയവ ഇത്തരം മുന്നറിവുകൾ രൂപപ്പെടുത്താൻ സഹായിക്കുന്നു.
- സാമൂഹ്യ ശാസ്ത്രം പഠിക്കുംമ്പോൾ ഇത്തരം മുന്നറിവുകൾക്ക് ഗുണങ്ങളും ദോഷങ്ങളും ഉണ്ടാവാറുണ്ട്.

**ഗുണങ്ങൾ**

- സാമൂഹ്യ ശാസ്ത്ര പഠനം എളുപ്പമാക്കുന്നു
- നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നു.

**ദോഷങ്ങൾ**

- സമൂഹത്തെ കുറിച്ച് മുമ്പ് പഠിച്ച ചില കാര്യങ്ങൾ നാം മറക്കേണ്ടതുണ്ട് (Unlearn).
- സാമാന്യബോധമുപയോഗിച്ച് ചുറ്റുപാടിൽനിന്നും നാം ആദ്യം മനസ്സിലാക്കിയ കാര്യങ്ങൾക്ക് ശാസ്ത്രീയ അടിത്തറയുണ്ടാവില്ല.
- സാമാന്യബോധമുപയോഗിച്ച് പഠിക്കുന്ന കാര്യങ്ങളിൽ ഭാഗിഗമായി മാത്രമേ സത്യമുണ്ടാവുകയുള്ളൂ.
- ഇത്തരം ഭാഗിക അിറവുകൾ പലപ്പോഴും തടസ്സം സൃഷ്ടിക്കുന്നു.

### Self Reflexivtiy (സ്വയം പ്രതിഫലനം)

- ഇത് ആത്മ പരിശോധന നടത്താനുള്ള കഴിവാണ്.
- പുറമേക്കുള്ള നിങ്ങളുടെ ദൃഷ്ടിയെ നിങ്ങളിലേക്ക് തന്നെ തിരിക്കാനുള്ള കഴിവാണിത്.
- മറ്റുള്ളവർ നിങ്ങളെ എങ്ങിനെ വീക്ഷിക്കുന്നുവെന്ന് ഇതു കാണിച്ചുതരുന്നു.
- പുറമെ നിന്ന്കൊണ്ട് സ്വയം വീക്ഷിക്കാനും ഇത് നിങ്ങളെ പഠിപ്പിക്കുന്നു.

### Sociology and commonsense understanding (സാമൂഹ്യ ശാസ്ത്രവും സാമാന്യ ബോധവും)

- സാമാന്യ ബോധമെന്നത് വ്യക്തിപരമായ അഭിപ്രായങ്ങളാണ്.
- ഇതിന് ശാസ്ത്രീയമായ ഒരു പിൻബലവുമില്ല.
- എന്നാൽ സാമൂഹ്യ ശാസ്ത്രത്തിൻറെ രീതി ശാസ്ത്രീയമാണ്.
- അത് സാമാന്യ ബോധത്തിൽനിന്നും, തത്വ ചിന്താപരമായ ആശയങ്ങളിൽനിന്നും വ്യത്യസ്ഥമാണ്.

**Social Map (സാമൂഹിക ഭൂപടം)**

- സമൂഹത്തിൽ ഒരു വ്യക്തിയുടെ സ്ഥാനം എന്താണെന്ന് ഇത് കാണിച്ചുതരുന്നു.
- സമൂഹത്തിലെ മറ്റുള്ളവരുമായി ബന്ധപ്പെട്ടുകൊണ്ട് സ്വന്തം സ്ഥാനം നിർണ്ണയിക്കാൻ ഇത് സഹായിക്കുന്നു.
- ഭൂമിശാസ്ത്രപരമായ ഭൂപടം നിങ്ങളുടെ പ്രദേശത്തിൻറെ സ്ഥാനവും സ്വഭാവവുമാണ് നിർണ്ണയിക്കുന്നത്, എന്നാൽ സാമൂഹ്യ ഭൂപടം സമൂഹത്തിലുള്ള നിങ്ങളുടെ സ്ഥാനമാണ് അടയാളപ്പെടുത്തുന്നത്.

  ഉദാ. **Social Group, Language, Caste, Class, Religion etc.**

www.rrvgirls.com

## Unit II: The demographic structure of Indian Society

- **Demography**
- **Types of Demography**
  - Formal Demography
  - Social Demography
- **Theories of Demography**
  - The Malthusian Theory Of Population Growth
  - The Theory Of Demographic Transition
- **Population Explosion**
- **Common Concepts and Indicators**
  - Birth rate
  - Death rate
  - Growth rate
  - Fertility rate
  - Infant Mortality rate
  - Maternal Mortality rate
  - Life expectancy
  - Sex ratio
  - Age structure of PPn.
  - Dependency Ratio
- **Size and Growth of India's PPn.**
- **Age structure of Indian PPn.**
- **Demographic dividend**
- **Declining Sex ratio in India**
- **Rural and urban Deference**

### Demography (ജനസംഖ്യാ ശാസ്ത്രം)

- ജനസംഖ്യയെ കുറിച്ചുള്ള ശാസ്ത്രീയമായ പഠനമാണിത്.
- ഗ്രീക്ക് വാക്കുകളായ ***'demos'*** (ജനങ്ങൾ) and ***'graphein'*** (വിവരണം). എന്നിവയിൽനിന്നാണ് ഈ വാക്കിൻറെ ഉത്ഭവം.
- ജനസംഖ്യയുടെ വലിപ്പത്തിലുണ്ടാവുന്ന മാറ്റങ്ങൾ, ജനന മരണങ്ങളിലേയും കുടിയേറ്റത്തിലേയും മാതൃകകൾ, ജനസംഖ്യയുടെ ഘടന തുടങ്ങിയവ ഇതിൽ പഠനവിധേയമാക്കുന്നു,

### വിവിധതരം ജനസംഖ്യാ ശാസ്ത്രങ്ങൾ (Types of Demography)

- **Formal Demography**
  - ഇത് അളവുകളുമായി ബന്ധപ്പെട്ടിരിക്കുന്നു (Quantitative).
  - ജനനം, മരണം, കുടിയേറ്റം, വിവാഹം തുടങ്ങിയവയുടെ ഗണിതശാസ്ത്രപരമായ പഠനമാണിത്.
- **Social Demography**
  - ജനസംഖ്യയുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ തലങ്ങൾക്ക് ഊന്നൽ നൽകുന്നു.

## Theories of Demography

### The Malthusian Theory Of Population Growth

- ***തോമസ് റോബർട്ട് മാൽത്തൂസ്*** അവതരിപ്പിച്ചു
- ***'Essay on Population'*** എന്ന പുസ്തകത്തിൽ ഇദ്ദേഹം പറയുന്നു
- മനുഷ്യൻറെ ഉപജീവന മാർഗ്ഗങ്ങളുടെ (ഭക്ഷണം, വസ്ത്രം, കാർഷിക വിഭവങ്ങൾ) വളർച്ചാ നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലാണ് ജനസംഖ്യയുടെ വളർച്ച.
- ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ഭക്ഷ്യോത്പാദനം ഉണ്ടാകുന്നില്ല.
- അതിനാൽ ലോകം ദാരിദ്ര്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.
- ജനസംഖ്യ വർദ്ധിക്കുന്നത് geomteric progression ലാണ് (2,4,8,16.32...)
- കാർഷികോത്പാദനം Arithmetic Progression ലാണ് (2,4,6,8,10..)

- ജനസംഖ്യാ വർദ്ധനവ് നിയന്ത്രിക്കുക മാത്രമാണ് പുരോഗതി കൈവരിക്കാനുള്ള ഏക മാർഗ്ഗം.
- **ജനസംഖ്യാ വർദ്ധനവ് നിയന്ത്രിക്കാൻ 2 തരം മാർഗ്ഗങ്ങളുണ്ട്.**
  - ***നിവാരണ നിയന്ത്രണങ്ങൾ (Preventive checks)***
    - വിവാഹം വൈകിപ്പിക്കൽ, ബ്രഹ്മചര്യം
  - ***സ്വഭാവിക നിയന്ത്രണങ്ങൾ (Positive Checks)***
    - യുദ്ധം, ക്ഷാമം, രോഗങ്ങൾ

**വിമർശനങ്ങൾ**

- യൂറോപ്യൻ രാജ്യങ്ങളുടെ ചരിത്രാനുഭവങ്ങൾ ഇദ്ദേഹത്തിൻറെ വാദഗതികൾ തെറ്റാണെന്ന് തെളിയിച്ചു.
  - അമിത വേഗത്തിൽ ജനസംഖ്യ വളർന്നപ്പോഴും ഭക്ഷ്യോത്പാദനവും ജീവിത നിലവാരവും ഉയർന്നുകൊണ്ടേയിരുന്നു.
  - ജനന നിയന്ത്രണ മാർഗ്ഗളുടെ ഉപയോഗംമൂലം ജനസംഖ്യ കുറഞ്ഞു.
  - പകർച്ചാവ്യാതികൾ നിയന്ത്രിക്കപ്പെട്ടു.
  - ഭക്ഷ്യോത്പാതന രംഗങ്ങളിൽ പുരോഗതിയുണ്ടായി.
- ദാരിദ്ര്യവും പട്ടിണിയും ഉണ്ടാവാൻ കാരണം ജനസംഖ്യാ വർദ്ധനവല്ല. സാമ്പത്തിക വിഭവങ്ങളുടെ വിതരണത്തിലുള്ള അസമത്വമാണ്.

## Demographic Transition theory

- ഓരോ സമൂഹവും ജനസംഖ്യാ വർദ്ധനവുമായി ബന്ധപ്പെട്ട ഒരു പ്രത്യേക വികസന മാതൃക പിന്തുടരുന്നു.
- ജനസംഖ്യാ വളർച്ച സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു.
- ജനസംഖ്യാ വളർച്ചയിൽ 3 അടിസ്ഥാന ഘട്ടങ്ങളുണ്ട്.

| **ജനസംഖ്യാ വളർച്ചയുടെ 3 ഘട്ടങ്ങൾ** | | |
|---|---|---|
| **ഘട്ടങ്ങൾ** | **അനന്തരഫലം** | **കാരണം** |
| **ഒന്നാം ഘട്ടം** | താഴ്ന്ന വളർച്ചാനിരക്ക് (സാമൂഹ്യമായും സാങ്കേതികമായും പിന്നോക്കം നിൽക്കുന്ന രാജ്യങ്ങൾ) | ഉയർന്ന ജനന നിരക്കും ഉയർന്ന മരണ നിരക്കും |
| **രണ്ടാം ഘട്ടം** | ഉയർന്ന വളർച്ചാ നിരക്ക് (വികസ്വര രാജ്യങ്ങളിലെ പ്രത്യേകത ) | ഉയർന്ന ജനന നിരക്കും താഴ്ന്ന മരണ നിരക്കും |
| **മൂന്നാം ഘട്ടം** | താഴ്ന്ന വളർച്ചാനിരക്ക് (വികസിത രാജ്യങ്ങളിലെ പ്രത്യേകത) | താഴ്ന്ന ജനന നിരക്കും താഴ്ന്ന മരണ നിരക്കും |

## Population Explosion (ജനസംഖ്യാ വിസ്ഫോടനം)

- മരണ നിരക്ക് കുറയുകയും ജനന നിരക്ക് വർദ്ധിക്കുകയും ചെയ്യുമ്പോഴാണ് ജനസംഖ്യാ വിസ്ഫോടനമുണ്ടാവുന്നത്.
- രണ്ടാം സ്റ്റേജിലാണ് ഇത് കാണുന്നത്.

- ***മരണ നിരക്ക് കുറയുന്നതിനുള്ള കാരണങ്ങൾ***
  - ആധുനിയ രീതിയിലുള്ള രോഗ നിയന്ത്രണം,
  - പൊതു ജനാരോഗ്യ ശ്രദ്ധ,
  - മെച്ചപ്പെട്ട പോഷകാഹാരം

- ***ജനന നിരക്ക് വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ***
  - കുടുംബാസൂത്രണ പദ്ധതികളുടെ പോരായ്മ
  - മതപരമായ വിശ്വാസങ്ങൾ
  - ശൈശവ ചികിത്സാ സൗകര്യങ്ങൾ

www.rrvgirls.com

## പൊതുവായ ആശയങ്ങളും സൂചകങ്ങളും (Common concept and Indicators)

- **ജനന നിരക്ക് (Birth rate)**
  - ഒരു പ്രത്യേക പ്രദേശത്ത്, ഒരു പ്രത്യേക കാലയളവിൽ 1000 ദമ്പതിമാർക്ക് എത്ര കുട്ടികൾ ജനിക്കുന്നു.
- **മരണ നിരക്ക് (Death rate)**
  - ഒരു പ്രത്യേക പ്രദേശത്ത്, ഒരു പ്രത്യേക കാലയളവിൽ 1000 ആയിരം പേരിൽ എത്രപേർ മരിക്കുന്നു.
- **വളർച്ചാ നിരക്ക് (Growth rate)**
  - ജനന നിരക്കും മരണ നിരക്കും തമ്മിലുള്ള വ്യത്യാസമാണിത്.
  - ഇത് പൂജ്യ മാണെങ്കിൽ അതിനെ സ്ഥിരത കൈവരിച്ചു (Stabilised) അല്ലങ്കിൽ പുനസ്ഥാപിത നില (Replacement Level) എന്നുപറയും
- **ഫലപുഷ്ടി നിരക്ക് (Fertility rate)**
  - 15 മുതൽ 49 വയസ്സ് വരെ ഓരോ 1000 സ്ത്രീകൾക്കും ജനിക്കുന്ന കുട്ടികളുടെ എണ്ണം
- **Total Fertility rate**
  - ഒരു സ്ത്രീക്ക് ഉണ്ടായേക്കാവുന്ന ആകെ കുട്ടികളുടെ സാങ്കൽപ്പിക എണ്ണം.
- **ശിശു മരണ നിരക്ക് (Infant Mortality rate)**
  - 1000 കുട്ടികൾ ജനിക്കുമ്പോൾ ഒരു വയസ്സിനുള്ളിൽ എത്ര കുട്ടികൾ മരിക്കുന്നു.
- **മാതൃ മരണ നിരക്ക് (Maternal Mortality rate)**
  - 1000 പ്രസവങ്ങൾ നടക്കുമ്പോൾ എത്ര അമ്മമാർ മരിക്കുന്നു.
- **ആയുർ ദൈർഘ്യം (Life expectancy)**
  - ഒരു ശരാശരി മനുഷ്യൻ ജീവിച്ചിരിക്കുമെന്ന് കരുതുന്ന വർഷങ്ങളുടെ എണ്ണം.
- **ലിംഗാനുപാതം (Sex ratio)**
  - 1000 പുരുഷൻമാർക്ക് എത്ര സ്ത്രീകൾ
- **പ്രായ ഘടന (Age structure of PPn)**
  - മൊത്തം ജനസംഖ്യക്ക് ആപേക്ഷികമായി വിവിധ പ്രായ വിഭാഗത്തിലുള്ള വ്യക്തികളുടെ അനുപാതം.

- **ആശ്രിത നിരക്ക് (Dependency Ratio)**
    - 15 വയസ്സിന് താഴെയും 65 വയസ്സിന് മുകളിലുള്ളവരും ജനസംഖ്യയെ 15-64 പ്രായവിഭാഗത്തിൽപെട്ടവരുടെ ജനസംഖ്യ കൊണ്ട് ഹരിച്ചാൽ കിട്ടുന്ന അനുപാതം.

**ഇന്ത്യൻ ജനസംഖ്യയുടെ വലിപ്പവും വളർച്ചയും (Size and growth of Indian Population)**

- ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ
- 2011 ലെ സെൻസസ് പ്രകാരം 121 കോടി ജനങ്ങൾ
- ഇന്ത്യൻ ജനസംഖ്യയുടെ വളർച്ചാനിരക്ക് എല്ലായിപ്പോഴും ഉയർന്ന തോതിലല്ല.
- 1901- 1951 ൽ – ശരാശരി വാർഷിക വളർച്ച – 1.33% ആയിരുന്നു
- 1911-1921 – Negative growth –( -0.03%) – പകർച്ചാവ്യാതികൾ കാരണം
- സ്വാതന്ത്ര്യത്തിനു ശേഷം – വളർച്ചാ നിരക്ക് വർദ്ധിച്ചു 2.2% -1961- 1981
- ഇപ്പോൾ (1.25%) -2013
- പകർച്ചാവ്യാതികൾ നിയന്ത്രിക്കാൻ കഴിഞ്ഞതിനെ തുടർന്ന് 1921 ൽ മരണനിരക്ക് കുറഞ്ഞു.
- 1994 ൽ പ്ലേഗ് (സൂററ്റ്), ചിക്കുൻ ഗുനിയ -2006 എന്നീ രോഗങ്ങൾ വളർച്ചാ നിരക്ക് കുറച്ചു.

## Age structure of Indian Population

- ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും യുവാക്കളാണ്.
- ഇന്ത്യയിലെ ശരാശരി പ്രായം മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്.
- ഇത് ഇന്ത്യയെ സംബന്ധിച്ചടത്തോളം നേട്ടമാണ്
- ഇവിടെ ആശ്രിതർ കുറവും, ജോലിചെയ്യാൻ കെൽപ്പുള്ളവർ കൂടുതലുമാണ്
- രാജ്യത്തിന് വലിയ പുരോഗതി കൈവരിക്കാനുള്ള ഏറ്റവും നല്ല സമയമാണിത്

## Demographic dividend in India

- യുവാക്കളുടെ എണ്ണം കൂടുന്ന പ്രതിഭാസമാണിത്.
- 2020 ആകുമ്പോൾ ഇന്ത്യൻ ജനങ്ങളുടെ ശരാശരി വയസ്സ് 29 ആയിരിക്കും.
- ഇതേസമയം മറ്റു വികസിത രാജ്യങ്ങളിലെ അവസ്ഥ താഴെ പറയുംപ്രകാരമായിരിക്കും.
- In 2020- China and USA- 37, Western Europe-45, Japan -48
- ഇന്ത്യക്ക് ഏറ്റവും കൂടുതൽ നേട്ടങ്ങളുണ്ടാക്കാൻ പറ്റിയ സുവർണ്ണാവസരമാണിത്.
- ആശ്രിത അനുപാതം കുറയുന്നതിലൂടെ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ വിഹിതം മാറ്റിവെക്കാൻ ഇത് അവസരം നൽകുന്നു.

## Declining Sex ratio in India

- 2011 ലെ സെൻസസ് പ്രകാരം 1000 പുരുഷൻമാർക്ക് 940 സത്രീകളാണ് ഉള്ളത്.
- കേരളമാണ് മുന്നിൽ 1084 സ്ത്രീകൾ
- പഞ്ചാപിലാണ് ഏറ്റവും കുറവ് – 793 സ്ത്രീകൾ
- ഹരിയാന, ചത്തീസ്ഗഢ്, ഡൽഹി, ഗുജ്റാത്ത്, ഹിമാചൽപ്രദേശ് എന്നിവിടങ്ങളിൽ വളരെ കുറഞ്ഞ അനുപാതമാണുള്ളത്

**ലിംഗാനുപാതം കുറയാനുള്ള കാരണങ്ങൾ**

- മാതൃ മരണങ്ങൾ

- പോശകാഹാരത്തിൻറെ കുറവ്
- വിദ്യാഭ്യാസത്തിൻറെ കുറവ്
- പെൺകുട്ടികളോടുള്ള അവഗണന
- പെൺ ഭ്രൂണഹത്യ
- മതപരമായ വിശ്വാസങ്ങൾ
- സ്ത്രീധന സമ്പ്രദായം
- ഗ്രാമ നഗര വ്യത്യാസങ്ങൾ
- ഇന്ത്യയിൽ കൂടുതൽപേരും ഗ്രാമ വാസികളാണ്. -68.8%
- കൃഷിയാണ് ഭൂരിഭാഗം പേരുടേയും ഉപജീവനമാർഗ്ഗം.
- ഗ്രാമങ്ങളിൽ നഗരവത്കരണം നടന്നുകൊണ്ടിരിക്കുന്നു.

www.rrvgirls.com

## Population Policy in India

- കുടുംബാസൂത്രണ പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു ജനസംഖ്യാ നയമാണ് ഇന്ത്യയുടേത്.

**ലക്ഷ്യങ്ങൾ**

- സമൂഹത്തിന് അനുയോജ്യമായ രീതിയിൽ ജനസംഖ്യാ വളർച്ചയെ നിയന്ത്രിക്കുക.
- പലതരത്തിലുള്ള ജനന നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക.
- പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക.
- ജനസംഖ്യാപ്രശ്നത്തെകുറിച്ചും ആരോഗ്യ പ്രശ്നത്തെകുറിച്ചും ജനങ്ങളിൽ അവബോധം വളർത്തിയെടുക്കുക.
- 1975-76 ൽ ദേശീയ അടിയന്തിരാവസ്ഥ കാലത്ത് കുടുംമ്പാസൂത്രണ പദ്ധതിക്ക് തിരിച്ചടിയുണ്ടായി.
- ജനങ്ങളെ കൂട്ടത്തോടെ ബലം പ്രയോഗിച്ച് വന്ധ്യംകരണത്തിന് വിധേയരാക്കുന്ന പദ്ധതികൾ കൊണ്ടുവന്നു.
- ദരിദ്രരും നിരാലംബരുമായ ധാരാളം ജനങ്ങൾ നിർബന്ധപൂർവ്വം വന്ധ്യംകരണത്തിന് വിധേയരായി.
- പുരുഷൻമാർക്ക് വാസ്കൂമി, സ്ത്രീകൾക്ക് ട്യൂബക്ടമി എന്നീ ശസ്ത്രക്രിയകൾ നടത്തി.

### ഇന്ത്യയുടെ ജനസംഖ്യാശാസ്ത്രപരമായ നേട്ടങ്ങൾ

- ജനന നിരക്ക് കുറഞ്ഞു. ( 40.8 ൽ നിന്ന്  24.1 ആയി)
- ശിശു മരണ നിരക്ക് കുറഞ്ഞു. (148 ൽ നിന്ന് 58 ആയി)
- ഇണകളുടെ സംരക്ഷണ നിരക്ക് 4 ഇരട്ടി വർദ്ധിച്ചു.
- മരണ നിരക്ക് കുറഞ്ഞു (25 ൽ നിന്ന് 7.5 ആയി)
- ആയുർ ദൈർഘ്യം കൂടി (37 ൽ നിന്ന് 62 ആയി)
- കുടുംബാസൂത്രണത്തിൻറെ ആവശ്യകതയെകുറിച്ചും രീതികളെ കുറിച്ചും സാർവ്വത്രിക അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞു.
- ഫലപുഷ്ടി നിരക്ക് കുറഞ്ഞു.

## Unit III: Social Institution continuity and Change

**Caste & Caste System**
- Caste in Past
  - Main Features
- Colonialism & Caste
- Caste in Present

**Tribal Communities**
- Classification of Tribal Societies
  - Permanent Traits
  - Acquired Traits
- Tribe: The career of a concept
- Mainstream attitude towards Tribe
- National Development Vs. Tribal Development
- Tribal Identity today

**Family and Kinship**
- Forms of Family

### ജാതിയും ജാതിവ്യവസ്ഥയും (Caste and Castes ystem)

**ജാതി ആദ്യ കാലങ്ങളിൽ (Caste in Past)**

- ഇന്ത്യയിലെ പുരാതനമായ സാമൂഹിക സ്ഥാപനമാണ് ജാതി.
- ഇന്ത്യൻ സമൂഹത്തിൻറെ മാത്രം പ്രത്യേകതയാണിത്.
- ***'Casta'*** എന്ന പോർച്ചുഗീസ് വാക്കിൽനിന്നാണ് കാസ്റ്റ് ഉദ്ഭവിച്ചത്. ***'ശുദ്ധ ഇനം'*** എന്നാണ് ഇതിനർത്ഥം.

**സവിശേഷതകൾ**

- ജൻമ്മംകൊണ്ട് നിർണ്ണയിക്കപ്പെടുന്നു.
- സ്വഗണ വിവാഹം
- ആഹാരം, ആഹാരം പങ്കുവെക്കൽ എന്നിവയിലുള്ള നിയന്ത്രണങ്ങൾ
- ഉയർന്ന, താഴ്ന്ന പദവി നൽകിയുള്ള ശ്രേണീകരണം
- ഓരോ ജാതിക്കും ഉപജാതികൾ ഉണ്ടായിരിക്കും
- കുലത്തൊഴിൽ

**ജാതി രണ്ട് വ്യത്യസ്ഥ ആശയങ്ങളുടെ സങ്കലനമാണ്.**

- ***മറ്റു ജാതികളിൽനിന്നുള്ള വ്യത്യാസവും വേറിടലും (Deference and Separation)***
  - എല്ലാ ജാതിയും ഒരുപോലെ പ്രാധാന്യമുള്ളതല്ല.
- ***മൊത്തം സമൂഹത്തിൻറെ ഒരു ഭാഗം, അധികാരശ്രേണി. (Wholism and Hierarchy)***
  - എല്ലാ ജാതിക്കും ഒരു പ്രത്യേക പദവിയുണ്ട്
  - ഒരു ജാതി മറ്റുള്ള ജാതിയെ അപേക്ഷിച്ച് പദവി കുറഞ്ഞതോ, കൂടിയതോ ആവാം
  - ശുദ്ധ ജാതിക്ക് സമൂഹത്തിൽ ഉയർന്ന പദവി ഉണ്ടായിരുന്നു.

**=== അയ്യങ്കാളി ===**

- ജാതി വിവേചനത്തി നെതിരെ പോരാടി
- സാധുജന പരിപാലന സംഘം സ്ഥാപിച്ചു.
- ദളിതർക്ക് സ്കൂളിൽ പ്രവേശനം അനുവദിച്ചു
- ദളിതർക്ക് പൊതു നിരത്തിലൂടെയുള്ള സഞ്ചാര സ്വാതന്ത്ര്യം നേടിക്കൊടുത്തു.

**=== ജോതിറാവു ഫൂലെ ===**

- ജാതി വ്യവസ്ഥയെ തള്ളിപ്പറഞ്ഞു
- ശുദ്ധാശുദ്ധത്തെ എതിർത്തു.
- സത്യ ശോധക് സമാചം സ്ഥാപിച്ചു. -1873
- താഴ്ന്ന ജാതിക്കാരുടെ നീതിക്കും മനുഷ്യാവകാശത്തിനും വേണ്ടി പോരാടി.

**=== സാവത്രി ഭായ് ഫൂലെ ===**

- സ്ത്രീകൾക്കുവേണ്ടിയുള്ള പൂനെയിലെ ആദ്യ സ്കൂളിലെ ഹെഡ്മിസ്ട്രസ്സ്.
- ശൂദ്ര വിഭാഗക്കാരുടെ വിദ്യാഭ്യാസത്തിനായി പ്രയത്നിച്ചു.
- ശൂദ്രർക്കുവേണ്ടി രാത്രി സ്കൂളുകൾ ആരംഭിച്ചു.

### കോളനിവത്കരണവും ജാതിയും (Colonialism and Caste)

- കോളനിവത്കരണ കാലത്ത് ജാതിക്ക് വലിയ മാറ്റങ്ങൾ സംഭവിച്ചു.
- 1901 ൽ **ഹെർബർട്ട് റസ്ലിയു**ടെ നേത്രത്വത്തിൽ ജാതി സെൻസസ് നടന്നു.
- ജാതിയുടെ സാമൂഹ്യ ശ്രേണി (Social Hierarchy) അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ പദവികൾ നിർണ്ണയിച്ചു.
- ബ്രിട്ടീഷ് ഗവൺമെൻറ് നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥകൾ ഉന്നത ജാതികളുടെ പരമ്പരാഗത അവകാശങ്ങൾക്ക് നിയമപരമായ അംഗീകാരമേകി. ഇത് അവരെ ഭൂഉടമകളാക്കി.
- 1935 ൽ ഇന്ത്യാ ഗവൺമെൻറ് നിയമം പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർക്ക് പരിഗണന ലഭിക്കുന്നതിന് കാരണമായി.

**=== പെരിയാർ ഇ.വി. രാമ സ്വാമി നായ്ക്കർ ===**

- ദക്ഷിണ ഇന്ത്യയിലെ കീഴ്ജാതി പ്രസ്ഥാനങ്ങളുടെ നേതാവ്
- എല്ലാ മനുഷ്യരും തുല്ല്യരാണ്
- സമത്വവും സ്വാതന്ത്ര്യവും ജന്മാവകാശമാണ്.
- സ്വാഭിമാന പ്രസ്ഥാനത്തിന് (Self respect movement) രൂപം നൽകി.

## Caste in Present

- ജാതിക്ക് വലിയ മാറ്റങ്ങൾ  കൊണ്ടുവരുന്നതിൽ മേൽജാതി നേതാക്കളും താഴ്ജാതി നേതാക്കളും ഒരുപോലെ പ്രവർത്തിച്ചു.
- പശ്ചിമ ഇന്ത്യയിലെ മഹാത്മ ജോതിബാ ഫൂലെ, അംബേദ്കർ, ഗാന്ധിജി
- ദക്ഷിണേന്ത്യയിലെ അയ്യങ്കാളി, ശ്രീ.നാരായണ ഗുരു, പെരിയാർ
- അയിത്ത വിരുദ്ധ പരിപാടികൾ കോൺഗ്രസ്സ് അജണ്ടയിലെ പ്രധാന ഭാഗമായിത്തീർന്നു.
- ജാതിയെ ഒരു സാമൂഹിക തിന്മയായും ഇന്ത്യക്കാരെ ഭിന്നിപ്പിക്കാനുള്ള ഒരു കൊളോണിയൽ തന്ത്രമായും അവർ വിലയിരുത്തി.



www.rrvgirls.com

**സ്വാതന്ത്ര്യത്തിന് ശേഷം ജാതി**

- വ്യവസായ വത്കരണം, നഗരവത്കരണം, ആധുനിക വിദ്യാഭ്യാസം എന്നിവ ജാതിയിൽ മാറ്റങ്ങളുണ്ടാക്കി.
- വ്യവസായ ശാലകളിൽ വിവിധ ജാതിയിൽപെട്ടവർ ഒന്നിച്ച് ജോലിചെയ്തു.
- വിദ്യാലയങ്ങളിൽ വിവിധ ജാതിയിൽപെട്ടവർ ഒന്നിച്ചിരുന്ന് പഠിച്ചു.
- ജാതിയും രാഷ്ട്രീയവും തമ്മിലുള്ള ബന്ധം ശക്തിയാർജ്ജിക്കുകയും തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ജാതി നിർണ്ണായക ശക്തിയായി മാറുകയും ചെയ്തു.
- രാഷ്ട്രീയ ലക്ഷ്യങ്ങൾകൈവരിക്കുന്നതിന് ജാതി ഉപയോഗിച്ചു.
- 1980 കൾ മുതൽ ജാതി അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ പാർട്ടികൾ ഉയർന്നുവന്നു.

**സംസ്കൃത വത്കരണം (Sanskritisation)**

- എം.എൻ. ശ്രീനിവാസൻറെ ആശയമാണിത്.
- കീഴ്ജാതിയിലെ അംഗങ്ങൾ അവരുടെ സ്വന്തം സാമൂഹിക പദവി ഉയർത്തുന്നതിനുവേണ്ടി മേൽജാതിക്കാരുടെ ആചാരങ്ങളും ജീവിത രീതികളും, സാമൂഹ്യ സമ്പ്രദായങ്ങളും സ്വീകരിക്കുന്ന പ്രക്രിയയാണ് സംസ്കൃത വത്കരണം.
- താഴ്ന്ന ജാതി ഉയർന്ന ജാതിയിലേക്ക് ചലിക്കുന്ന പ്രക്രിയയാണിത്.
- അനുകരണത്തിലൂടെയാണ് ഇത് നേടിയെടുക്കുന്നത്.

**പ്രബല ജാതി (Dominant Caste)**

- എം.എൻ. ശ്രീനിവാസൻറെ ആശയമാണിത്.
- സ്വതന്ത്ര്യാനന്തരം നടപ്പിലാക്കിയ ഭൂ പരിഷ്കരണങ്ങളിലൂടെ ഭൂ ഉടമസ്ഥാവകാശം ലഭിച്ച വലിയ ജനസംഖ്യയുള്ള ജാതികളാണ് പ്രബല ജാതികൾ.
- സംഖ്യാബലവും, ഭൂഉടമസ്ഥ വഴിയുള്ള സാമ്പത്തികശക്തിയും, രാഷ്ട്രീയാധികാരവുമുള്ള ജാതികളാണിത്.
    - യാദവർ (ഉത്തർപ്രദേശ്, ബീഹാർ)
    - വോക്കലിങ്കന്മാർ (കർണ്ണാടക)
    - റെഡ്ഢി, ഖമ്മൻ (ആന്ധ്രാപ്രദേശ്)
    - മറാഠികൾ (മഹാരാഷ്ട്ര)
    - ജാട്ടുകൾ (പഞ്ചാബ്, ഹരിയാന, പടിഞ്ഞാറെ ഉത്തർപ്രദേശ്)
    - പട്ടിദാർമ്മാർ (ഗുജ്റാത്ത്)

**സ്ഥലത്തില്ലാത്ത ഭൂഉടമകൾ (Absentee Landlords)**

- ഭൂ പരിഷ്കരണ നിയമങ്ങൾ വൻകിട ജന്മിമാരുടെ ഭൂഉടമസ്ഥാവകാശം എടുത്തുകളഞ്ഞു.
- ഇവർ പാട്ടം അവകാശപ്പെടുക എന്നതൊഴികെ കാർഷിക സമ്പദ് വ്യവസ്ഥയിൽ ഒരു പങ്കും വഹിച്ചിരുന്നില്ല.
- ഇവർ നഗരങ്ങളുലും പട്ടണങ്ങളിലുമാണ് കേന്ദ്രീകരിച്ചിരുന്നത്.

**=== ശ്രീ. നാരായണഗുരു ===**

- സർവ്വ സാഹോദര്യം പ്രചരിച്ചു.
- ഇഴവർക്കിടയിലെ അനാചാരങ്ങൾ തുടച്ചുമാറ്റാൻ ശ്രമിച്ചു.

- SNDP ക്ക് രൂപം നൽകി.
- ഒരുമതം, ഒരുജാതി, ഒരു ദൈവം മനുഷ്യന് എന്ന ആശയം പ്രചരിച്ചു.

**=== എം.എൻ. ശ്രീനിവാസൻ ===**

- സംസ്കൃതവത്കരണം, പ്രബലജാതി എന്നീ സങ്കൽപ്പങ്ങൾ കൊണ്ടുവന്നു.
- 'The Remembered Village' – എന്ന് പുസ്തകം സാമൂഹ്യനരവംശ ശാസ്ത്രത്തിലെ അറിയപ്പെടുന്ന ഗ്രാമ പഠനങ്ങളിലൊന്നാണ്.
- **ഉപരിജാതി വിഭാഗക്കാർക്ക് ജാതി അപ്രധാനവും അതൃശ്യവുമാണ്, എന്നാൽ കീഴ്ജാതിക്കാർക്ക് ജാതി പ്രധാനവും ദൃശ്യവുമാണ്.**
  - ഉന്നത ജാതികളിലും (Upper caste) നഗരങ്ങളിലെ മധ്യ ഉന്നത വർഗ്ഗങ്ങളിലും ജാതി അദൃശ്യമായ (invisible) ഒന്നാണ്.
  - ജാതികൊണ്ടുള്ള നേട്ടങ്ങളെല്ലാം അവർ അനുഭവിച്ച് കഴിഞ്ഞിരുന്നു
  - ഗവൺമെൻ നടപ്പിലാക്കിയ ധാരാളം പദ്ധതികൾ പൂർണ്ണമായും മുതലെടുക്കാൻ ഇവർക്ക് കഴിഞ്ഞു.
  - ജീവിത സഹായം നേടാൻ ഇവർക്ക് ജാതിയുടെ ആവശ്യം ഉണ്ടായിരുന്നില്ല.
- താഴ്ന്ന ജാതിക്കാർക്ക് (Lower caste) ജാതി ദൃശ്യമായ ഒന്നായിരുന്നു.
  - അവസരങ്ങൾ കരസ്ഥമാക്കാൻ ജാതിയല്ലാതെ മറ്റൊന്നും ഇവർക്ക് ഉണ്ടായിരുന്നില്ല.

## Tribal Communities (ഗോത്ര സമുദായങ്ങൾ)

- ഇന്ത്യൻ  ഉപഭൂഖണ്ഢത്തിലെ ആദിമവാസികളിൽ ഏറ്റവും പഴക്കമുള്ള സമുദായങ്ങളാണിത്.
- ***പ്രത്യേകതകൾ***
  - ഒരു പ്രത്യേക മതമോ, മതാനുഷ്ഠാനങ്ങളോ ഉണ്ടായിരുന്നില്ല
  - രാഷ്ട്രമോ, രാഷ്ട്രീയ സംവിധാനങ്ങളോ ഉണ്ടായിരുന്നില്ല.
  - വർഗ്ഗ വിഭജനം നിലനിന്നിരുന്നില്ല.
  - പ്രത്യേക ജാതി ഉണ്ടായിരുന്നില്ല
  - ഇവർ ഹിന്ദുക്കളോ, കർഷകരോ ആയിരുന്നില്ല.

**ഗോത്ര സമുദായങ്ങളുടെ വർഗ്ഗീകരണം.**

- സ്ഥിര സവിശേഷതകൾ
- ആർജ്ജിത സവിശേഷതകൾ

www.rrvgirls.com

### സ്ഥിര സവിശേഷതകൾ (Permanent Traits)

- ദേശം, ഭാഷ, കായിക സവിശേഷതകൾ, പാരിസ്ഥിതിക വാസസ്ഥലം.
- ***ദേശാടിസ്ഥാനത്തിൽ***
  - ഗോത്ര ജനതയിൽ 85% വും മധ്യ ഇന്ത്യയിലാണ് താമസിക്കുന്നത്.
  - 11 % വടക്കുകിഴക്ക് സംസ്ഥാനങ്ങളിൽ
  - 3 % മറ്റു സ്ഥലങ്ങളിലായി കാണുന്നു.
  - ആസ്സാം ഒഴികെ എല്ലാ വട്ക്കുകിഴക്ക് സംസ്ഥാനങ്ങളിലും മൊത്തം ജനസംഖ്യയിൽ 30 % ഗോത്രവർഗ്ഗക്കാരാണ്.

  - അരുണാചൽപ്രദേശ്, മേഘാലയ, മിസ്സോറാം, നാഗാലാൻറ്എന്നീ സംസ്ഥാനങ്ങളിൽ 60 % മുതൽ 90 % വരെ ഗോത്ര വർഗ്ഗക്കാരാണ്.

- ***ഭാഷാടിസ്ഥാനത്തിൽ***
  - 4 വിഭാഗങ്ങളായി തരംതിരിക്കുന്നു.
    - ഇൻറോ ആര്യൻ
    - ദ്രാവിഡർ
    - ആസ്ട്രിക്
    - ടിബറ്റോ ബർമ്മൻ

- ***കായികവും വംശീയവുമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ***
- 5 ആയി തരംതിരിച്ചിരിക്കുന്നു.
    - നെഗ്രിറ്റോ
    - ആസ്ട്രലോയിഡ്
    - മംഗളോയിഡ്സ്
    - ദ്രാവിഡർ
    - ആര്യൻ

- ***വലിപ്പാടിസ്ഥാനത്തിൽ***
    - 70 ലക്ഷത്തിലേറെ അംഗങ്ങളുള്ള വലിയ ഗോത്രങ്ങളും, 100 പേരിൽ താഴെയുള്ള ചെറിയ ഗോത്രങ്ങളും ഇന്ത്യയിലുണ്ട്.
    - ഖോണ്ഡ്, ഭിൽ, സന്താൾ, ഒറാവോൻ, മീന, ബോഡോ, മുണ്ഢ എന്നിവയാണ് വലിയ ഗോത്രങ്ങൾ.

**ആർജ്ജിത സവിശേഷതകൾ (Acquired traits)**

- ഉപജീവനമാർഗ്ഗം, ഹൈന്ദവ സമൂഹത്തിലേക്കുള്ള സംയോജനം, ഇവരണ്ടിൻറേയുംസങ്കലനം.

***ഉപജീവനമാർഗ്ഗത്തിൻറെ അടിസ്ഥാനത്തിൽ***

  - മീൻപിടുത്തക്കാർ
  - ഭക്ഷണം ശേഖരിക്കുന്നവർ
  - നായാട്ടുകാർ
  - സ്ഥലമാറ്റ കൃഷിക്കാർ
  - തോട്ടപ്പണിക്കാർ
  - വ്യാവസായിക തൊഴിലാളികൾ

**ഹൈന്ദവ സമൂഹത്തിലേക്കുള്ള സംയോജനത്തിൻറെ അടിസ്ഥാനത്തിൽ**

  - ഹിന്ദുമതത്തെ എതിർക്കുന്നവരും അനുകൂലിക്കുന്നവരുമുണ്ട്
  - പിന്നോക്ക ഹിന്ദുക്കളായി പരിഗണിക്കുന്നു. -താഴ്ന്ന പദവി
  - ചിലതിന് ഉയർന്ന പദവി നൽകാറുണ്ട്.

## ഗോത്രം – ആശയം (Tribe: the career of a Concept)

- 1960 കളിൽ ഗോത്രസങ്കൽപ്പങ്ങളെകുറിച്ച് പണ്ഡിതൻമാർക്കിടയിൽ ഒരു സംവാദമുണ്ടായി

**വിഭാഗം 1**

- ഗോത്രം ജാതിയധിഷ്ഠിതമായ കർഷക സമൂഹത്തിൻറെ തുടർച്ചയാണ്.
- സാമൂഹിക വിഭജനം കുറഞ്ഞതോതിലെ നിലനിന്നിരുന്നൊള്ളൂ.
- വിഭവങ്ങളുടെ ഉടമസ്ഥാവകാശം സമുദായങ്ങൾക്കായിരുന്നു.

**വിഭാഗം 2**

- ഗോത്രങ്ങൾ ജാതികളിൽനിന്ന് പൂർണ്ണമായും വ്യത്യസ്ഥമായിരുന്നു.
- ശുദ്ധിഅശുദ്ധി സങ്കൽപ്പങ്ങൾ ഗോത്രങ്ങളിൽ നിലനിൽക്കുന്നില്ല.
- ഹൈന്ദവ ജാതികളിലെ ശ്രേണീകരണവുമില്ല.
- അതിനാൽ ഗോത്രസമൂഹവും ജാതിയും തികച്ചും വ്യാത്യസ്ഥമാണ്.

- 1970 കളോടെ ഗോത്രത്തെകുറിച്ചുള്ള എല്ലാ പ്രധാന നിർവ്വചനങ്ങളും തെറ്റാണെന്ന് തെളിയിച്ചു.
- വലിപ്പം, ഒറ്റപ്പെടൽ, മതം, ഉപജീവനമാർഗ്ഗം തുടങ്ങിയ പൊതുമാനദണ്ഡങ്ങളെല്ലാം ഈ ധാരണ തെറ്റാണെന്ന് സ്ഥാപിച്ചു.
- ഉദാഹരണം.
    - സാന്താൾ, ഗോണ്ടുകൾ, ഭില്ലുകൾ തുടങ്ങിയ ചില ഇന്ത്യൻ ഗോത്രങ്ങൾ വലിയവലിപ്പമുള്ളവയായിരുന്നു.
    - മുണ്ഡ, ഹോ – കർഷകരായിരുന്നു.
    - ബിൾഹോറുകൾ നായാടികളായിരുന്നു, ഇവർ കുട്ട നെയ്യാനും എണ്ണയാട്ട് ജോലിചെയ്യാനും തുടങ്ങി.

## ഗോത്ര വിഭാഗങ്ങൾ എങ്ങിനെ ഹിന്ദു സമൂഹത്തിൻറെ ഭാഗമായി?

- 3 കാരണങ്ങളിലൂടെ
    - സംസ്കൃതവത്കരണം (Sanskritisation)
    - സംസ്കാര സംക്രമണം (Acculturation)
    - ഹൈന്ദവർ അക്രമണത്തിലൂടെ ശൂദ്ര വിഭാഗത്തിലേക്ക് പരിവർത്തനംചെയ്തു.

## ഗോത്രങ്ങളോടുള്ള മുഖ്യധാരാ സമൂഹത്തിന്റെ മനോഭാവം (Mainstream attitude towards Tribe.)

- ചൂഷണാത്മക മനോഭാവമായിരുന്നു.
- ഒരിക്കലും പഴയ ജീവിതത്തിലേക്ക് തിരിച്ചുപോകാൻ കഴിയാത്ത വിധത്തിലുള്ള രാഷ്ട്രീയസാമ്പത്തിക മാറ്റങ്ങൾക്ക് കോളനി കാലഘട്ടത്ത് ഗോത്രങ്ങൾ വിധേയമായി.
- പണമിടപാടുകാർ ചൂഷണം ചെയ്തു.
- ഭൂമി നഷ്ടപ്പെട്ടു.
- ഗവൺമെൻറ് വനത്തിലേക്കുള്ള സ്വതന്ത്ര പ്രവേശനം നിയമം മൂലം തടഞ്ഞു.

## Isolation versus integration debate on Tribe

### Isolationist View

- ***വെറിൻ എൽവിൻ***
- ഗോത്രവർഗ്ഗക്കാരെ മുഖ്യധാരാ സമൂഹത്തിൽനിന്ന് വേർത്തിരിച്ച് നിർത്തണം.
- വ്യാപാരികൾ, പണമിടപാടുകാർ, ഹിന്ദുകൃസ്ത്യൻ മിഷിനറിമാർ എന്നിവരിൽനിന്ന് അവർക്ക് സംരക്ഷണമേകണം.
- ഗോത്രവർഗ്ഗക്കാരെ ഭൂരഹിത തൊഴിലാളികളാക്കാനാണ് ഇവർശ്രമിച്ചുകൊണ്ടിരിക്കുന്നത്.
- മുഖ്യധാരാ സമൂഹവുമായുള്ള ബന്ധം ഗോത്ര വർഗ്ഗങ്ങളുടെ വിനാശത്തിന് കാരണമാവും.

### Integrationist View

- ***ജി. എസ്. ഖുര്യേ***
- ഗോത്രവർഗ്ഗക്കാർ ഹൈന്ദവ സമൂഹത്തിൻറെ ഭാഗമാണ്.
- ജി. എസ്. ഖുര്യേ അവരെ പിന്നോക്ക ഹിന്ദുക്കൾ എന്നാണ് വിളിച്ചത്.
- ഗോത്രവർഗ്ഗക്കാരെ മുഖ്യധാരാ ഹൈന്ദവ സമൂഹത്തിൻറെ ഭാഗമാക്കണം.
- പിന്നോക്ക ഹിന്ദുക്കളായതിനാൽ മറ്റു പിന്നോക്കർക്കു നൽകുന്ന അതേ പരിഗണന അവർക്കു നൽകണം.

### ദേശീയ വികസനവും ഗോത്ര വകസനവും (National Development versus Tribal Development)

- വികസനത്തിൻറെ പേരിൽ ഗോത്രവർഗ്ഗങ്ങളെ ചൂഷണം ചെയ്തു.
- ജലവൈദ്യുത പദ്ധതികൾ,
- ഡാമുകളുടെ നിർമ്മാണം,
- ധാതു വിഭവങ്ങളുടെ ചൂഷണം
- വന നശീകരണം.
- പുറത്തുനിന്നുമുള്ളവരുടെ കുടിയേറ്റം
- എന്നിവ ഗോത്ര പ്രദേശങ്ങളെ കേന്ദ്രീകരിച്ചായിരുന്നു.

www.rrvgirls.com

### ഇന്നത്തെ ഗോത്ര സ്വത്വങ്ങൾ (Tribal Identtiy Today)

- ഗോത്രങ്ങളുടെ തനതായ സവിശേഷതകൾ മറ്റുള്ളവരുമായുള്ള ഇടപെടലിലൂടെ അവർക്ക് നഷ്ടമായി.
- മുഖ്യധാരാ സമൂഹവുമായുള്ള പരസ്പര പ്രവർത്തനത്തിലൂടെയാണ് ഇന്നത്തെ ഗോത്ര സത്വങ്ങൾ രൂപംകൊണ്ടത്.
- ഗോത്രസ്വത്വങ്ങൾ തിരിച്ചുപടിക്കുന്നതിനായി സമര പോരാട്ടങ്ങൾ നടന്നു.
- ജാർഖണ്ഡ്, ഛത്തീസ്ഖഢ് – സംസ്ഥാന പദവി നേടിയെടുത്തു.
- വടക്കുകിഴക്ക് സംസ്ഥാനങ്ങൾ നിരവധി സായുധ കലാപങ്ങൾക്ക് സാക്ഷ്യം വഹിച്ചു.
- വിദ്യാഭ്യാസ രംഗത്തെ സംവരണം ഗോത്രവർഗ്ഗക്കാർക്കിടയിൽ മധ്യവർഗ്ഗത്തിൻറെ ആവിർഭാവത്തിന് കാരണമായി.

## Family and Kinship

- സമൂഹത്തിൻറെ ഏറ്റവും ചെറിയ യൂണിറ്റാണ് കുടുംമ്പം.
- ഇത് അണുകുടുംമ്പമോ കൂട്ടു കുടുംമ്പമോ ആവാം
- പിതൃ മേധാവിത്വമോ, മാതൃ മേധാവത്വ കുടുംമ്പമോ ആവാം.
- വംശ പാരമ്പര്യം പിതൃദായമോ, മാതൃദായമോ ആവാം.

| കുടുംബത്തിന്റെ വിവിധ രൂപങ്ങൾ (Forms of family) | | |
|---|---|---|
| ഘടന | അച്ചൻ, അമ്മ, കല്ല്യാണം കഴിക്കാത്ത കുട്ടികൾ എന്നിവർ ഒന്നിച്ചു താമസിക്കുന്നു. | അണുകുടുംബം (Nucliar Family) |
| | മൂന്നു തലമുറ ഒന്നിച്ച് താമസിക്കുന്നു. | കൂട്ടുകുടുംബം (Joint family) |
| സ്ഥലം | പുതുതായി വിവാഹംചെയ്ത ദമ്പദികൾ വരന്റെ വീട്ടിൽ സ്ഥിരമായി ഒന്നിച്ചു താമസിക്കുന്നു. | പിതൃസ്ഥാനീയം (Patrilocal) |
| | പുതുതായി വിവാഹംചെയ്ത ദമ്പദികൾ വധുവിന്റെ വീട്ടിൽ സ്ഥിരമായി ഒന്നിച്ചു താമസിക്കുന്നു. | മാതൃസ്ഥാനീയം (Matrilocal) |
| അധികാരം | പുരുഷൻമാർക്ക് അധികാരവും മേധാവിത്വവുമുള്ള കുടുംബം | പിതൃ മേധാവിത്വ കുടുംബം (Patriarchal Family) |
| | സ്ത്രീകൾക്ക് അധികാരവും മേധാവിത്വവുമുള്ള കുടുംബം | മാതൃ മേധാവിത്വ കുടുംബം (Matriarchal Family) |
| പൈതൃകം | പിതാവിലൂടെ മക്കളിലേക്ക് പൈതൃകം കൈമാറ്റം ചെയ്യുന്നു. | പിതൃദായക്രമം (Patrilienial) |
| | മാതാവിലൂടെ മക്കളിലേക്ക് പൈതൃകം കൈമാറ്റം ചെയ്യുന്നു. | മാതൃദായക്രമം (Matrilienial) |

# Unit IV: The Market as a Social Institution

- **What is Market**
- **Sociological Perspective on Markets and Economy**
  - Adam Smith's view
    - Invisible hand
    - Free market
- **Weekly 'Tribal Market'**
  - Changes in Tribal market
  - Social Importance of Markets – Alfred Gell
- **Caste-based Markets and Trading Networks in Pre-colonial and Colonial India**
  - Pre-colonial India
    - Nattukotta chettiyars
    - Nagarathar Banks
    - Social Organisation of Market
- Colonial India
- **Capitalism as a Social System**
- **Commodification and Consumption**
- **Globalization – Interlinking of Local, Regional, National and International Markets**
- **Debate on Liberalisation – Market versus State**

## Market (എന്താണ് വിപണി?)

- സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സ്ഥലം.
- വാങ്ങുന്നവരും വിൽക്കുന്നവരുമായ ജനങ്ങളുടെ ഒത്തുചേരൽ.
- വ്യാപാര ബിസിനസ്സ് മേഖല

## Sociological Perspective on Market and the Economy

- **ആഡം സ്മിത്ത്.** – 'The wealth of nations'
- വ്യക്തിപരമായ കൈമാറ്റങ്ങളുടെ ഒരു പരമ്പരയാണ് കമ്പോള വ്യവസ്ഥയെ സൃഷ്ടിക്കുന്നത്.
- കമ്പോള സമ്പദ് വ്യവസ്ഥ വ്യക്തികൾ ബോധപൂർവ്വം സൃഷ്ടിക്കുന്നതല്ല.
- ഓരോ വ്യക്തിയും സ്വന്തം താൽപര്യം മത്രമാണ് നോക്കുന്നത്.
- എന്നാൽ സ്വന്തം താൽപര്യം നേടിയെടുക്കാൻ ശ്രമിക്കുമ്പോൾ സമൂഹത്തിൻറെ താൽപര്യങ്ങളും സംരക്ഷിക്കപ്പെടുന്നു.
- അതായത് വ്യക്തികൾ അവരുടെ ഗുണത്തിന് വേണ്ടി ചെയ്യുന്ന കാര്യങ്ങൾ സമൂഹത്തിന് ഗുണകരമായി മാറുന്നു.

### അദൃശ്യ കരം (Invisible Hand)

- മുതലാളിത്ത സമ്പദ് വ്യവസ്ഥയെ മുന്നോട്ട് കൊണ്ട് പോവുന്ന് വ്യക്തിയുടെ സ്വാർത്ഥ താൽപര്യങ്ങളാണ്.
- വ്യക്തികൾ വിപണിയിൽ അവരുടെ സ്വന്തം താൽപര്യങ്ങളനുസരിച്ച് പ്രവർത്തിക്കുമ്പോൾ സമൂഹത്തിന്കൂടി അത് പ്രയോജനകരമായിത്തീരുന്ന തരത്തിൽ ഒരു അദൃശ്യകരം പ്രവർത്തിക്കുന്നു.
- വ്യക്തികളുടെ സ്വാർത്ഥ താൽപര്യം സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും കൂടുതൽ സമ്പത്തുണ്ടാവുകയും ചെയ്യുന്നു.

### സ്വതന്ത്ര വിപണി.

- രാഷ്ട്രത്തിൻറേയോ, മറ്റേതെങ്കിലും ഏജൻസികളുടേയോ യാതൊരുതരത്തിലുള്ള നിയന്ത്രണങ്ങളുമില്ലാത്ത വിപണിയാണിത്.

- സ്വതന്ത്ര വിപണിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ആഡംസ്മിത്തിൻറെ ദർശനത്തെ **Laissez-Faire Theory** എന്നുപറയുന്നു.
- **Laissez-Faire** എന്നതിനർത്ഥം ***'തനിയെവിടുക', 'പ്രവർത്തിക്കാൻ അനുവദിക്കുക'*** എന്നാണ്.

**ആധുനിക സാമ്പത്തിക ശാസ്ത്രം പറയുന്നു.**

- സമ്പത് വ്യവസ്ഥയെ സമൂഹത്തിൻറെ ഒരു വേറിട്ട ഭാഗമായാണ് പഠിക്കേണ്ടത്.
- സമ്പത് വ്യവസ്ഥ അതിൻറെ സ്വയം നിയമങ്ങൾക്കനുസരിച്ചാണ് പ്രവർത്തിക്കുന്നത്.
- വിപണികൾ പ്രവർത്തിക്കുന്ന സാമൂഹികരാഷ്ട്രീയ പശ്ചാതലത്തെ അത് പരിഗണിക്കുന്നില്ല.

**സാമൂഹിക ശാസ്ത്രജ്ഞർ പറയുന്നു**

- വിപണികൾ സാമൂഹിക സ്ഥാപനങ്ങളാണ്.
- സാമ്പത്തിക സ്ഥാപനങ്ങളെ സാമൂഹികമായ ചട്ടക്കൂടിനകത്ത് നിന്നുകൊണ്ട് പഠിക്കണം.
- പ്രത്യേക സാംസ്കാരിക മാർഗ്ഗങ്ങളിലൂടെയാണ് വിപണികൾ രൂപപ്പെട്ടത്.
- വിപണികൾക്ക് മറ്റു സ്ഥാപനങ്ങളുമായും, പ്രക്രിയകളുമായും, ഘടനയുമായും ബന്ധമുണ്ട്.
- സമ്പദ് വ്യവസ്ഥകൾ സമൂഹത്തിൽ ഉറച്ചവയാണ്.
- ഉദാഹരണം. ഗോത്ര വർഗ്ഗ ആഴ്ച ചന്ത, പരമ്പരാഗത ബിസ്സിനസ് സമുദായം

## Weekly Tribal market (ഗോത്ര ആഴ്ച ചന്തകൾ)

- കർഷക സമൂഹങ്ങളുടെ സാമൂഹ്യ സാമ്പത്തിക സംവിധാനത്തിൻറെ ഒരു കേന്ദ്ര സവിശേഷതയാണിത്.
- ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ ജനങ്ങളെ ഇത് ഒന്നിച്ചു നിർത്തുന്നു.
- തങ്ങളുടെ കാർഷികോത്പാദനങ്ങൾ വിറ്റഴിക്കാനും, അവരുടെ ഗ്രാമങ്ങളിൽ ലഭ്യമല്ലാത്ത സാധനങ്ങൾ വാങ്ങുന്നതിനുമാണ് അവർ ചന്തകളിലെത്തുന്നത്.
- വ്യാപാരികൾ, പണമിടപാടുകാർ, കലാപ്രകടനക്കാർ, ജോത്സ്യൻമാർ തുടങ്ങിയവരുടെ സംഗമമായിരുന്നു ഇവിടെ
- പലതരം ഉത്പന്നങ്ങളും വസ്തുക്കളും കൈമാറ്റം ചെയ്യപ്പെട്ടു.
- നിർമ്മിത വസ്തുക്കൾ, ഭക്ഷ്യ വസ്തുക്കൾ, കരകൗശല വസ്തുക്കൾ, വന വിഭവങ്ങൾ
    - ഉദാഹരണം. കാലിച്ചന്തകൾ, Tribal market in Dohrai

**ഗോത്ര ആഴ്ച ചന്തകളിൽ വന്ന മാറ്റങ്ങൾ**

- ഗോത്രവർഗ്ഗ പ്രദേശങ്ങൾ ക്രമേണ പ്രാദേശികവും ദേശീയവുമായ സമ്പദ് വ്യവസ്ഥകളുമായി സംയോജിക്കപ്പെട്ടു.
- വന വിഭവങ്ങളും ധാതുക്കളും ചൂഷണംചെയ്യാൻ കൊളോണിയൽ ഭരണാധികാരികൾ ശ്രമിച്ചു.
- ഇവർ ഗോത്ര മേഖലകളിലേക്ക് റോഡുകൾ പണിതു.
- പുറമെനിന്ന് ധാരാളം പേർ ഗോത്ര മേഖലകളിലേക്ക് വന്നു. വനവിഭവങ്ങൾ അവർ വിലക്കുവാങ്ങി.

- കൊളോണിയൽ കാലഘട്ടത്തിൽ തോട്ടങ്ങളിലും ഖനികളിലും പണിയെടുക്കുന്നതിനുവേണ്ടി ഗോത്രവർഗ്ഗക്കാരെ തൊഴിലാളികളായി നിയമിച്ചു.
- വലിയ വിപണികളുമായി ഗോത്രസമ്പദ്ഘടന കൂട്ടിയോജിപ്പിച്ചു.
- മണ്ണും, വിഭവങ്ങളും നഷ്ടപ്പെട്ട ഗോത്ര വർഗ്ഗക്കാർ കൊടും പട്ടിണിയിലായി.

**വിപണിയുടെ സാമൂഹ്യ പ്രാധാന്യം – ആൽഫ്രഡ് ഗെൽ.**

- സാമ്പത്തിക പ്രവർത്തനങ്ങളെക്കാൾ വലിയ പ്രാധാന്യം വിപണികൾക്കുണ്ട്.
- വിപണിയുടെ രൂപരേഖയിൽ ആ പ്രദേശത്തെ സാമൂഹിക വിഭാഗങ്ങൾക്കിടയിലുള്ള ശ്രേണികരണം കാണാം.
- ഓരോ സാമൂഹ്യ വിഭാഗത്തിനും വിപണിയിൽ ഇടം ലഭിക്കുന്നതിന് ജാതി ശ്രേണിയിലും സാമൂഹ്യ ശ്രേണിയിലും അവർക്കുള്ള സ്ഥാനത്തിൻറെ അടിസ്ഥാനത്തിലാണ്.
  - സമ്പന്നർ, രജപുത്ര ആഭരണ വ്യാപാരികൾ, പ്രാദേശിക ഹിന്ദു വ്യാപാരികൾ എന്നിവർ വിപണിയുടെ കേന്ദ്ര സ്ഥാനങ്ങളിലാണ്.
  - ഗോത്ര വർഗ്ഗക്കാർക്ക് കേന്ദ്ര വലയത്തിന് പുറത്തായിരുന്നു സ്ഥാനം.

## Caste based Markets and trading networks in Pre colonial and Colonial India.

- പുരാതന ഇന്ത്യയിൽ അനേകം ഗ്രാമ സമുദായങ്ങളാണ് ഉണ്ടായിരുന്നത്.
- അവ സ്വയം പര്യാപ്തമായിരുന്നു.
- വിപണികൾക്ക് സമ്പദ് വ്യവസ്ഥയിൽ ഒരു സ്ഥാനവും ഉണ്ടായിരുന്നില്ല.
- കോളനി വത്കരണത്തിൻറെ ഫലമായി വ്യാപകമായ കൈമാറ്റ ശൃംഖലയുടെ ഭാഗമായി സമ്പദ് വ്യവസ്ഥ മാറി.
- ഇതോടെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ തകർന്നു.

### Pre- Colonial India യുടെ പ്രത്യേകതകൾ

- പണം ഉപയോഗിച്ച് വ്യാപാരം നടത്തിയിരുന്നു
- വളരെ വിശാലമായ വ്യാപാര ശൃംഖല ഉണ്ടായിരുന്നു.
- വിദേശവുമായി ബന്ധമുള്ള ബാങ്കിങ് സിസ്റ്റം.
- ഇന്ത്യൻ വ്യാപാര സമുദായങ്ങൾക്ക് അവരുടേതായ ബാങ്കിങ് സംവിധാനം ഉണ്ടായിരുന്നു.
- വായ്പ്പക്കും കൈമാറ്റത്തിനുമായി അവർ 'ഹുണ്ടി' (കൈമാറ്റ ബിൽ) ഉപയോഗിച്ചിരുന്നു.
  - ദൂരദേശ വ്യാപാരത്തിൽ ഏർപ്പെടാൻ ഇത് വ്യാപാരികളെ സഹായിച്ചു.
- നാട്ടുകോട്ടചെട്ട്യാർമാർ തമിഴ്നാട്ടിലെ പ്രശസ്തമായ വാണിജ്യ സമുദായമായിരുന്നു.
- അവർക്ക് ജാതി അടിസ്ഥാനത്തിൽ ഒരു ബാങ്കിങ് സമ്പ്രദായവും വിപുലമായ വ്യാപാര ശൃംഖലയുമുണ്ടായിരുന്നു. **(നഗരത്താർ ബാങ്കുകൾ)**
- ഇവരുടെ ബാങ്കുകൾ കൂട്ടുകുടുംബ സ്ഥാപനങ്ങളായിരുന്നു.
- വാണിജ്യബാങ്കിങ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നതും ജാതി ബന്ധങ്ങളിലൂടെയും ബന്ധുത്വ ബന്ധങ്ങളിലൂടെയുമായിരുന്നു.

www.rrvgirls.com

**വിപണികളുടെ സാമൂഹിക സംഘടന (Social Organisation of Market)**

- ജാതി വ്യവസ്ഥയും സമ്പദ് വ്യവസ്ഥയും തമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നു.
- ഇന്ത്യയിലെ പരമ്പരാഗത വ്യാപാര സമുദായങ്ങളായിരുന്നു ***വൈശ്യർ, പാഴ്സികൾ, സിന്ധികൾ, ബൊഹ്റകൾ, ജൈനൻമാർ.***
- വാണിജ്യ സമുദായങ്ങളിൽ താഴ്ന്ന സാമൂഹ്യ പദവിയുള്ളവരും ഉണ്ടായിരുന്നു.
- ***ഉപ്പിൻറെ വ്യാപാരം – ബൻജാര – താഴ്ന്ന ഗോത്രം***

### Colonial India യുടെ പ്രത്യേകതകൾ

- വലിയ മാറ്റങ്ങൾ കൊണ്ടുവന്നു.
- ഇന്ത്യൻ കൈത്തെറി വ്യവസായങ്ങൾ തകർന്നു.
- ഇന്ത്യൻ സമ്പദ് വ്യവസ്ഥ ലോക മുതലാളിത്വ സമ്പദ് വ്യവസ്ഥയുമായി കൂട്ടിയോജിക്കപ്പെട്ടു.
- ബ്രിട്ടീഷുകാരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയായി ഇന്ത്യ മാറി.
- വാണിജ്യ രംഗം യൂറോപ്യൻമാർ കീഴടക്കി.
- കോളനി ഭരണം സൃഷ്ടിച്ച അവസരങ്ങൾ പുതിയ വ്യാപാര വാണിജ്യ സമുദായങ്ങൾ ഉയർന്നുവരുന്നതിന് കാരണമായി.
- മാർവാരി സമുദായം ബിസ്സിനസ്സ് മേഖലയിലേക്ക് കടന്നുവന്നു.

## Understanding Capitalism as a Social System

**കാൾ മാർക്സ്**

- മുതലാളിത്വം ഒരു ചരക്കുത്പാദന വ്യവസ്ഥയാണ്.
- ഇതിലെ എല്ലാ ഉദ്പാദനവും വിപണിയെ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്.
- എല്ലാ സ്മ്പത്തിക വ്യവസ്ഥകളും സാമൂഹ്യ വ്യവസ്ഥകൾകൂടിയാണ്.
- ഓരോ ഉദ്പാദന രീതിയിലും പ്രത്യേക ഉദ്പാദന ബന്ധങ്ങളുണ്ട്.
- അത് ഒരു പ്രത്യേക വർഗ്ഗ ഘടനക്ക് രൂപംനൽകുന്നു.
- സമ്പദ് വ്യവസ്ഥയിൽ സാധനങ്ങൾ മാത്രമല്ല, ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ അതിൻറെ പ്രധാന ഘടകമാണ്.
- ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് ഉദ്പാദനപ്രക്രിയയാണ്.
- മുതലാളിത്വ രീതിയിൽ അധ്വാനം തന്നെ ഒരു ചരക്കാണ്.
- കൂലി കിട്ടുന്നതിനുവേണ്ടി തങ്ങളുടെ അധ്വാനങ്ങൾ വിൽക്കാൻ തൊഴിലാളികൾ നിർബന്ധിതരാവുന്നു.

## Commodification and Consumption

- മുതലാളിത്വത്തിൻറെ സവിശേഷതകളാണിത്.

### Commodification

- മുമ്പ് വിപണികളിൽ കച്ചവടം ചെയ്യാതിരുന്ന സാധനങ്ങൾ ചരക്കുകൾ അഥവാ വിൽപ്പന വസ്തുക്കളാകുന്നതാണ് ചരക്കുവത്കരണം.
- വിവാഹ ബ്യൂറോ, വെള്ളം

**മാക്സ് വെബ്ബർ - Status Symbol (പദവി ചിഹ്നം)**

- ജനങ്ങൾ വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുന്ന സാധനങ്ങൾ അവരുടെ സാമൂഹ്യ പദവിയുമായി ബന്ധപ്പെട്ടതാണ്. –
- ഉപഭോഗം ജീവിത ശൈലിയുടെ ഒരു വശമാണ്.

## Globalization – Interlinking of Local, Regional, National and International Markets

- 1980 കളിൽ സ്വകാര്യ വത്കരണം, ആഗോള വത്കരണം എന്നിവക്ക് ഊന്നൽ നൽകുന്ന ഒരു പുത്തൻ സാമ്പത്തിക നയത്തിന് ഗവൺമെൻറ് രൂപം നൽകി.
- പൊതു മേഖലയുടെ പ്രാധാന്യം കുറഞ്ഞു.
- ലോകം മുഴുവനും പരസ്പരം കൂട്ടിയിണക്കപ്പെട്ടു.
- വിപണികളുടെ വ്യാപനവും സംയോജനവും.
- ചരക്കുകൾ, പണം, വിവരം, ജനങ്ങൾ എന്നിവയുടെ പ്രവാഹം.

## Debate on Liberalisation – Market versus State

- ഉദാരവത്കരണ നയങ്ങളാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ആഗോളീകരണത്തിന് തുടക്കം കുറിച്ചത്.

**പ്രത്യേകതകൾ**

- പൊതുമേഖലകളെ സ്വകാര്യവത്കരിക്കുക.
- മൂലധനം, തൊഴിൽ, വ്യാപാരം എന്നിവയുടെ നിയന്ത്രണങ്ങളിൽ അയവുവരുത്തുക.
- വിദേശ വസ്തുക്കളുടെ ഇറക്കുമതി, കയറ്റുമതി ചുങ്കം കുറക്കുക.
- വിദേശ കമ്പനികൾക്ക് ഇന്ത്യയിൽ വ്യവസായങ്ങൾ തുടങ്ങാൻ അനുവാദമേകുക.

**കമ്പോള വത്കരണം**

- ഉദാരവത്കരണത്തിൻറെ മറ്റൊരുപേരാണിത്.
- വിപണികൾ ഉപയോഗിച്ച് സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതാണിത്.
- സാമ്പത്തിക നിയന്ത്രണങ്ങൾ കുറക്കുകയോ, ഒഴിവാക്കുകയോ ചെയ്യുക.
- വ്യവസായങ്ങൾ സ്വകാര്യവത്കരിക്കുക.
- വേതനങ്ങൾക്കും, വിലകൾക്കും മേലുള്ള നിയന്ത്രണം നീക്കം ചെയ്യുക.

**ഉദാരവത്കരണവും, കമ്പോള വത്കരണവും**

- സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിച്ചു.
- ഇന്ത്യൻ വിപണിയെ വിദേശ കമ്പനികൾക്ക് തുറന്നുകൊടുത്തു.
- മുമ്പ് വിപണിയില്ലാത്ത സാധനങ്ങൾ വിപണിയിലെത്തി.
- വിദേശ നിക്ഷേപങ്ങൾ വർദ്ധിച്ചു.
- ഉദാരവത്കരണവും, കമ്പോള വത്കരണവും പ്രത്യാഘാതങ്ങൾ
- ഇന്ത്യയിലെ നാടൻ വിഭവങ്ങൾക്ക് വിദേശ വിഭവങ്ങളുമായി മത്സരിക്കാൻ കഴിഞ്ഞില്ല.
- കർഷക ആത്മഹത്യ വർദ്ധിച്ചു.
- ചെറുകിട വ്യവസായങ്ങൾ തകർന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ച.

## Unit V: Patterns of Social Inequality and Exclusion

- Social Inequaltiy & Social Exclusion
- What is Social about Social inequaltiy and Exclusion?
- Social Inequaltiy
  - Social tSratification
- Social Exclusion
- Caste and Tribe- System justifying inequaltiy
- Untouchabiltiy
- State and non state initiatives addressing caste Discrimination.
- OBC
- Sruggle for Women's equaltiy rights
- The struggle of Differently abled.

## Social Inequaltiy and Exclusion

- സാമൂഹിക അസമത്വവും, ബഹിഷ്കരണവും ഇന്ത്യൻ സമൂഹത്തിലെ ജീവിതയാധാർത്ഥ്യങ്ങളാണ്.
- ഇതിനെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരുമുണ്ട്.

**സാമൂഹിക അസമത്വം**

- പല കാര്യങ്ങൾകൊണ്ട് സാമൂഹികപരമായി എല്ലാവരും തുല്ല്യരല്ലാത്ത അവസ്ഥ.
- സമ്പത്ത്, വിദ്യാഭ്യാസം, സാമൂഹിക പദവി, ആരോഗ്യം

**സാമൂഹിക ബഹിഷ്കരണം.**

- വ്യക്തികളെ സമൂഹത്തിൻറെ എല്ലാ പ്രവൃത്തികളിൽ നിന്നും അകറ്റി നിർത്തുന്നതാണിത്.

## What is Social about Social inequaltiy and Exclusion?

- ഇത് സമൂഹത്തെകുറിച്ചുള്ളതാണ്, വ്യക്തികളെ കുറിച്ചുള്ളതല്ല.
- ഇത് സാമൂഹ്യമായ പ്രശ്നമാണ്. സാമ്പത്തികമല്ല
- വ്യവസ്ഥാപിതവും ഘടനാപരവുമാണ് – ഇതിന് നിശ്ചിതമായ മാതൃകയുണ്ട്.

## Social Inequaltiy (സാമൂഹിക അസമത്വം)

- എല്ലാ സമൂഹങ്ങളിലും സാമൂഹ്യ വിഭവങ്ങൾ വ്യത്യസ്ഥമായിരിക്കും.

**സാമൂഹ്യ വിഭവങ്ങളെ 3 മൂലധനമായി തരം തിരിക്കാം.**

- സാമ്പത്തിക മൂലധനം (ഭൗതിക സ്വത്ത്)
- സാംസ്കാരിക മൂലധനം (വിദ്യാഭ്യാസം, പദവി)
- സാമൂഹിക മൂലധനം (ബന്ധങ്ങൾ, സാമൂഹ്യ സംഘടനകൾ)

**സാമൂഹിക ശ്രേണികരണം**

- ജനങ്ങളെ അസമമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ തരംതിരിച്ചിരിക്കുന്നതിനെ സാമൂഹിക ശ്രേണികരണം എന്നുപറയുന്നു.

**പ്രത്യേകതകൾ**

- ഇത് സമൂഹത്തിൻറെ ഒരു സവിശേഷതയാണ്.
- ഇത് തലമുറകളായി നിലനിൽക്കുന്നു.
- ഇതിനെ വിശ്വാസത്തിൻറെ രീതികൾ പിന്തുണക്കുന്നു.
- ജനങ്ങൾ മറ്റു സാമൂഹിക വിഭാഗങ്ങളെ കുറിച്ച് പലപ്പോഴും മുൻവിധികൾവെച്ചുപുലർത്തുന്നു.
  - ഒരു ഗ്രൂപ്പിലെ അംഗങ്ങൾക്ക് മറ്റു വിഭാഗങ്ങളെ കുറിച്ചുള്ള മുൻ ധാരണകളേയും, മനോഭാവങ്ങളേയുമാണ് **മുൻവിധികൾ** എന്നുപറയുന്നത്.
  - ഇതിന് തെളിവൊന്നും ഉണ്ടായിക്കൊള്ളണമെന്നില്ല.
  - കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും.
- **വിവേചനം –** ജാതി, മതം, ലിംഗം എന്നിവയുടെപേരിൽ അവസരങ്ങൾ നിഷേധിക്കുന്നതിനെ.

**സാമൂഹിക ബഹിഷ്കരണം.**

- വ്യക്തികളെ സമൂഹത്തിൻറെ എല്ലാ പ്രവൃത്തികളിൽ നിന്നും അകറ്റി നിർത്തുന്നതാണിത്.
- വ്യക്തികൾക്ക് കിട്ടേണ്ട അവസരങ്ങൾ നഷ്ടപ്പെടുമ്പോഴാണ് സാമൂഹിക ബഹിഷ്കരണം സംഭവിക്കുന്നത്
- സമൂഹത്തിൻറെ ഘടനയുമായി ബന്ധപ്പെട്ടുണ്ടാവുന്ന ഒരു പ്രശ്നമാണിത്.
- പുറംതള്ളപ്പെട്ടവരുടെ ഇഷ്ടങ്ങൾ കണക്കിലെടുക്കാതെയാണ് ഇത് നടപ്പിലാവുന്നത്.
- ഇന്ത്യയിൽ ഇത് വ്യാപകമായി നടക്കുന്നുണ്ട്.
- സാമൂഹ്യ ബഹിഷ്കരണത്തെ ന്യായീകരിക്കാൻ ചിലർശ്രമിക്കുന്നു.
- സാമൂഹിക അസമത്വവും, ബഹിഷ്കരണവും അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഭാഗങ്ങൾ
  - ***ദളിതർ***
  - ***ആദിവാസികൾ***
  - ***സ്ത്രീകൾ***
  - ***ഭിന്നശേഷിയുള്ളവർ***

## Caste andt ribe –s ystems justifying and perpetuating inequaltiy

**ജാതി വ്യവസ്ഥ – ഒരു വിവേചന സമ്പ്രദായം**

- ജാതി വ്യവസ്ഥയിലെ വിവേചനങ്ങൾ അവഹേളനപരവും, നിഷേധിക്കാൻ കഴിയാത്തതുമാണ്.
- ഓരോ ജാതിയും തൊഴിലുമായി ബന്ധപ്പെട്ടവയാണ്.
- തൊഴിൽ മാറുന്നതിന് അവകാശമുണ്ടായിരുന്നില്ല.
- സാമൂഹ്യ പദവി തുല്ല്യമായിരുന്നില്ല. ബ്രാഹ്മണർക്കായിരുന്നു ഉയർന്ന സ്ഥാനം.
- ഉയർന്ന ജാതിക്കാർക്ക് ഉന്നത സാമ്പത്തിക പദവിയുണ്ടായിരുന്നു.

**മാറ്റങ്ങൾ**

- ഇഷ്ടമുള്ള തൊഴിൽ ചെയ്യാനുള്ള അധികാരം ലഭിച്ചു.
- സാമ്പത്തിക അസമത്വം ഒരു പരിധിവരെ കുറക്കാൻ കഴിഞ്ഞു.

- ജാതി നിയമങ്ങളുടെ കാഠിന്യം കുറഞ്ഞു.
- സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പങ്ക്.

**തൊട്ടുകൂടായ്മ (Untouchabiltiy)**

- ജാതി വ്യവസ്ഥയുടെ ഏറ്റവും ദുഷിച്ച വശം
- ശുദ്ധി അശുദ്ധി ബന്ധമാണ് ഇതിൻറെ അടിസ്ഥാനം.
- തൊട്ടുകൂടാത്തവർ മറ്റുജാതിക്കാരെ സ്പർശിച്ചാൽ കടുത്ത ശിക്ഷ ഏറ്റുവാങ്ങേണ്ടിവരും.
- ജാതിക്ക് പുറത്തുള്ളവരെല്ലാം തൊട്ടുകൂടാത്തവരാണ്.
- ദക്ഷിണേന്ത്യയിലെ തീണ്ടാപാടകലം (Distance Pollution) ഇതിന് ഉദാഹരണമാണ്.

**തൊട്ടുകൂടായ്മയുടെ ഘടകങ്ങൾ**

- ***ബഹിഷ്കരണം***
  - കീഴ്ജാതിക്കാർ പൊതുകിണറിൽന്ന് വെള്ളമെടുക്കൽ, മതാരാധന, ആഘോഷങ്ങൾ
- ***അവഹേളനവും വിധേയത്വവും***
  - തലക്കെട്ടഴിക്കൽ, വണങ്ങൽ, ശിരസ് കുനിക്കൽ, ചെരുപ്പ് കയ്യിൽപിടിക്കൽ
- ***സാമ്പത്തിക ചൂഷണം.***
  - കുറഞ്ഞ കൂലി, നിർബന്ധവേല

**പലപേരുകളിലാണ് അസ്പൃശ്യർ (Untouchable Caste) അറിയപ്പെടുന്നത്.**

- 1930 കളിൽ ഗാന്ധിജി അസ്പൃശ്യരെ ***'ഹരിജനങ്ങൾ' (ദൈവത്തിൻറെ മക്കൾ)*** എന്നുവിളിച്ചു.
- ***'ദലിതർ'*** – അടിച്ചമർത്തപ്പെട്ട വിഭാഗം (അർത്ഥം) എന്നപദവും ഇവരെ സൂചിപ്പിക്കുന്നു.

## State and non-state initiatives addressing caste and tribe discrimination

- സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ രാഷ്ട്രം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക പരിപാടിക്ക് രൂപം നൽകിയിരുന്നു.
- 1935 ലെ ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ട്.
- 1990 കളിൽ മറ്റു പിന്നോക്ക സമുദായങ്ങൾക്കായി പ്രത്യേക പരിപാടികൾ.
- ജാതി വിവേജനത്തിന് പരിഹാരമായി സംവരണം ഏർപ്പെടുത്തി.
- പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കായി പ്രത്യേക സീറ്റുകൾ നീക്കിവെക്കുന്നതാണിത്.
- കേന്ദ്ര സംസ്ഥാന നിയമനിർമ്മാണ സഭകളിൽ സീറ്റ് സംവരണം, ജോലികളിലേക്കുള്ള സംവരണം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനങ്ങൾക്കുള്ള സംവരണം. എന്നിവ ഇതിൽപെടുന്നു.

**ജാതി വ്യവസ്ഥ അവസാനിപ്പിക്കുന്നതിനായി കൊണ്ടുവന്ന നിയമങ്ങൾ**

- Caste Disabilities Removal Act of 1850
  - ജാതി വിവേചനം നിരോധിച്ചു.
  - ദളിതർക്ക് സ്കൂളിൽ പ്രവേശനം

- ഭരണഘടനാ ഭേദഗതി(93ാം ഭേദഗതി) 2005 ലെ നിയമം
    - ഒ.ബി.സി വിഭാഗത്തിൽപെട്ടവർക്ക് വിദ്യാഭ്യാസ സംവരണം
- Article 17 – തൊട്ടുകൂടായ്മ നിരോധനം
- Prevention of tArocities Act of 1989 revised
    - ദളിതർക്കെതിരെയുള്ള അതിക്രമണങ്ങൾ തടയുന്നതിന്

**മറ്റു പിന്നോക്ക വിഭാഗങ്ങൾ (ഒ.ബി.സി)**

- മുന്നോക്ക ജാതിക്കാർക്ക് താഴെയും ദളിതർക്ക് മുകളിലുമാണ് ഇവരുടെ സ്ഥാനം.
- മറ്റു പിന്നോക്ക വിഭാഗങ്ങളെകുറിച്ച് പഠിക്കാൻ ജവഹർലാൽ നഹ്റു **കാക്കാ കാലേൽക്കർ** അദ്ധ്യക്ഷനായുള്ള ഒരു കമ്മീഷനെ നിയമിച്ചു.
- സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പിന്നോക്ക കമ്മീഷനാണിത്.
- 1953 ൽ റിപ്പോർട്ട് സമർപ്പിച്ചു.
- ഈ സമയത്ത് കേരള ഗവൺമെൻറ് നിയമിച്ച പിന്നോക്ക കമ്മീഷൻ **നെട്ടൂർ കമ്മീഷൻ**
- 1978 ൽ **ബി.പി മണ്ഡലിൻറെ** അദ്ധ്യക്ഷതയിൽ ***രണ്ടാം പിന്നോക്ക വർഗ്ഗ കമ്മീഷനെ*** നിയമിച്ചു.

**ആദിവാസി സമരങ്ങൾ**

- പട്ടിക ജാതിക്കാരെപോലെ തന്നെ ദരിദ്രരും, ദുർബലരും, അവഹേളിതരുമായ സാമൂഹ്യ വിഭാഗമാണ് പട്ടിക വർഗ്ഗക്കാർ.
- ***'ജന' – 'കാടുകളിലെ ജനങ്ങൾ'***
- വ്യത്യസ്ഥമായ ആവാസരീതിയാണെങ്കിലും ഇവർ പൂർണ്ണമായും ഒറ്റപ്പെട്ടവരല്ല.
- ഇവരുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാവാനുള്ള കാരണം ജനങ്ങളുടെ കുടിയേറ്റമാണ്.
- കോളനി കാലഘട്ടത്താണ് ആദിവാസികളെ ചൂഷണം ചെയ്യാൻ തുടങ്ങിയത്.
- വിവധ നിയമങ്ങൾ  കാരണം ഇവർക്ക് ഭൂമി നഷ്ടപ്പെട്ടു.
- അണക്കെട്ടുകളും മറ്റും നിർമ്മിച്ചത് ആദിവാസികളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടു.
- ചൂഷണത്തിനെതിരെ വിവിധ തരത്തിലുള്ള സമര മുന്നേറ്റങ്ങൾ നടന്നു.

**സ്ത്രീ സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ**

- പ്രാചീന കാലം മുതൽക്കുതന്നെ സ്ത്രീകൾ കടുത്ത വിവേജനവും സാമൂഹിക അസമത്വവും അനുഭവിച്ചിരുന്നു.
- പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ചു.
- **രാജാറാം മോഹൻ റോയ് – ബംഗാൾ  സതി വിരുദ്ധ പോരാട്ടം  -ബ്രഹ്മസമാചം**
- **റാനഡേ – ബോംബെ – വിധവാ വിഹാം**
- **ജ്യോതിബാഫൂലെ – മഹാരാഷ്ട്ര – ജാതി, ലിങ്ക പീഠനങ്ങൾക്കെതിരെ**
- **സർ സെയ്യിദ് അഹമ്മദി ഖാൻ മുസ്ലിം സ്ത്രീകളിൽ**
- **താരാഭായ് ഷിൻഡെ – 'സ്ത്രീ പുരുഷ തുലന',**  പുരുഷാധിപത്യത്തിൻറെ ഇരട്ടമുഖം വരച്ചുകാട്ടുന്ന കൃതി.
- **ബീഗം റുഖിയ - 'സുൽത്താനയുടെ സ്വപ്നം'**

- 1931 ലെ കറാച്ചി സമ്മേളനം സ്ത്രീസമത്വം ഉയർത്തിപ്പിടിച്ചു.
- സ്ത്രീ പീഠനങ്ങൾക്കും, ക്രൂരതകൾക്കുമെതിരെ നിയമങ്ങൾ കൊണ്ടുവന്നു.

**ഭിന്നശേഷിയുള്ളവരുടെ പോരാട്ടങ്ങൾ**

- ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾക്ക് അടുത്തകാലത്ത് മാത്രമാണ് പരിഗണന ലഭിച്ചത്.
- വൈകല്ല്യമുള്ളവരോട് നിഷേധാത്മക സമീപനമാണ് പൊതു സമൂഹത്തിനുള്ളത്.
- **ബ്രിൻസെൻറൻ പറയുന്നു. *"വൈകല്യം കിടക്കുന്നത് സമൂഹത്തിൻറെ നിർമ്മിതിയിലാണ്. ശാരീരിക സ്ഥിതിയിലല്ല."***
- പണക്കാരേക്കാൾ പാവപ്പെട്ടവരിൽ വൈകല്ല്യം കാണുന്നു.
- വൈകല്ല്യവും, ദാരിദ്ര്യവും അടുത്ത ബന്ധമുണ്ട്.
- ദാരിദ്ര്യം വൈകല്ല്യത്തെ സൃഷ്ടിക്കുന്നതുപോലെ വൈകല്ല്യം ദാരിദ്ര്യത്തെയും സൃഷ്ടിക്കുന്നു.
- നിരന്തര പോരാട്ടങ്ങൾക്കൊടുവിൽ സംരക്ഷണ നിയമങ്ങളും, സംവരണവും ഭിന്നശേഷിയുള്ളവർ നേടിയെടുത്തു.

## Unit VI: The Challenges of Cultural Diversity

- Cultural Diverstiy
- Importance of Communtiy Identtiy
- Communities, Nation and Nation-state
- Assimilationist and Integrationist Policies
- Cultural Diverstiy and the Indian Nation state
- Regionalism in the Indian context
- The nation-state and religion related issues
- Minortiy rights and Nation building
- Communalism
- Secularism
- State and civil socitey

### Cultural Diverstiy (സാംസ്കാരിക വൈവിദ്യം)

- 'വൈവിദ്യം' എന്നാൽ 'വ്യത്യസ്ഥത' എന്നാണർത്ഥം
- സംസ്കാരത്തിലുള്ള വ്യത്യസ്ഥതകളാണ് സാംസ്കാരിക വൈവിദ്യം.
- ഭാഷ, മതം, വംശം, ജാതി,സംസ്കാരം തുടങ്ങിയ സവിശേഷതകൾകൊണ്ട് ഇന്ത്യൻ സമൂഹം വ്യത്യസ്ഥമാണ്.
- ഒരു മതത്തിൻറേയോ ഭാഷയുടെ അടിസ്ഥാനത്തിലോ നിലനിൽക്കുന്ന സമുദായങ്ങളിൽ അസാധാരണമായ സാംസ്കാരിക കെട്ടുറപ്പുണ്ടായിരിക്കും.
- ജനങ്ങളെ സംഘടിപ്പിക്കാനും അണിനിരത്താനും അവർക്ക് എളുപ്പത്തിൽ സാധിക്കും.
- സാംസ്കാരിക അസമത്വങ്ങളെപോലെ തന്നെ സാമ്പത്തിക, സാമൂഹ്യ അസമത്വങ്ങളും വെല്ലുവിളികൾ നിറഞ്ഞതാണ്.

### സാമുദായിക സ്വത്വത്തിൻറെ പ്രാധാന്യം (Importance of Communtiy Identtiy)

- സാമൂഹിക വത്കരണത്തിലൂടെയാണ് ഒരു വ്യക്തിയുടെ സ്വത്വം രൂപപ്പെടുന്നത്.
- കുടുംബം, സമുദായം എന്നിവയാണ് സ്വത്വ ബോധം രൂപപ്പെടുത്തുന്നത്.

**സാമുദായിക സ്വത്വത്തിൻറെ പ്രത്യേകതകൾ**

- വ്യക്തികൾക്ക് അവരുടെ ഭാഷയും, സാംസ്കാരിക മൂല്യങ്ങളും പകർന്നുനൽകുന്നത് സമുദായമാണ്.
- ഇതിൻറെ അടിസ്ഥാനം ജനനവും ഉൾക്കൊണ്ടിരിക്കലുമാണ്.
- ഇത് ചുമത്തപ്പെട്ടതാണ് (Ascribed).
- ഒരു സമുദായത്തിലുള്ള വ്യത്കിയുടെ ജനനം യാതൃശ്ചികമാണ്.
- ഇത് സാർവ്വത്രികമാണ്.
- ഒരു സമുദായത്തിലെ എല്ലാവർക്കും ഒരു ജന്മനാടും, ഒരു മാതൃഭാഷയും, ഒരു കുടുംബവും, ഒരു വിശ്വാസവും ഉണ്ടായിരിക്കും.
- സമുദായങ്ങൾ തമ്മിൽ പലപ്പോഴും സംഘർഷങ്ങൾ ഉണ്ടാവാറുണ്ട്.


www.rrvgirls.com

## സാമുദായങ്ങൾ, ദേശങ്ങൾ, ദേശരാഷ്ട്രങ്ങൾ (Communities, Nations and Nation state)

### സമുദായം (Communtiy)

- പൊതുവായ പ്രത്യേകതകളോടുകൂടി ഒരു പ്രത്യേക സ്ഥലത്ത് താമസിക്കുന്ന ഒരുകൂട്ടം ആളുകളാണ് സമുദായം.
- ഗ്രാമവാസികൾ, നഗരം.

### ദേശം (Nation)

- സമുദായങ്ങളുടെ സമുദായമാണിത്
- ഒരു ദേശത്തിലെ അംഗങ്ങൾ ഒരേ രാഷ്ട്രീയമായി ഒന്നിക്കാനും, ഒരു രാഷ്ട്രം രൂപകരിക്കാനും ആഗ്രഹിക്കുന്നു.
- സ്വന്തമായി രാഷ്ട്രമുള്ള സമുദായങ്ങളാണ് ദേശങ്ങൾ. അത്കൊണ്ടാണ് 'ദേശ രാഷ്ട്രങ്ങൾ' എന്നുവിളിക്കുന്നത്.

### രാഷ്ട്രം (State)

- ഒരു രാഷ്ട്രീയ സമുദായമാണ് രാഷ്ട്രം
- ഒരു നിശ്ചിത ഭൂപ്രദേശം, ജനങ്ങൾ, ഗവൺമെൻറ്, പരമാധികാരം എന്നിവയാണ് രാഷ്ട്രത്തിൻറെ ഘടകങ്ങൾ.
- ***"ഒരു പ്രത്യേക പ്രദേശത്ത് നിയമാനുസൃതമായ ബലപ്രയോഗത്തിനുള്ള കുത്തക വിജയകരമായി അവകാശപ്പെടുന്ന ഒരു സംഘമാണ് രാഷ്ട്രം" – മാക്സ് വെബ്ബർ***

## സ്വാംശീകരണ നയങ്ങളും ഉദ്ഗ്രഥന നയങ്ങളും (Assimilationist Policies and Integrationist Policies)

- വംശീയമതഭാഷാ സമുദായങ്ങളുടെ സ്വത്വങ്ങൾ അടിച്ചമർത്തിക്കൊണ്ട് ഒരു ഏകദേശീയ സ്വത്വം സ്ഥാപിക്കാനാണ് സ്വാംശീകരണഉദ്ഗ്രഥനനയങ്ങൾ ശ്രമിക്കുന്നത്.
- പ്രാദേഷികന്യൂനപക്ഷ വിഭാഗങ്ങളെ അടിച്ചമർത്തിക്കൊണ്ട് പ്രബലവിഭാഗത്തിൻറെ ആധിപത്യം സ്ഥാപിച്ചെടുക്കാനാണ് ഇതിലൂടെ ശ്രമിക്കുന്നത്.

### സ്വാംശീകരണനയങ്ങൾ

- സമുദായങ്ങൾതമ്മിലുള്ള വ്യത്യാസങ്ങളെ നശിപ്പിക്കാൻ ശ്രമിക്കുന്നു.
- ഇതിനായി വംശീയമതഭാഷാ സമുദായങ്ങളുടെ സ്വത്വങ്ങൾ നിഷ്കരുണം അടിച്ചമർത്തുന്നു.

### ഉദ്ഗ്രഥന നയങ്ങൾ

- ഒരു ഏകദേശീയ സ്വത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നു.
- ഇതിനായി പൊതു രാഷ്ട്രീയ മേഖലകളിലുള്ള സാംസ്കാരിക വൈവിധ്യങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു.

- സ്വാംശീകരണഉദ്ഗ്രഥന നയങ്ങൾ പ്രബലവിഭാഗത്തിൻറെ സാംസ്കാരിക മൂല്യങ്ങളും നിയമങ്ങളുമാണ് ഉയർത്തിപ്പിടിക്കുന്നത്.
- ഇവ സ്വീകരിക്കാൻ എല്ലാ പൗരന്മാരോടും ആവശ്യപ്പെടുന്നു.

- മറ്റു ന്യൂനപക്ഷ സമുദായങ്ങളോട് സ്വന്തം സാംസ്കാരിക മൂല്യങ്ങൾ ഉപേക്ഷിക്കാനും പ്രബല വിഭാഗത്തിൻറെ മൂല്യങ്ങൾ സ്വീകരിക്കാനും ഈ നയങ്ങൾ ആവശ്യപ്പെടുന്നു.
- പ്രബല വിഭാഗത്തിൻറെ സംസ്ക്കാരം ദേശീയ സംസ്ക്കാരമായി പരിഗണിക്കുന്ന അപകടമാണ് ഇതിലൂടെ സംഭവിക്കുന്നത്.

**സാംസ്കാരിക വൈവിധ്യവും ഇന്ത്യൻ ദേശരാഷ്ട്രവും**

- സാമൂഹികമായും സാംസ്കാരികമായും വളരെ ഏറെ വൈവിധ്യങ്ങളുള്ള രാജ്യമാണ് ഇന്ത്യ.
- 126 കോടി ജനങ്ങൾ, 1632 ലേറെ ഭാഷകൾ (21 അംഗീഗൃത ഭാഷകൾ)
- വിവിധ മതങ്ങൾ
- ഹിന്ദു വിഭാഗക്കാർ 80.5
- മുസ്ലിം – 13.4 (മുസ്ലിം ജനസഖ്യയിൽ മൂന്നാം സ്ഥാനം)
- ക്രിസ്ത്യൻസ് – 2.3
- സിക്കുകാർ 1.9
- ഇന്ത്യക്ക് സ്വാംശീകരണഉദ്ഗ്രഥന നയങ്ങളോട് യോജിപ്പില്ല.
- പ്രബല ഹിന്ദുമതത്തിലെ ചില വിഭാഗക്കാർ സ്വാംശീകരണ മാതൃകകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും രാഷ്ട്രം അത് അംഗീകരിച്ചിട്ടില്ല.
- ഇന്ത്യ ദേശീയോദ്ഗ്രഥനത്തിനാണ് (National Integration) പ്രാധാന്യം നൽക്കുന്നത്.
- ഇന്ത്യ ഒരു മതനിരപേക്ഷ രാജ്യമായി നിലനിൽക്കുന്നു.
- ഇന്ത്യ മത ന്യൂനപക്ഷങ്ങൾക്ക് ശക്തമായ ഭരണഘടനാപരമായ സംരക്ഷണം നൽകുന്നു.

**ഇന്ത്യയിലെ പ്രാദേശിക വാദം (Regionalism in India)**

- ഭാഷകൾ, സംസ്ക്കാരങ്ങൾ, ഗോത്രങ്ങൾ, മതങ്ങൾ തുടങ്ങിയവയിൽനിന്നാണ് പ്രാദേശിക വാദം ഉദ്ഭവിക്കുന്നത്.
- ഇവയെല്ലാം ഒരു പ്രത്യേക പ്രദേശത്ത് കേന്ദ്രീകരിക്കുമ്പോൾ പ്രാദേശിക വാദം ഉണ്ടാവുന്നു.
- ഇന്ത്യയിൽ ചിലയിടങ്ങളിൽ ഇത്തരം വാദം ശക്തമാണ്.
    - ഭാഷാ സംസ്ഥാനങ്ങൾ, ഗോത്ര സംസ്ഥാനങ്ങൾ
- പ്രാദേശികമായി ഒരു വിഭാഗത്തിന് കിട്ടേണ്ട അവകാശങ്ങൾ നിഷേധിക്കുമ്പോഴാണ് ഇതുണ്ടാവുന്നത്.
- ഇന്ത്യയിലെ പ്രവിശ്യകളെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണമെന്ന ആശയം സ്വാതന്ത്ര്യത്തിനുമുമ്പ് തന്നെ ചർച്ച ചെയ്തിരുന്നു.
- എന്നാൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഈ പ്രശ്നത്തെചൊല്ലി കോൺഗ്രസ്സിൽ ഭിന്നാഭിപ്രായങ്ങളുണ്ടായി.
- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചാൽ അത് പ്രാദേശിക വാദത്തെ വളർത്തുമെന്നും, രാജ്യത്തെ ശിഥിലീകരിക്കുമെന്നും ഒരു വിഭാഗം നേതാക്കൾ അഭിപ്രായപ്പെട്ടു.
- തെലുങ്കു സംസാരിക്കുന്ന മേഖലകളിലാണ് ഈ പ്രക്ഷോപം ഏറ്റവും കൂടുതൽ നടന്നത്.

- ഇവിടെ ഭാഷാടിസ്ഥാനത്തിൽ പുതിയ ***ആന്ധ്രാ സംസ്ഥാനം*** രൂപീകരിക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് – **പോറ്റി ശ്രീരാമലു** സമരം ആരംഭിച്ചു.
- **1953 ൽ ഫസൽ അലിയുടെ** നേത്രത്വത്തിൽ സംസ്ഥാന പുനഃസംഘടനാ കമ്മീഷനെ നിയമിച്ചു.
- 1956 നവമ്പർ 1ന് സമർപ്പിച്ച റിപ്പോർട്ടിൽ ഭാഷാടിസ്ഥാനത്തിൽ 14 സംസ്ഥാനങ്ങളും 6 കേന്ദ്ര ഭരണ പ്രദേശങ്ങളും നിലവിൽ വന്നു.

**1956ൽ ഭാഷാടിസ്ഥാനത്തിൽ രൂപംകൊണ്ട സംസ്ഥാനങ്ങൾ - ഫസൽ അലി കമ്മീഷൻ**

- Andhra Pradesh
- Assam
- Bihar
- Bombay
- Jammu and Kashmir
- Kerala
- Madhya Pradesh
- Madras
- Mysore
- Orissa
- Punjab
- Rajasthan
- Uttar Pradesh
- West Bengal

## ദേശരാഷ്ട്രവും മതസംബന്ധമായ പ്രശ്നങ്ങളും സ്വത്വങ്ങളും (The Nation-State and Religion Related Issues and Identities)

- മതസംബന്ധമായ പ്രശ്നങ്ങൾ
  - മതേതരത്വ – വർഗ്ഗീയവാദ പ്രശ്നങ്ങൾ
  - ഭൂപിപക്ഷ – ന്യൂനപക്ഷ പ്രശ്നങ്ങൾ

### ന്യൂനപക്ഷാവകാശങ്ങളും രാഷ്ട്ര നിർമ്മാണവും

- കരുത്തുറ്റ ജനാധിപത്യരാഷ്ട്രം സ്ഥാപിക്കുന്നതിന് എല്ലാ വിഭാഗക്കാർക്കും, പ്രത്യേകിച്ച് ന്യൂനപക്ഷവിഭാഗങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്ന വ്യവസ്ഥകൾ ആവശ്യമായിരുന്നു.

**ന്യൂനപക്ഷം**

- മറ്റുള്ളവരെ അപേക്ഷിച്ച് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ചെറിയ വിഭാഗമാണിത്.
- ഭൂരിപക്ഷത്തിൻറെ ജനസംഖ്യയുടെ മേധാവിത്വം കാരണം മതസാംസ്കാരിക ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക സംരക്ഷണം ആവശ്യമാണ്.
- ആർട്ടിക്കിൾ- 29, 30 –ന്യൂനപക്ഷ അവകാശങ്ങളെകുറിച്ചുള്ളതാണ്.

## വർഗ്ഗീയതയും മതനിരപേക്ഷതയും ദേശരാഷ്ട്രവും (Communalism, Secularism and the Nation-state)

**വർഗ്ഗീയത**

- മത സ്വത്വത്തെ അടിസ്ഥാനമാക്കിയുള്ള അക്രമണോത്സുകമായ സങ്കുചിതത്വമാണിത്.
- ഒരു മതവിഭാഗത്തിൽപെട്ടവർ സ്വന്തം വിഭാഗം മാത്രമാണ് യോഗ്യം എന്ന് വിശ്വസിക്കുന്നതിനെ.
- സ്വന്തം മതത്തെ ശ്രേഷ്ഠമായി കാണുകയും മറ്റു മതങ്ങളെ അധമമായി കാണുകയും ചെയ്യുന്ന സങ്കുജിത മനോഭാവമാണിത്.
- ഇത് മതസ്വത്വത്തിന് അമിത പ്രാധാന്യം നൽകുന്നു.

**മതനിരപേക്ഷത**

- ഇത് വർഗ്ഗീയതയുടെ വിപരീതമാണ്.
- രാജ്യത്തിന് പ്രത്യേക മതമില്ലാത്ത അവസ്ഥയാണിത്.
- എന്നാൽ രാജ്യത്തെ എല്ലാ മതങ്ങളെയും വിശ്വാസങ്ങളേയും സംരക്ഷിക്കുകയും, പ്രചരിപ്പിക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നു.
- എല്ലാ മതങ്ങൾക്കും തുല്ല്യ പരിഗണന നൽകുന്നു.

**രാഷ്ട്രവും പൗരസമൂഹവും (State and Civil Socitey)**

- ഒരു ദേശത്തിലെ സാംസ്കാരിക വൈവിധ്യത്തെ കൈകാര്യം ചെയ്യുമ്പോഴാണ് രാഷ്ട്രം ഏറ്റവും നിർണ്ണായകമായ ഒരു സ്ഥാപനമായിത്തീരുന്നത്.
- ഒരു സ്വേച്ഛാധിപത്യ രാഷ്ട്രം ജനാധിപത്യ രാഷ്ട്രത്തിൻറെ നേർ വിപരീതമാണ്.
- സ്വേച്ഛാധിപത്യ രാഷ്ട്രം പൗരവകാശങ്ങളെ മാനിക്കാറില്ല.
- ഭരണകൂടസ്ഥാപനങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾ  കേൾക്കാൻ തയ്യാറാവാതെ വന്നാൽ അഴിമതി വ്യാപകമാവും.
- പൗര സമൂഹം പൊതുമണ്ഡലത്തിൻറെ ഭാഗമാണ്.
- ഇവിടെ വ്യക്തികൾ സ്വമേധയാ ഒത്തുചേരുകയും സ്ഥാപനങ്ങളും സംഘടനകളും രൂപീകരിക്കുകയും ചെയ്യുന്നു.
- പൗരന്മാർ സജീവമായി പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്.
- ഇവിടെ സാമൂഹ്യ പ്രശ്നങ്ങൾ ഏറ്റെടുക്കുകയും രാഷ്ട്രത്തിനുമേൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുകയും ചെയ്യും.
- രാഷ്ട്രത്തിനുമുന്നിൽ അവർ ജനങ്ങളുടെ ആവശ്യങ്ങൾ അവതരിപ്പിക്കുന്നു.
- രാഷ്ട്രീയ കക്ഷികൾ, മാധ്യമ സ്ഥാപനങ്ങൾ, തൊഴിലാളി സംഘടനകൾ, ഗവൺമെൻറിതര സംഘടനകൾ, മത സംഘടനകൾ എല്ലാം ഇതിൽ ഉൾപെടുന്നു.
- 1970 കളിൽ നിരവധി പൗര സമൂഹങ്ങൾ ഉയർന്നുവന്നു.

**വിവരവകാശ നിയമം (The right to Information Act)**

- പൗര സമൂഹത്തിൻറെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രവർത്തനമായിരുന്നു വിവരവകാശത്തിനുവേണ്ടിയുള്ള സമരം.
- 2005 ജൂൺ 15 ന് പാസ്സാക്കി.
- ഒക്ടോബർ 13 ന് നിലവിൽവന്നു.
- ഈ നിയമപ്രകാരം ആർക്കുവേണമെങ്കിലും ഒരു പൊതു അധികാരിയിൽനിന്ന് വിവരങ്ങൾതേടാം. 30 ദിവസത്തിനകം അതിന് മറുപടി നൽകണം.

## Unit VII: Suggestion for Project work

- Research
- Variety of Methods
  - Survey
  - Interview
  - Observation
  - Combination of more than one method

## Research (ഗവേഷണം)

- ശാസ്ത്രീയമായ വഴികളിലൂടെ ഒരു കാര്യത്തേയോ, വസ്തുവിനേയോ കുറിച്ച് അന്വേഷിക്കുന്നതിനെയാണ് ഗവേഷണം എന്നുപറയുന്നത്.
- നമ്മുടെ ചോദ്യങ്ങൾക്കുള്ള അന്വേഷണമാണിത്.
- ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം, ഉചിതമായ ഗവേഷണരീതി തിരഞ്ഞെടുക്കലാണ്.

**ഗവേഷണരീതി തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- ചോദ്യവും രീതിയും തമ്മിൽ പൊരുത്തമുണ്ടാവണം.
- സമയം, ലഭ്യത, സാഹചര്യങ്ങൾ എന്നിവ പരിശോധിക്കണം.

### വിവിധ ഗവേഷണ രീതികൾ

### അഭിമുഖം (Interview)

- ഗവേഷണ ചോദ്യങ്ങളുമായി ബന്ധപ്പെട്ട് രണ്ടു വ്യക്തികൾ തമ്മിൽ നടത്തുന്ന സംഭാഷണമാണിത്.

**വിവിധ തരം അഭിമുഖങ്ങൾ**

- **ഘടനാപരം (structured):** മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങളുണ്ടാവും
- **ഘടനാപരമല്ലാത്തത് (Un Structured):** സാഹചര്യങ്ങൾക്കനുസരിച്ചുള്ള ചോദ്യങ്ങൾ.

**അഭിമുഖത്തിൻറെ ഗുണങ്ങൾ**

- വഴക്കമുള്ളതാണ് (Flexible)
- ചോദ്യങ്ങളിൽ ആവശ്യാനുസരണം മാറ്റം വരുത്താം.

**അഭിമുഖത്തിൻറെ ദോഷങ്ങൾ**

- ഒരേസമയം കൂടുതൽ ആളുകളിൽനിന്നും വിവരങ്ങൾ ശേഖരിക്കാൻ കഴിയില്ല.
- സമയ നഷ്ടം

### സർവ്വേ രീതി (Survey Method)

- ഗവേഷണവുമായി ബന്ധപ്പെട്ട ഒരുകൂട്ടം ചോദ്യങ്ങളടങ്ങിയ ചോദ്യാവലിയുമായോ, ഗവേഷകൻ നേരിട്ട് രേഖപ്പെടുത്തുന്ന ചെക്ക് ലിസ്റ്റുകളുമായോ താരതമ്യേന വലിയ ജന സമൂഹത്തിൽ നിന്നും വിവരങ്ങൾ സ്വീകരിക്കുന്ന രീതിയാണിത്.
- നിശ്ചിത എണ്ണം ചോദ്യങ്ങളേ ചോദ്യാവലിയിൽ ഉണ്ടാവുകയുള്ളൂ.

**ഗുണങ്ങൾ**

- കൂടുതൽ ആളുകളിൽനിന്നും കുറഞ്ഞ സമയംകൊണ്ട് വിവരം ശേഖരിക്കാം.

**ദോഷങ്ങൾ**

- നിജപ്പെടുത്തിയ ചോദ്യങ്ങൾ
- സാമ്പത്തിക നഷ്ടം

## നിരീക്ഷണം (Observation)

- ഗവേഷണവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക സാഹചര്യത്തിൽ എന്ത് സംഭവിക്കുന്നു എന്ന് ശാസ്ത്രീയമായി നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നതാണിത്.
- ഇതിന് സൂക്ഷമമായ ശ്രദ്ധ ആവശ്യമാണ്.
- ഇതുകൂടാതെ വിവിധ രീതികൾ സംയോജിപ്പിച്ചു കൊണ്ടുള്ള രീതികളും ഗവേഷണത്തിൽ ഉപയോഗിക്കുന്നു.

## Unit VIII: Structural Change

- Social Change
- Structural Change
- Understanding colonialism
- Urbanization and Industrialization
  - Industrialisation in Independent India
  - Urbanisation in Independent India
- National Panning Commission

### സാമൂഹികമാറ്റം (Social Change)

- സാമൂഹ്യപരമായ കാര്യങ്ങളിലുള്ള മാറ്റമാണിത്.
  - സാമൂഹ്യ ബന്ധങ്ങളിലുള്ള മാറ്റം.
  - സാമൂഹിക ഘടനയിലുള്ള മാറ്റം
  - സാമൂഹ്യ സ്ഥാപനങ്ങൾ, സാമൂഹ്യ ആചാരങ്ങൾ എന്നിവയിലുള്ള മാറ്റം.

**സാമൂഹ്യ മാറ്റത്തിന് വിവിധ ഘടകങ്ങൾ കാരണമാവുന്നു.**

- ഭൂമിശാസ്ത്രപരമായി ഘടകങ്ങൾ
- സാമ്പത്തിക ഘടകങ്ങൾ
- സാംസ്കാരിക ഘടകങ്ങൾ
- മനശാസ്ത്ര ഘടകങ്ങൾ
- വിദ്യാഭ്യാസപരമായ ഘടകങ്ങൾ
- പ്രകൃതി ഘടകങ്ങൾ
- സാങ്കേതിക ഘടകങ്ങൾ

**സാമൂഹ്യ മാറ്റത്തിൻറെ പ്രത്യേകതകൾ**

- ഇത് തുടർച്ചയായ പ്രക്രിയയാണ്.
- ഇത് എല്ലായിടത്തുമുള്ള പ്രതിഭാസമാണ്
- ഇത് അനിവാര്യമായ ഒന്നാണ്.
- ഇതിൻറെ വേഗത എല്ലായിടത്തും ഒരുപോലെയല്ല.
- ഇത് ചിലസമയങ്ങളിൽ പ്രവചിക്കാൻ കഴിയാത്തതാണ്
- ഇത് ഒരുപാട് ഘടകങ്ങളുടെ ഫലമാണ്.
- ഇത് ഒരു പുരോഗതിയിലേക്ക് നയിക്കുന്നതാവണമെന്നില്ല.
- ഇത് ബോധപൂർവ്വമുള്ളതോ അല്ലാത്തതോ ആവാം.

**സാമൂഹത്തിൻ ഘടനയിലുള്ള മാറ്റങ്ങളെയാണ് ഘടനാപരമായ മാറ്റങ്ങൾ എന്നുപറയുന്നത്.**

- സാമൂഹ്യ സ്ഥാപനങ്ങളിലുള്ള മാറ്റങ്ങൾ
- സാമൂഹിക പദവിയിലുള്ള മാറ്റങ്ങൾ
- സാമൂഹിക ഗണങ്ങളിലുള്ള മാറ്റങ്ങൾ

- കോളനി വത്കരണം കൊണ്ടുവന്ന ഘടനാപരമായ മാറ്റങ്ങൾക്കാണ് ഈ അധ്യായം ഊന്നൽ നൽകുന്നത്.

- രാഷ്ട്രീയവും, സാമ്പത്തികവും, സാമൂഹ്യവുമായ മേഖലകളിൽ മാറ്റങ്ങൾ കൊണ്ടുവന്നു.

- ഘടനാപരമായ മാറ്റങ്ങളും, സാംസ്കാരിക മാറ്റങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.
- ഘടനാപരമായ മാറ്റങ്ങളെ തുടർന്ന് സാംസ്കാരിക മാറ്റങ്ങളുമുണ്ടാവും.

**കൊളോണിയലിസത്തെ മനസ്സിലാക്കൽ**

- ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ സ്ഥാപിക്കുന്ന ഭരണമാണ് കൊളോണിയലിസം.
- മറ്റു രാജ്യങ്ങളെ ചൂഷണം ചെയ്യുന്നതിനുവേണ്ടി മുതലാളിത്ത രാജ്യങ്ങൾ വികസിപ്പിച്ചെടുത്ത ഒരു കവർച്ചാ സമ്പ്രദായമാണിത്.
- പത്തൊമ്പതാം നൂറ്റാണ്ടിലെ ബ്രിട്ടൻറെ ശക്തമായ കോളനിയായിരുന്നു ഇന്ത്യ.
- ഇന്ത്യയിൽനിന്നും അസംസ്കൃത വസ്തുക്കൾ ബ്രിട്ടനിലേക്ക് കയറ്റുമതിചെയ്യുകയും അവരുടെ ഉദ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കോളനിയാക്കി ഇന്ത്യയെ മാറ്റുകയും ചെയ്തു.
- ഇന്ത്യയെ അക്രമിച്ചവരിൽ നല്ലൊരുവിഭാഗം ക്രമേണ ഇന്ത്യക്കാരായി മാറുകയും, അവരുടെ വൈദേശിക സ്വഭാവം നഷ്ടപ്പെടുകയും ചെയ്തു.
- ബ്രിട്ടീഷ് കൊളോണിയലിസത്തിൻറെ അടിസ്ഥാനം മുതലാളിത്ത വ്യവസ്ഥയായിരുന്നു.
- ബ്രിട്ടീഷ് മുതലാളിത്തത്തിൻറെ താൽപര്യങ്ങൾ സംരക്ഷിക്കാനാണ് ഇന്ത്യയിലെ കൊളോണിയൽ ഭരണം ശ്രമിച്ചത്.
- ഇന്ത്യയിലെ ഓരോ നയവും അവർ രൂപീകരിച്ചത് ബ്രിട്ടീഷ് മുതലാളിത്തത്തെ ശക്തിപ്പെടുത്തുകയും വ്യാപിപ്പിക്കുന്നതിനുമായിരുന്നു.
- ഇന്ത്യയിലെ ഭൂ നയങ്ങൾ ബ്രിട്ടീഷുകാർ മാറ്റിമറിച്ചു.
- കൃഷി ഭൂമികളിൽ എന്ത് കൃഷിചെയ്യണമെന്ന് അവർ തീരുമാനിച്ചു.
- പുതിയ വനനിയമങ്ങൾ ഇടയൻമാർക്ക് അവരുടെ കാടുകളിലേക്കുള്ള പ്രവേശനം തടഞ്ഞു.

**കൊളോണിയലിസം രാജ്യത്തിനകത്തും, പുറത്തുമുള്ള കുടിയേറ്റങ്ങൾക്ക് കാരണമായി.**

- ജാർഖണ്ഡിലെ ജനങ്ങൾ ആസ്സാമിലെ തേയിലത്തോട്ടങ്ങളിലേക്ക് കുടിയേറി
- ബംഗാൾ, മദ്രാസ് പ്രസിഡൻസികളിലെ മധ്യവർഗ്ഗക്കാർ ഗവൺമെൻറ് ജീവനക്കാരായും, പ്രൊഫഷനലുകളായും രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറി.
- ബ്രിട്ടീഷ് ഫാക്ടറികളിൽ പണിയെടുക്കാൻ ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങളിലേക്ക് തൊഴിലാളികളെ കൊണ്ട്പോയി.

**മുതലാളിത്വത്തിൻറെ സവിശേഷതകൾ**

- ഫ്യൂഡലിസത്തിൻറെ തകർച്ചയെതുടർന്ന് ഉയർന്നുവന്നു.
- സ്വകാര്യ ഉടമസ്ഥത (ഫാക്ടറി, മൂലധനം)
- വിപണിയെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഉദ്പാദനം
- പരമാവധി ലാഭം എന്ന മുദ്രാവാക്ക്യം
- സാങ്കേതിക വിദ്യകളുടേയും തൊഴിലാളികളുടേയും ഉപയോഗം.

**നകരവത്കരണവും വ്യവസായവത്കരണവും (Urbanization and Industrialization)**

- നഗരവത്കരണവും, വ്യവസായവത്കരണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.
- ഇവ പലപ്പോഴും ഒന്നിച്ചാണ് പ്രവർത്തിക്കുന്നത്.

**നഗരവത്കരണം (Urbanisation)**

- ഗ്രാമങ്ങൾ നഗരങ്ങളായി മാറുന്ന പ്രക്രിയയാണിത്.

**വ്യവസായവത്കരണം (Industrialisation)**

- യന്ത്രങ്ങളുടെ സഹായത്തോടെ ഉദ്പാദനം നടത്തുന്നതാണിത്.
- വ്യാവസായിക സമൂഹങ്ങളിലെ ഭൂരിഭാഗം ജനങ്ങളും ഫാക്ടറികളിൽ ജോലിചെയ്യുന്നു.

**നകരവത്കരണവും വ്യവസായവത്കരണവും- ഇന്ത്യയുടെ കൊളോണിയൽ അനുഭവം**

- ബ്രിട്ടീഷ് വ്യവസായവത്കരണം ശ്ക്തമായതോടെ ഇന്ത്യയിൽനിന്നുള്ള പരുത്തി, പട്ട് തുടങ്ങിയവയുടെ കയറ്റുമതി കുറഞ്ഞു.
- വിലകുറഞ്ഞ ഉല്പ്പന്നങ്ങൾ ഇന്ത്യൻ വിപണികളിലേക്ക് പ്രവഹിച്ചു.
- ഇവയോട് മത്സരിക്കാൻ കഴിയാതെ ഇന്ത്യൻ പരമ്പരാഗത വ്യവസായങ്ങൾ തകർന്നടിഞ്ഞു.

**അപവ്യവസായവത്കരണം (Deindustrialisation)**

- ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങൾക്കുണ്ടായ തകർച്ചയാണിത്.
- ബ്രിട്ടീഷ് ഉത്പന്നങ്ങളോട് മത്സരിക്കാൻ ഇന്ത്യൻ പരമ്പരാഗത ഉത്പന്നങ്ങൾക്ക് കഴിഞ്ഞില്ല. അങ്ങനെ അവ തകർച്ച നേരിട്ടു. ഇതിനെ അപവ്യവസായവത്കരണം എന്നുപറയുന്നു.

- പല നഗരങ്ങളും തകർന്നു (തഞ്ചാവൂർ, ധാക്ക, മുർഷിദാബാദ്), പുതിയ ചില നഗരങ്ങൾ ഉയർന്നുവരികയും ചെയ്തു (ബോംബെ, മദ്രാസ്സ്).
- തൊഴിലില്ലായ്മ വർദ്ധിച്ചു.
- ഇന്ത്യയിലും ആധുനിക രീതിയിലുള്ള ഫാക്ടറികൾ സ്ഥാപിക്കണമെന്ന ആവശ്യങ്ങളുയർന്നു.
- തോട്ട വ്യവസായങ്ങളാണ് ആദ്യമായി ആരംഭിച്ചത്.
- ബ്രിട്ടനിലെ ജനങ്ങൾ ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലേക്ക് കുടിയേറിയപ്പോൾ, ഇന്ത്യയിൽ ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിയിലേക്ക് തിരിഞ്ഞു.

**കൊളോണിയൽ സാമ്രാജ്യങ്ങളുടെ സാമ്പത്തിക വ്യവസ്ഥയിൽ നഗരങ്ങൾക്ക് വലിയ പങ്കുണ്ട്.**

- ഇന്ത്യയിലെ അസംസ്കൃത വിഭവങ്ങൾ ഇംഗ്ലണ്ടിലേക്ക് കയറ്റുമതിചെയ്യാനും, നിർമ്മിത വസ്തുക്കൾ കുറഞ്ഞ ചിലവിൽ ഇറക്കുമതിചെയ്യാനും തുറമുഖ നഗരങ്ങളാണ് ഉപയോഗിച്ചിരുന്നത് **(ബോംബെ, കൽകട്ട, മദ്രാസ്സ്).**
- ഇന്ത്യയേയും ബ്രിട്ടനേയും തമ്മിൽ ബന്ധിപ്പിച്ചിരുന്ന പ്രധാന കണ്ണി കൊളോണിയൽ നഗരങ്ങളായിരുന്നു.

  - ബോംബെ –പരുത്തി – ഇംഗ്ലണ്ടിലേക്ക്
  - കൽകത്ത – ചണം – ഡൻഡിയിലേക്ക്
  - മദ്രാസ്സ് – കാപ്പി, പഞ്ചസാര, നീലം, പരുത്തി – ബ്രിട്ടനിലേക്ക്.
- 1690 ൽ ഇംഗ്ലീഷ് വ്യാപാരിയായ **ജോബ് ചാർനോക്ക്** ഒരു കച്ചവട കേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി ഹൂഗ്ലി നദിക്കരികിലുള്ള 3 ഗ്രാമങ്ങൾ പാട്ടത്തിനെടുത്തു (കൽകത്ത, ഗോവിന്ദപൂർ, സതനതി)
- 1698 ൽ നദീതീരത്ത് വില്ല്യം കോട്ട പണികഴിപ്പിച്ചു.
- ഇവിടം വൻ നഗരമായി വളർന്നുവന്നു. (കൽകത്ത)

**ബ്രിട്ടനിൽ സംഭവിച്ചതുപോലെയുള്ള വ്യവസായവത്കരണമല്ല ഇന്ത്യയിൽ സംഭവിച്ചത്**

- ഇന്ത്യയിലെ വ്യവസായ വത്കരണത്തിനുപുറകിൽ കൊളോണിയൽ താൽപര്യങ്ങളായിരുന്നു.
- ഇന്ത്യയിലെ വ്യവസായ വത്കരണത്തിനു തുടക്കം കുറിച്ചത് തോട്ടവ്യവസായങ്ങളാണ് (നീലം, തേയില, കാപ്പി).
- 1851 ലാണ് തേയില വ്യവസായം ആരംഭിച്ചത്.
- ഭൂരിഭാഗവും ആസ്സാമിൽ

**സ്വതന്ത്ര ഇന്ത്യയിലെ വ്യവസായവത്കരണം**

- ബ്രിട്ടീഷ് ഭരണം തകർത്ത സമ്പദ് വ്യവസ്ഥയെ വ്യവസായവത്കരണത്തിലൂടെ ശക്തിപ്പെടുത്താമെന്ന് ദേശീയ നേതാക്കൾ കരുതി.
- സ്വദേശി പ്രസ്ഥാനം – ബ്രിട്ടീഷ് ഉദ്പന്നങ്ങൾ ഉപേക്ഷിക്കാനും സ്വദേശി ഉദ്പന്നങ്ങൾ ഉപയോഗിക്കാനും ആഹ്വാനമേകി.
- ദാരിദ്ര്യം ഒഴിവാക്കാനുള്ള മാർഗ്ഗമായി വ്യവസായവത്കരണത്തെ കണ്ടു.
- സമ്പദ് വ്യവസ്ഥയുടെ വളർച്ചക്കും സമത്വത്തിനും വ്യവസായവത്കരണം സഹായിക്കുമെന്ന് കണക്കാക്കപ്പെട്ടു.
- പഞ്ചവത്സര പദ്ധതികൾ വ്യവസായവത്കരണത്തിന് പ്രാധാന്യം നൽകി.

**"ആധുനികവും ഐശ്വര്യപൂർണ്ണവുമായ ഒരു ഇന്ത്യ ഭീമാകാരമായ സ്റ്റീൽ ഫാക്ടറികളുടേയും, അണക്കെട്ടുകളുടേയും, പവർസ്റ്റേഷനുകളുടേയും സൗധത്തിന് മുകളിലാണ് പടുത്തുയർത്തേണ്ടത്". ജവഹർലാൽ നഹ്റു.**

**സ്വതന്ത്ര ഇന്ത്യയിലെ നഗരവത്കരണം**

**എം. എസ്. എ. റാവു പറയുന്നു**

- ഇന്ത്യയൊട്ടാകെ ധാരാളം ഗ്രാമങ്ങൾ നഗരങ്ങളുടെ സ്വാധീനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു.

**ഇതിന് 3 കാരണങ്ങളുണ്ട്.**

- ഗ്രാമങ്ങളിലെ നല്ലൊരു വിഭാഗം ജനങ്ങളും തൊഴിലന്വേഷിച്ച് നഗരങ്ങളിലേക്കുപോവുന്നു.
- വ്യാവസായിക നഗരങ്ങൾക്കടുത്ത് സ്ഥിതിചെയ്യുന്ന ഗ്രാമങ്ങൾ (ദിലായ്)
- മെട്രോപൊളിറ്റൻ നഗരങ്ങളുടെ വളർച്ച.

**ദേശീയ ആസൂത്രണ കമ്മീഷൻ**

- പഞ്ചവത്സര പദ്ധതികൾ ഉൾപെടെ രാജ്യത്തിന്റെ വളർച്ചക്കും വികസനത്തിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ആവശ്യമായ സുപ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഭാരത സർക്കാരിന്റെ ഒരു ഉപദേശക സമിതിയായിരുന്നു ആസൂത്രണ കമ്മീഷൻ.
- 1950 മാർച്ച് 15 ന് നിലവിൽ വന്നു.
- ചെയർമാൻ – ജവഹർലാൽ നഹ്റു.

**പ്രധാന വിഷയങ്ങൾ**

- കൃഷി
- വ്യവസായം
- തൊഴിലും ജനസംഖ്യയും
- കൈമാറ്റവും ധനകാര്യവും
- ഗതാഗതവും വാർത്താവിനിമയവും
- ആരോഗ്യവും പാർപ്പിടവും
- വിദ്യാഭ്യാസം
- സ്ത്രീകളുടെ പങ്ക്.

- 2014 മുതൽ ആസൂത്രണ കമ്മീഷൻ നിറുത്തുകയും പകരം ***നീതി ആയോഗ്*** എന്ന പേരിൽ പുതിയ സ്ഥാപനം നിലവിൽ വരികയും ചെയ്തു.

## Unit IX: Cultural Change

- Cultural Change
- Social reform movements in the 19th and early 20th C
- Sanskritisation
- Modernisation
- Secularisation
- Westernisaion

### സാംസ്കാരിക മാറ്റം (Cultural Change)

- ഭൗതികവും അഭൗതികവുമായ സംസ്കാരത്തിൻറെ ഘടകങ്ങളിലുള്ള മാറ്റമാണിത്.
- കൊളോണിയലിസത്തിൻറെ ഫലമായി സംഭവിച്ച സാംസ്കാരിക മാറ്റങ്ങളാണ് ഈ പാഠഭാഗം ചർച്ചചെയ്യുന്നത്.
- ഘടനാപരമായ മാറ്റങ്ങളും, സാംസ്കാരിക മാറ്റങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.
- 19, 20 നൂറ്റാണ്ടിലെ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ
- സമൂഹത്തിലുള്ള ദുരാചാരങ്ങൾക്കെതിരെയായിരുന്നു സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ .
    - സതി
    - ശൈശവവിവാഹം
    - വിധവാവിവാഹ നിരോധനം
    - ജാതി വിവേചനം
    - സ്ത്രീ വിരുദ്ധത
    - പെൺ ശിശുഹത്യ
    - തൊട്ടുകൂടായ്മ

- ബുദ്ധമതം, ഭക്തിസൂഫി പ്രസ്ഥാനങ്ങളും ഇത്തരം വിവേചനങ്ങൾക്കെതിരെ പോരാടിയിരുന്നു.

### ആശയങ്ങളുടെ സംയോജനം

- സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളിൽ പാശ്ചാത്യ ആശയങ്ങളുടേയും, പരമ്പരാഗത ആശയങ്ങളുടേയും സംയോജനം കാണാനാവും.

| വ്യക്തികൾ | സംഭാവനകൾ | കടമെടുത്ത ആശയങ്ങൾ |
|---|---|---|
| രാജാറാം മോഹൻ റോയ് | ബ്രഹ്മ സമാജം- സതി നിരോധനം | മാനവികത, പ്രകൃതിദത്താവകാശങ്ങൾ (പാശ്ചാത്യ സിദ്ധാന്തങ്ങൾ), ഹൈന്ദവ ശാസ്ത്രങ്ങൾ |
| റാനഡെ | പ്രാർത്ഥനാ സമാജം- വിധവാ വിവാഹം | ഹൈന്ദവ ശാസ്ത്രങ്ങൾ |
| സർസയ്യിദ് അഹമ്മദ് ഖാൻ | അലീഗഢ് പ്രസ്ഥാനം- മുസ്ലിം സ്ത്രീകളുടെ ഉന്നമനം | ഖുർആനിലെ ആശയങ്ങൾ |
| വിരേശലിംഗം | അറിവിന്റെ ഉറവിടങ്ങൾ | നവ്യന്യായ തർക്കശാസ്ത്രം |

**സതീഷ് സെബർവാൾ**

- ഇന്ത്യയിലുണ്ടായ മാറ്റങ്ങൾക്ക് 3 തലങ്ങളുണ്ട്.

**വിനിമയരീതികൾ (Modes of Communications)**

- അച്ചടിയന്ത്രം, ടെലഗ്രാഫ്, മൈക്രോഫോൺ, ആവിക്കപ്പൽ, റെയിൽവേ തുടങ്ങിയവയുടെ ഉപയോഗം
- സാമൂഹിക പരിഷ്കർത്താക്കൾ അവരുടെ ആശയങ്ങൾ പരസ്പരം കൈമാറി

**സംഘടനാ രൂപങ്ങൾ (Forms of Organisation)**

- ബ്രഹ്മ സമാജം (ബംഗാൾ), ആര്യ സമാജം (പഞ്ചാബ്)
- 1914- അഖിലേന്ത്യാ മുസ്ലിം വനിതാ കോൺഫറൻസ് സ്ഥാപിച്ചു.
- ആശയങ്ങൾ പ്രചരിപ്പിക്കാൻ പത്രം, വാർത്താ പത്രിക എന്നിവ ഉപയോഗിച്ചു.
- 1868 ൽ വിദ്യാസാഗറിൻറെ പുസ്തകമായ ഇന്ദുപ്രകാശ് വിഷ്ണു ശാസ്ത്രി മറാഠിയിലേക്ക് പരിഭാഷപ്പെടുത്തി.

**ആശയങ്ങളുടെ പ്രകൃതം. (Nature of Ideas)**

- വിപ്ലവകരവും, പ്രവർത്തനാത്മകവുമായ ആശയങ്ങൾ
- ഉദാരവാദവും സ്വാതന്ത്ര്യവും പ്രചരിച്ചു.
- വിദ്യാഭ്യാസ മൂലത്തിന് പ്രാധാന്യം നൽകി.

- സ്ത്രീ വിദ്യാഭ്യാസം എന്ന ആശയം വ്യാപകമായി ചർച്ചചെയ്യപ്പെട്ടു.
- **ജ്യോതിബാ ഫൂലെ 1848** ൽ സ്ത്രീകൾക്കുവേണ്ടി ആദ്യ വിദ്യാലയം പൂനെയിൽ ആരംഭിച്ചു.
- ഹിന്ദുമതത്തിലെ യധാർത്ഥ അന്തഃസത്തയിലുണ്ടായ അപചയമാണ് സാമൂഹ്യ അനാചാരങ്ങൾ ഉണ്ടാവാൻ കാരണമെന്ന് വിലയിരുത്തപ്പെട്ടു.
- മുസ്ലിംകൾക്കിടയിൽ നിലനിന്നിരുന്ന ബഹുഭാര്യത്വം ഖുറാൻറെ അന്തസത്തക്കെതിരാണ് – **ജഹനാര ഷാനവാസ്.**

**സംസ്കൃത വത്കരണം (Sanskritisation)**

- എം. എൻ ശ്രീനിവാസ്
- 1952 ലെ കൂർഗ് വിഭാഗത്തിലെ പഠനത്തിലാണ് ആദ്യമായി ഈ പദം ഉപയോഗിച്ചത്.
- കീഴ്ജാതിയിലെ അംഗങ്ങൾ അവരുടെ സ്വന്തം സാമൂഹിക പദവി ഉയർത്തുന്നതിനുവേണ്ടി മേൽജാതിക്കാരുടെ ആചാരങ്ങളും ജീവിത രീതികളും, സാമൂഹ്യ സമ്പ്രദായങ്ങളും സ്വീകരിക്കുന്ന പ്രക്രിയയാണ് സംസ്കൃത വത്കരണം.
- താഴ്ന്ന ജാതി ഉയർന്ന ജാതിയിലേക്ക് ചലിക്കുന്ന പ്രക്രിയയാണിത്.
- അനുകരണത്തിലൂടെയാണ് ഇത് നേടിയെടുക്കുന്നത്.
- രാജ്യത്ത് എല്ലായിടത്തും സംസ്കൃതവത്കരണത്തിൻറെ വേഗത ഒരുപോലെയല്ല.
- സംസ്കൃതവത്കരിക്കപ്പെട്ട ജാതിക്ക് മേധാവിത്വമുള്ള പ്രദേശങ്ങളിലെ സംസ്കൃതവത്കരണം പെട്ടന്ന് നടക്കുന്നു.

- സംസ്കൃതവത്കരിക്കപ്പെടാത്ത ജാതിക്ക് മേധാവിത്വമുള്ള പ്രദേശങ്ങളിൽ ജാതികളുടെ സ്വാധീനം ശക്തമായിരിക്കും. സംസംകാരം സംസ്കൃതവത്കരണത്തിൽനിന്ന് സ്വതന്ത്രമായിരിക്കും.
- ഈ പ്രക്രിയയെ **'അപസംസ്കൃതവത്കരണം' (Desanskritisation)** എന്നുപറയുന്നു.
- സംസ്കൃതവത്കരണം പ്രാദേശിക ജാതി ശ്രേണിയിലുള്ള സ്ഥാനം മെച്ചപ്പെടുത്തുന്നു.

**സംസ്കൃതവത്കരണം –വിമർശനങ്ങൾ**

- ഇത് സാമൂഹ്യ ചലനാത്മകതയെ (Social Mobiltiy) പെരുപ്പിച്ച് കാണിക്കുന്നു.
- ഇത് ഉയർന്നജാതിക്കാരുടെ ജീവിതരീതിയെ ശ്രേഷ്ഠമായും താഴ്ന്ന ജാതിയെ അധമമായും കാണുന്നു.
- അസമത്വം, ബഹിഷ്കരണം, ശുദ്ധാശുദ്ധം എന്നിവയെ ഇത് ന്യായീകരിക്കാൻ ശ്രമിക്കുന്നു.
- പെൺകുട്ടികളെയും, സ്ത്രീകളേയും ഒറ്റപ്പെടുത്തുന്നതിനും, സ്ത്രീധന സമ്പ്രദായത്തിനും, ജാതി വിവേചനത്തിനും കാരണമാവുന്നു.
- ദളിത് വിഭാഗത്തിൻറെ സവിശേഷതകൾ നശിപ്പിക്കപ്പെട്ടു.

**പാശ്ചാത്യവത്കരണം (Westernisaion)**

- പാശ്ചാത്യ സംസ്കാരമായും, ബ്രിട്ടീഷുകാരുമായും ഇന്ത്യക്കാർക്കുണ്ടായ സമ്പർക്കത്തിൻറെ ഫലമായി രാജ്യത്തുണ്ടായ മാറ്റങ്ങളാണിത്.
- പാശ്ചാത്യ ജീവിതരീതികളെ അനുകരിക്കുന്ന പ്രക്രിയിയാണിത്.
- *"150ലേറെ വർഷത്തെ ബ്രിട്ടീഷ് ഭരണത്തിൻറെ ഫലമായി ഇന്ത്യൻ സമൂഹത്തിലും, സംസ്കാരത്തിലുമുണ്ടായ മാറ്റങ്ങളാണിത്. സാങ്കേതിക വിദ്യ, സ്ഥാപനങ്ങൾ, ആശയങ്ങൾ, മൂല്യങ്ങൾ തുടങ്ങിയവയിലുള്ള മാറ്റങ്ങളെ ഈ പദം ഉൾക്കൊള്ളുന്നു".* – **എം. എൻ. ശ്രീനിവാസ്**
- സാങ്കേതിക വിദ്യ, വസ്ത്രങ്ങൾ, ഭക്ഷണ രീതികൾ തുടങ്ങിയവയിലെല്ലാം പാശ്ചാത്യവത്കരണം സ്വാധീനിച്ചു.
- ഇന്ത്യൻ കലകളേയും ഇത് സ്വാധീനിച്ചു.
- രവിവർമ്മ, ടാഗോർ, ചന്തുമേനോൻ, ബങ്കിംചന്ദ്ര ചതോപദ്ധ്യായ തുടങ്ങിയ എഴുത്തുകാരെയും കലാകാരന്മാരെയും ഇത് സ്വാധീനിച്ചു.
- *"താഴ്ന്ന ജാതിക്കാർ സംസ്കൃതവത്കരിക്കപ്പെടാനും, ഉയർന്ന ജാതിക്കാർ പാശ്ചാത്യവത്കരിക്കാനുമാണ് ശ്രമിച്ചത്"* – **എം.എൻ ശ്രീനിവാസ്.**

**ആധുനിക വത്കരണം (Modernisation)**

- സാങ്കേതിക വിദ്യയിലേയും, ഉദ്പാദനപ്രക്രിയകളിലേയും പുരോഗതിയെ ഈ പദം സൂചിപ്പിക്കുന്നു.
- പരമ്പരാഗത സമൂഹത്തിൽനിന്നും പരിഷ്കൃത സമൂഹത്തിലേക്കുള്ള മാറ്റത്തെയും ഈ പദം സൂചിപ്പിക്കുന്നു.
- ഇന്ത്യയിൽ ആധുനികവത്കരണമാരംഭിച്ചത് ബ്രിട്ടീഷ് ഭരണകാലത്താണ്.

**ആധുനികവത്കരണത്തിൻറെ സവിശേഷതകൾ**

- പ്രാദേശികമായ കെട്ടുപാടുകളേയും, സങ്കുചിതമായ വീക്ഷണങ്ങളേയും ഇത് നിഷേധിക്കുന്നു. പകരം കോസ്മോ പൊളിറ്റൻ മനോഭാവങ്ങൾക്ക് പ്രാധാന്യം.
- ശാസ്ത്രീയമായ കാര്യങ്ങൾക്ക് പ്രാധാന്യം
- വ്യക്തികൾക്ക് പ്രാധാന്യം
- മനുഷ്യൻ ജീവിക്കുകയും പ്രവൃത്തിക്കുകയുംചെയ്യുന്ന സംഘടനകളുടെ അടിസ്ഥാനം ജനനമാവരുത് അത് നേടിയെടുത്തതായിരിക്കണം.
- അറിവിന് പ്രാധാന്യം.
- മനുഷ്യൻറെ സ്വത്വം നേടിയെടുത്തതായിരിക്കണം.
- ബ്യൂറോക്രറ്റിക് സംവിധാനത്തിൽ കുടുംബം, സമൂഹം, താമസ സ്ഥലം എന്നിവയിൽനിന്ന് തൊഴിൽ വിട്ടുനിൽക്കണം.

**മതേതരത്വം (Secularisation)**

- മതത്തിൻറെ സ്വാധീനം കുറയുന്ന പ്രക്രിയയാണ് പാശ്ചാത്യ ലോകത്ത് മതേതരത്വം.
- ആധുനിക സമൂഹം മതേതരമായിക്കൊണ്ടിരിക്കുക യാണെന്നാണ് ആധുനിക സൈദ്ധാന്തികർ പറയുന്നത്.
- ജാതിയുടെ മതേതരവത്കരണം
- എന്നാൽ പുതിയ മതസംഘടനകൾ ഉയർന്നുവരുന്നതിന് ആധുനികവത്കരണം കാരണമായിട്ടുണ്ട്.

# Unit X: The Story of Democracy

- Democracy: meaning
- Types of Democracy
- The core values of Indian Democracy
- Constituent assembly debates: a history
- The constitution and Social change
- Constitutional norms and Social justice
- Panchayatiraj

## Democracy (ജനാധിപത്യം)

- ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി ജനങ്ങൾ ഭരിക്കുന്ന ജനങ്ങളുടെ ഗവൺമെൻറാണിത്.

**രണ്ടുതരം ജനാധിപത്യമുണ്ട്**

### പ്രത്യക്ഷ ജനാധിപത്യം (Direct Democracy)

- എല്ലാ ജനങ്ങളും ഭരണത്തിൽ പങ്കാളികളാവുന്നു.
- വളരെ കുറഞ്ഞ ജനസംഖ്യ മാത്രമുള്ളിടത്തേ ഇത് നടക്കുകയുള്ളൂ.
- ഉദാ. ഏഥൻസ്, സാമുദായിക സംഘടന, ഗോത്ര സമിതി, ട്രേഡ് യൂണിയൻ

### പ്രാതിനിധ്യ ജനാധിപത്യം (Representative Democracy)

- പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു.
- ഈ പ്രതിനിധികൾ ഭരണകാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്നു.
- ഓരോ പൗരൻമാർക്കും പ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള അവസരമുണ്ട്.
- ഉദാ. പഞ്ചായത്ത്, മുനിസിപ്പൽ ബോഡി, നിയമസഭ, പാർലിമെൻറ്

## ഇന്ത്യൻ ജനാധിപത്യത്തിൻറെ കേന്ദ്ര മൂല്യങ്ങൾ (The core values of Indian Democracy)

- ജനാധിപത്യ മൂല്യങ്ങളും സ്ഥാപനങ്ങളും പുരാതനകാലം മുതൽക്കുതന്നെ ഇന്ത്യയിൽ നിലനിന്നിരുന്നു.
- ജനാധിപത്യ റിപ്പബ്ലിക്കൻ ഭരണകൂടവും ഇന്ത്യയിൽ നിലനിന്നിരുന്നു (16 ജനപഥങ്ങൾ).
- ചർച്ചകളും വിരുദ്ധ വീക്ഷണങ്ങളുമാണ് ജനാധിപത്യത്തിൻറെ മുഖമുദ്ര.
- പാശ്ചാത്യവും ഭാരതീയവുമായ ആശയങ്ങളുടെ സമന്വയം ഇതിൽ കാണാനാവും.
- സാമൂഹ്യ പരിഷ്കർത്താക്കൾ ആധുനിക ആശയമായ സമത്വവും, പരമ്പരാഗത ആശയമായ നീതിയും ഉപയോഗിച്ചു.

- സ്വാതന്ത്ര്യ സമരകാലത്തുതന്നെ ഇന്ത്യൻ ജനാധിപത്യം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാട് ദേശീയ നേതാക്കൾക്കിടയിലുണ്ടായിരുന്നു.
- 1928 ൽ മോത്തിലാൽ നഹ്റുവും 8 കോൺഗ്രസ് നേതാക്കളും ചേർന്ന് ഇന്ത്യക്ക് ഒരു ഭരണഘടന തയ്യാറാക്കി.
- 1931 ലെ കറാച്ചി സമ്മേളനം ഉയർത്തിപ്പിടിച്ച മൂല്യങ്ങളെല്ലാം തന്നെ ഇന്ത്യൻ ഭരണഘടന പൂർണ്ണമായും ഉൾകൊണ്ടിട്ടുണ്ട്.

**ഭരണഘടനാ നിർമ്മാണസഭയിലെ സംവാദങ്ങൾ**

- 1939 ൽ ഗാന്ധിജി അദ്ദേഹത്തിൻറെ **'ഹരിജൻ'** എന്ന പത്രത്തിൽ **'ഒരേയൊരു മാർഗ്ഗം' (The only Way)** എന്ന പേരിൽ സ്ത്രീകളുടേയും പുരുഷൻമാരുടേയും വോട്ടവകാശവുമായി ബന്ധപ്പെട്ടുള്ള ലേഖനത്തിൽ ഭരണഘടനാ നിർമ്മാണ സഭയുടെ ആവശ്യകത മുന്നോട്ടുവെച്ചു.
- 1946 ജൂലൈയിൽ ഭരണഘടനാ നിർമ്മാണ സഭ നിലവിൽവന്നു.
- 1946 ആഗസ്റ്റിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൻറെ വിദഗ്ദ കമ്മിറ്റി ഭരണഘടനാ നിർമ്മാണസഭയിൽ ഒരു പ്രമേയം അവതരിപ്പിച്ചു.
- എല്ലാ ഇന്ത്യക്കാർക്കും സാമൂഹികവും, രാഷ്ട്രീയവുമായ നീതി ഉറപ്പാക്കുന്നതായിരിക്കണം ഇന്ത്യ എന്ന് ഈ പ്രമേയം പ്രഖ്യാപിച്ചു.
- ഭരണഘടനാ നിർമ്മാണ സഭയിൽ നിരവധി ചർച്ചകൾ നടന്നു.

**ഭരണഘടനാ നിർമ്മാണ സഭയിലെ ചർച്ചകൾ**

- **കെ.ടി. ഷാ –** എല്ലാ പൗരൻമാർക്കും രാഷ്ട്രം തൊഴിൽ നൽകണം.
- **ബി. ദാസ് –** സാമൂഹ്യ നീതി, സാമൂഹ്യ സുരക്ഷ ഗവൺമെൻറിൻറെ കർത്തവ്യം.
- **അംബേദ്കർ-** അധികാരത്തിലെത്തുന്നവർ നിർദ്ദേശക തത്വങ്ങൾ പാലിക്കണം.
- **നഹ്റു –** ഗോത്രവർഗ്ഗക്കാരുടെ പുരോഗതി രാഷ്ട്രത്തിൻറെ ലക്ഷ്യമായിരിക്കണം.
- **കെ. ശാന്താറാം –** ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കണം.
- **ടി.എ. രാമലിംഗം ചെട്ട്യാർ-** ഗ്രാമങ്ങളിൽ കുടിൽ വ്യവസായങ്ങൾ സംഘടിപ്പിക്കണം.
- **താക്കൂർ ദാസ് ഭാർഗവ-** ആധുനിക കൃഷി, മൃഗസംരക്ഷണം.

**മത്സരാധിഷ്ഠിത താൽപര്യങ്ങൾ**

- ഇന്ത്യൻ സമൂഹത്തിൽ അനേകം ബഹുത്വങ്ങൾ നിലനിൽക്കുന്നു.
- നഗരം-ഗ്രാമം, സമ്പന്നർ-ദരിദ്രർ, സാക്ഷരർ-നിരക്ഷരർ എന്നിങ്ങനെയുള്ള വ്യത്യസ്ഥ വിഭാഗങ്ങളിൽ സംസ്കാരം, മതം, ജാതി എന്നിവയുടെ സ്വാധീനം വ്യത്യസ്ഥമാണ്.
- ഇന്ത്യയിൽ വിവിധ വിഭാഗങ്ങളിലും വർഗ്ഗങ്ങളിലും പെട്ട ഇവർക്കെല്ലാം അവരുടേതായ താൽപര്യങ്ങളുണ്ട്.
- ഇത് ഇവർക്കിടയിൽ മത്സരത്തിന് കാരണമാവുന്നു.
- ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇന്ത്യൻ ഭരണഘടന ചില അടിസ്ഥാന ലക്ഷ്യങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ട്.
- ദരിദ്രരേയും പാർശ്വവത്കരിക്കപ്പെട്ടവരേയും ശാക്തീകരിക്കുക, ദാരിദ്ര്യ നിർമ്മാർജ്ജനം, ജാതി വിവേചനം അവസാനിപ്പിക്കൽ, എല്ലാവർക്കും തുല്യമായ പരിഗണന എന്നിവയാണവ.

**ഭരണഘടനാപരമായ ചട്ടങ്ങളും സാമൂഹ്യ നീതിയും.**

**നിയമവും നീതിയും**

- നിയമത്തിൻറെ സത്ത ബലപ്രയോഗമാണ്.
- അനുസരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ നിയമത്തിനുണ്ട്.
- രാഷ്ട്രത്തിൻറെ ശക്തിയും അതിനുപുറകിലുണ്ട്.

- നീതിയുടെ സത്ത ന്യായമാണ്.
- ഏതൊരു നിയമവും പ്രവർത്തിക്കുന്നത് ഒരു അധികാരശ്രേണിയിലൂടെയാണ്.
- എല്ലാ നിയമങ്ങളും അധികാരങ്ങളും പ്രവഹിക്കുന്നത് ഭരണഘടനയിൽനിന്നാണ്.
- ഒരു രാഷ്ട്രത്തിൻറെ നിയമങ്ങൾ രൂപവത്കരിക്കുന്ന പ്രമാണമാണ് ഭരണഘടന.
- എല്ലാ നിയമങ്ങളും നിർമ്മിക്കുന്നതും നടപ്പിലാക്കുന്നതും ഭരണഘടനയുടെ നിർദ്ദേശമനുസരിച്ച് ചുമതലപ്പെടുത്തീട്ടുള്ള അധികാരികളാണ്.
- ഒരു തർക്കമുണ്ടാവുമ്പോൾ നിയമങ്ങളെ വ്യാഖ്യാനിക്കുന്നത് കോടതികളാണ്.
- നിർദ്ദേശക തത്വങ്ങളെ മൗലികാവകാശങ്ങളുടെ പരിതിയിൽ നിർത്തിക്കൊണ്ട് വ്യാഖ്യാനിക്കാനും സുപ്രീംകോടതി ശ്രമിച്ചു.
- തുല്യ ജോലിക്ക് തുല്യ വേതനം  സമത്വാവകാശം

**പഞ്ചായത്ത് രാജും ഗ്രാമീണ പരിവർത്തനത്തിലെ വെല്ലുവിളികളും.**

- പഞ്ചായത്ത് രാജ് എന്ന പദത്തിനർത്ഥം 'വ്യക്തികളുടെ ഭരണം' എന്നാണ്.
- ജനാധിപത്യത്തെ ഗ്രാമ തലത്തിൽ എത്തിക്കുകയും, സാധാരണ ജനങ്ങളുടെ പങ്കാളിത്തം അതിൽ ഉറപ്പുവരുത്തുകയുമാണ് ഇതിൻറെ ലക്ഷ്യം.
- ഗ്രാമ പഞ്ചായത്ത് (Village Level), പഞ്ചായത്ത് സിമിതി (Block Level), സില്ലാ പഞ്ചായത്ത് (District Level) എന്നിവ ഇതിൻറെ 3 തലങ്ങളാണ്.
- ഗ്രാമങ്ങളുടെ ഭരണത്തിൽ ജാതി പഞ്ചായത്തുകൾ പ്രധാന പങ്കുവഹിച്ചിരുന്നെങ്കിലും അവയൊന്നും പൂർണ്ണ ജനാധിപത്യമായിരുന്നില്ല.

**ജാതി പഞ്ചായത്തുകളുടെ പ്രത്യേകതകൾ**

- പ്രബല വിഭാഗങ്ങൾക്ക് പ്രാതിനിധ്യം.
- ഇവരുടെ തീരുമാനങ്ങൾ പലപ്പോഴും ജനാധിപത്യത്തിന് എതിരായിരുന്നു.
- അസമത്വങ്ങൾ നിറഞ്ഞതായിരുന്നു.

**പഞ്ചായത്ത് രൂപീകരണത്തിൽ വിവിധ നേതാക്കൾക്ക് വിവധ അഭിപ്രായങ്ങളായിരുന്നു ഉണ്ടായിരുന്നത്.**

**അംബേദ്കർ**

- ഗ്രാമങ്ങളിലെ ഉപരിവർഗ്ഗവും ഉയർന്ന ജാതിക്കാരും പഞ്ചായത്തുകളെ അടക്കി ഭരിക്കും.
- അവർ താഴെതട്ടിലുള്ളവരെ ചൂഷണം ചെയ്യും
- ഇങ്ങനെ ചവിട്ടിമെതിക്കപ്പെട്ട ജനവിഭാഗങ്ങളെ നിശബ്ദരാക്കാൻ ഉന്നത ജാതിക്കാർ പഞ്ചായത്തുകളെ ഉപയോഗിക്കുമെന്നും അംബേദ്കർ അഭിപ്രായപ്പെട്ടു.

**ഗാന്ധിജി**

- പ്രാദേശിക സ്വയംഭരണത്തെ ഇദ്ദേഹം അനുകൂലിച്ചു.
- ഓരോ ഗ്രാമവും സ്വയം പര്യാപ്തമായ യൂണിറ്റാണ്.
- ഗ്രാമ സ്വരാജ്യം സ്വതന്ത്രാനന്തരം തുടരാവുന്ന ഒരു മാതൃകയാണ്.

- 1992 ലെ എഴുപത്തിമൂന്നാം ( 73 ) ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തിരാജ് നടപ്പിലാക്കി. ***1973 ൽ നിയമം നിലവിൽ വന്നു.***
- ഭരണഘടനാപരമായ പദവി ലഭിച്ചു.
- 5 വർഷത്തിലൊരിക്കൽ തിരഞ്ഞെടുപ്പ്
- പ്രാദേശിക വിഭവങ്ങളുടെ നിയന്ത്രണം പഞ്ചായത്ത് സമിതിക്ക് ലഭിച്ചു.
- ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതികൾ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു.
- 33% സീറ്റുകൾ സ്ത്രീകൾക്ക് 17 % സീറ്റുകൾ പട്ടികജാതി, പട്ടിക വർഗ്ഗ സ്ത്രീകൾക്ക്.
- സ്ത്രീ ശാക്തീകരണം 93-94 ഭേദഗതികൾ
- 1993-94 തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ 8 ലക്ഷത്തോളം സ്ത്രീകൾ പങ്കെടുത്തു.

**പഞ്ചായത്തുകളുടെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും.**

- സാമ്പത്തിക വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കൽ
- സാമൂഹ്യ നീതി വളർത്താനുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.
- നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസുകൾ എന്നിവ ചുമത്തുകയും പിരിച്ചെടുക്കുകയും വിനിയോഗിക്കുകയും ചെയ്യുക.
- ഗവൺമെൻറിന്റെ ഉത്തരവാദിത്തങ്ങൾ കൈമാറ്റം ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുക.
- ശ്മശാനങ്ങൾ നിലനിർത്തുക
- ജനന മരണ നിരക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുക.
- ശിശു ക്ഷേമ മാതൃത്വ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- കുടുംബാസൂത്രണത്തെ പ്രോത്സാഹിപ്പിക്കുക.
- കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുക.
- റോഡുകൾ, പൊതു കെട്ടിടങ്ങൾ, കിണറുകൾ, കുളങ്ങൾ, വിദ്യാലയങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ.
- സ്വത്ത് നികുതി, തൊഴിൽ നികുതി, വാഹന നികുതി, ഭൂ നികുതി, വാടകകൾ തുടങ്ങിയവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ.

**ന്യായ പഞ്ചായത്തുകൾ (Nyaya Panchayats)**

- ചെറിയ സിവിൽ, ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യാൻ അധികാരമുള്ള പഞ്ചായത്തുകളാണിത്.
- ഇത്തരം പഞ്ചായത്തുകൾക്ക് പിഴ ചുമത്താമെങ്കിലും ശിക്ഷ നൽകാൻ അധികാരമില്ല.
- വ്യക്തികൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിൽ വിജയം കൈവരിച്ചിട്ടുണ്ട്.
- സ്ത്രീധനം, സ്ത്രീ പ്രശ്നങ്ങൾ എന്നിവയിൽ ഫലപ്രതമായി തീരുമാനങ്ങളെടുക്കുന്നു.

**നഗരപാലികാ സംവിധാനം (Nagarapalikas)**

- 74 ആം ഭേദഗതി
- 1993 ജൂൺ 1 ന് ഈ നിയമം പ്രാബല്യത്തിൽ വന്നു.
- നഗരങ്ങളിലെ തദ്ദേശ സ്വയംഭരണത്തെകുറിച്ചുള്ളതാണിത്.

**വാൻ പഞ്ചായത്തുകൾ (Van Panchayats)**

- ഉത്തരഖണ്ഡിൽ
- വന നശീകരണം തടയുന്നതിനുവേണ്ടി കൊണ്ടുവന്നു.
- ചെടികൾ, വൃക്ഷ തൈകൾ കുന്നിൻചെരിവുകളിൽ നട്ടുപിടിപ്പിച്ചു.
- നിയമ വിരുദ്ധമായി മരം മുറിക്കുന്നതിനെതിരെ വാൻ പഞ്ചായത്തുകളിലെ അംഗങ്ങൾ വനങ്ങൾക്ക് കാവലിരുന്നു.

**ഗോത്രവർഗ്ഗ പ്രദേശങ്ങളിലെ പഞ്ചായത്ത് രാജ്**

- മേഘാലയിലെ ഗോത്ര വർഗ്ഗക്കാരായ ഖാസികൾ, ജയന്തികൾ, ഖാരോകൾ എന്നിവർക്ക് നൂറ്റാണ്ടുകൾ പഴക്കമുള്ള പരമ്പരാഗത രാഷ്ട്രീയ സ്ഥാപനങ്ങളുണ്ടായിരുന്നു.
- ഗ്രാമം, കുലം, സംസ്ഥാനം എന്നീ മേഖലകളായി അവ പ്രവൃത്തിച്ചുരുന്നു.
- ഓരോ കുലത്തിനും സ്വന്തമായൊരു കൗൺസിൽ ഉണ്ടായിരുന്നു.
- **ദർബാർ കുർ** (Darbar Kur) എന്നാണ് ഇതറിയപ്പെട്ടത്.
- ഗോത്ര വർഗ്ഗ പ്രദേശങ്ങളിൽ നല്ലൊരു വിഭാഗം 73 ാം ഭേദഗതിയുടെ പരിധിയിൽ വരുന്നില്ല.

**ടിപ്ലത് നോങ്ക്ബ്രി**

- ഗോത്രസ്ഥാപനങ്ങളുടെ ഘടനയും പ്രവർത്തനവും ജനാധിപത്യപരമായിക്കൊള്ളണമെന്നില്ല.
- സമത്വ സവിശേഷതകളുണ്ടെങ്കിലും ഇവർക്കിടയിൽ സാമൂഹ്യ വിഭദനം നിലനിൽക്കുന്നുണ്ട്.
- ഇവർ സ്ത്രീകളോട് കടുത്ത അസഹിഷ്ണുത കാണിച്ചിരുന്നു.

**ജനാധിപത്യവത്കരണവും അസമത്വവും**

- ജാതി, സമുദായം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ അസമത്വമുള്ള സമൂഹത്തിൽ ജനാധിപത്യവത്കരണം എളുപ്പമുള്ള കാര്യമല്ല.
- ഇന്ത്യൻ ഗ്രാമീണ ഘടന അസമത്വം നിറഞ്ഞതാണ്.
- ഉന്നത ജാതിയിൽപെട്ടവരാണ് പലയിടങ്ങളിലും ഗ്രാമങ്ങളിലെ അംഗങ്ങളെപോലും നിയന്ത്രിക്കുന്നത്.

**രാഷ്ട്രീയ പാർട്ടികൾ, സമ്മർദ്ദ സംഘങ്ങൾ, ജനാധിപത്യ രാഷ്ട്രീയം**

**രാഷ്ട്രീയ പാർട്ടികൾ**

- തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ നിയമാനുസൃതമായി ഗവൺമെൻറിൻറെ നിയന്ത്രണം നേടിയെടുക്കാൻവേണ്ടി രൂപീകരിക്കപ്പെട്ട സംഘടനകളാണിത്.

**ലക്ഷ്യങ്ങൾ**

- രാഷ്ട്രീയാധികാരം നേടുക.
- അധികാരം ഉപയോഗിച്ച് പ്രത്യേക പരിപാടികൾ നടപ്പിലാക്കുക.
- വ്യത്യസ്ഥ ജനവിഭാഗങ്ങളുടെ താൽപര്യം പ്രതിനിധാനം ചെയ്യുന്നു.

**സമ്മർദ്ധ ഗ്രൂപ്പുകൾ**

- തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്ന തോന്നലുണ്ടാവുംബോൾ ചില ഗ്രൂപ്പുകൾ ബദൽ പാർട്ടികൾ രൂപീകരിക്കാറുണ്ട്. ഇവയാണ് സമ്മർദ്ധ ഗ്രൂപ്പുകൾ
- ഇവർ ഗവണ്മെൻറിനെ സ്വാധീനിക്കാൻ ശ്രമിക്കുന്നു.

**ജനാധിപത്യ രാഷ്ട്രീയം**

- ജനങ്ങൾക്ക് അധികാരമുള്ള രാഷ്ട്രീയപ്രവർത്തനമാണിത്.
- ജനാധിപത്യം സാക്ഷാൽക്കരിക്കുന്നതിനായി രാഷ്ട്രീയ പാർട്ടികൾ ശ്രമിക്കുന്നു.
- ഇവിടെ ജനങ്ങൾക്കാണ് പ്രാധാന്യം.

## Unit XI: Change and development in Rural Society

- Introduction
- Agrarian tSructure: Caste and Class in Rural Area
- The Impact of Land reforms
- Land reforms in independent India
- The Green Revolution and its Consequences
- Transformation in Rural socitey after Independence
- Circulation of Labour
- Globalisation, Liberalisation and Rural Socitey

**ആമുഖം**

- ഇന്ത്യയിലെ ഭൂരിഭാഗം ആളുകളും ഗ്രാമപ്രദേശങ്ങളിലാണ് ജീവിക്കുന്നത് **(63 ശതമാനം).**
- കൃഷിഭൂമിയാണ് അവരുടെ പ്രധാന ഉല്പാദന വിഭവം.
- നമ്മുടെ പല സംസ്ക ആചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും കാർഷികമായരു പശ്ചാതലമുണ്ട്.
    - *ഉദാ. **ഓണം** (കേരളം), **പൊങ്കൽ** (തമിഴ്നാട്), **ബിഹു** (ആസ്സാം), **വൈശാഖി** (പഞ്ചാബ്), **ഉഗാദി** (കർണ്ണാടക)*
- ഗ്രാമീണ ജനതയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗ്ഗം കൃഷിയാണ്.
- കൃഷിയുമായി ബന്ധപ്പെട്ട ജോലികളാണ് ഇവർ ചെയ്തിരുന്നത്.

**കാർഷിക ഘടന**

- കൃഷിഭൂമിയുടെ നല്ലൊരുഭാഗവും കൈവശംവെച്ചിരുന്നത് സമ്പന്ന കുടുംബങ്ങളാണ്.
- ഇന്ത്യയിലെ മിക്ക പ്രദേശങ്ങളിലും സ്ത്രീകൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശമില്ല.
- ഗ്രാമീണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഉദ്പാദന വിഭവം ഭൂമിയാണ്.
- കാർഷികോല്പാദന പ്രക്രിയയിൽ ഓരോരുത്തർക്കുമുള്ള പങ്ക് നിർണ്ണയിക്കുന്നതും ഭൂമിയുടെ മേലിലുള്ള ഉടമസ്ഥാവകാശമാണ്.
- സ്വന്തമായി ഭൂമിയില്ലാത്ത കർഷക തൊഴിലാളികൾക്ക് വളരെ ചെറിയ വരുമാനം മാത്രമാണുള്ളത്.
- ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്ന കുടിയാൻമാരുടെ സ്ഥിതി വളരെ മോശമായിരുന്നു.
- വരുമാനത്തിൻറെ വലിയൊരു ഭാഗം പാട്ടമായി കൊടുക്കേണ്ടിയിരുന്നു.
- വർഗ്ഗ ഘടനയും ജാതിയും തമ്മിൽ അടുത്ത ബന്ധം ഉണ്ടായിരുന്നു.
- ഈ ബന്ധം ഉന്നതമധ്യ ജാതിക്കാർക്ക് ഭൂമിയുടെ അവകാശം നേടിക്കൊടുത്തു.
- താഴ്ന്ന ജാതിയിൽപെട്ടവർ ഉന്നത ജാതിക്കാർക്ക് വേണ്ടി നിർബന്ധിത വേല ചെയ്യേണ്ടിയിരുന്നു.
    - **ബെഗാർ -** വടക്കേ ഇന്ത്യ
    - **ഹൽപതി വ്യവസ്ഥ** - ഗുജ്റാത്ത്
    - **ജീറ്റ വ്യവസ്ഥ** – കർണ്ണാടക

**ഭൂപരിഷ്കരണങ്ങളുടെ സ്വാധീനം**

**കൊളോണിയൽ കാലഘട്ടം**

**സമീന്ദാരി സമ്പ്രദായം**

- 1793 ൽ കോൺവാലിസ് പ്രഭു കൊണ്ടുവന്നു.
- ബംഗാൾ, ബീഹാർ, ഒറീസ്സ എന്നിവിടങ്ങളിൽ നടപ്പിലാക്കി.
- ഈ നിയമപ്രകാരം സമീന്ദാർമ്മാർ ഭൂഉടമകളായി പ്രഖ്യാപിക്കപ്പെട്ടു.
- കർഷകരിൽനിന്നും ഒരു നിശ്ചിത സംഖ്യ ഭൂനികുതിയായി ഗവൺമെൻറിന് വേണ്ടി ഇവർ പിരിച്ചു.
- ഇതിൻറെ ഫലമായി കാർഷികോല്പാദനം മുരടിക്കുകയും തകരുകയും ചെയ്തു.

**റയറ്റ് വാരി സമ്പ്രദായം**

- 1820 ൽ തോമസ് മന്റ്രോ കൊണ്ടുവന്നു.
- മദ്രാസ്സ്, ബോംബെ, ആസ്സാം
- ഈ നിയമപ്രകാരം കർഷകർ ഭൂ ഉടമകളായി പ്രഖ്യാപിക്കപ്പെട്ടു.
- കർഷകർ നേരിട്ട് ഗവൺമെൻറിന് നിഗുതി നൽകി.

**മഹൽവാരി സമ്പ്രദായം**

- 1833 വില്ല്യം ബെൻറിക് പ്രഭു നടപ്പിലാക്കി.
- രണ്ടോ മൂന്നോ ഗ്രാമങ്ങളെ ഒരു മഹല്ല്കളാക്കി
- നിഗുതി പിരിക്കാൻ ഗ്രാമതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

**സ്വതന്ത്ര ഇന്ത്യയിലെ ഭൂ പരിഷ്കാരങ്ങൾ**

- സമീന്ദാരി സമ്പ്രദായം അവസാനിപ്പിച്ചു.
- കുടിയായ്മ അവസാനിപ്പിച്ചു.
- **ഭൂപരിധി നിയമങ്ങൾ (Land Celling  Act)** കൊണ്ടുവന്നു.
  - ഒരു കുടുംബത്തിന് കൈവശംവെക്കാവുന്ന ഏറ്റവും ഉയർന്ന പരിധി നിജപ്പെടുത്തി.
  - മിച്ചഭൂമി ഗവൺമെൻറ് പിടിച്ചെടുത്ത് ഭൂമിയില്ലാത്തവർക്ക് നൽകി. പ്രത്യേകിച്ച് പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർക്ക് നൽകി.

**ഹരിത വിപ്ലവം (Green Revolution)**

- 1960 -70 കളിൽ ഗവൺമെൻറ് നടപ്പിലാക്കിയ കാർഷിക നവീകരണ പരിപാടിയാണ് ഹരിത വിപ്ലവം.
- 1960 കളിലുണ്ടായ ഭക്ഷ്യ പ്രതിസന്ധിയെ നേരിടുന്നതിന് വേണ്ടി ഗവൺമെൻറ് ആവിശ്കരിച്ച തന്ത്രമാണിത്.

**പ്രത്യേകതകൾ**

- ഉയർന്ന വിളവുതരുന്ന വിത്തിനങ്ങൾ (HYV), കീടനാശിനികൾ, രാസവളങ്ങൾ എന്നിവയുടെ ഉപയോഗം.
- ജലസേചന സൗകര്യം കൊണ്ടുവന്നു

- ആധുനിക കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചു.
- ആദ്യ ഘട്ടങ്ങളിൽ പഞ്ചാബ്, ഉത്തർപ്രദേശ്, ആന്ദ്രപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ നടപ്പാക്കി.

**ഹരിത വിപ്ലവം –നേട്ടങ്ങൾ**

- കാർഷിക ഉദ്പാദനം നാലിരട്ടിയായി വർദ്ധിച്ചു.
- ഭക്ഷ്യോത്പാദനത്തിൽ ആധ്യമായി സ്വയം പര്യാപ്തത കൈവരിക്കാൻ ഇന്ത്യക്കു കഴിഞ്ഞു.
- കുറഞ്ഞ കാലംകൊണ്ട് വിളകൾ പാകമായി.
- കർഷകരുടെ വരുമാനം വർദ്ധിച്ചു.
- ഗ്രാമീണ സമൂഹങ്ങളുടെ പദവി ഉയർന്നു.
- വിപണിക്കുവേണ്ടി ഉദ്പാദനം നടത്താൻ തുടങ്ങി.
- പല വിളകൾക്ക് പകരം ഏക വിളകൾ ഉപയോഗിക്കാൻ തുടങ്ങി.

**ഹരിത വിപ്ലവം –പ്രത്യാഘാതങ്ങൾ**

- ഇത് ചെറുകിട കർഷകർക്ക് ഗുണം ചെയ്തില്ല.
- രാസ വളങ്ങളും കീടനാശിനികളും വാങ്ങാനുള്ള പണം ഇവർക്കുണ്ടായിരുന്നില്ല.
- ഇത് കുടിയാന്മാരായ കർഷകരുടെ കുടിയൊഴിപ്പിക്കലിനു കാരണമായി.
- ട്രാക്ടർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം തുടങ്ങിയ കാർഷികോപകരണങ്ങൾസ കൈതൊഴിലുകളെ ബാധിച്ചു.
- ഗ്രാമ നഗര കുടിയേറ്റം വർദ്ധിച്ചു.
- സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം വർദ്ധിച്ചു.
  - സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരുമായി.
- കീടനാശിനികളുടെ അമിത ഉപയോഗം മണ്ണിൻറെ ഘടന മാറ്റിമറിച്ചു.
- ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിച്ചു.

**ഹരിത വിപ്ലവം –രണ്ടാം ഘട്ടം**

- വരണ്ടതും ജലലഭ്യത കുറഞ്ഞതുമായ പ്രദേശങ്ങളിൽ നടപ്പിലാക്കി.
- ഇവിടെ ജലസേചന സൌകര്യങ്ങൾ കൊണ്ടുവന്നു.
- കൃഷിയുടെ വാണിജ്യവത്കരണത്തെ പ്രോത്സാഹിപ്പിച്ചു.
- നാണ്യവിളകളുടെ ഉദ്പാദനത്തിന് പ്രാധാന്യം നൽകി.
- വിപണി ലക്ഷ്യമാക്കിയുള്ള ഉദ്പാദനത്തിന് വലിയ പ്രാധാന്യം ലഭിച്ചു.
- എന്നാൽ രണ്ടാം ഘട്ടം കർഷകരുടെ അരക്ഷിതാവസ്ഥ വർദ്ധിപ്പിക്കുകയാണ് ചെയ്തത്.
- വിളവിൻറെ വിലയിലുണ്ടായ ഇടിവും, മോശമായ വിളവും കർഷകരെ തകർച്ചയിലേക്ക് നയിച്ചു.

**ഗ്രാമസമൂഹത്തിൽ സ്വാതന്ത്ര്യത്തിനു ശേഷമുണ്ടായ പരിവർത്തനങ്ങൾ**

- കർഷക തൊഴിലാളികളുടെ ആവശ്യകത വർദ്ധിച്ചു.

- സാധനത്തിന് പകരം 'പണം' കൂലിയായി നൽകി.
- കൃഷിക്കാരും ഭൂവുടമകളും തമ്മിലുള്ള പരമ്പരാഗത ബന്ധങ്ങളും കെട്ടുപാടുകളും കുറഞ്ഞുവന്നു.
- സ്വതന്ത്ര കൂലിവേലക്കാരുടെ ഒരു വർഗ്ഗം ഉയർന്നുവന്നു.

- ***"രക്ഷാധികാരത്തിൽനിന്ന് ചൂഷണത്തിലേക്കുള്ള മാറ്റം"* – Jan Breman**
- പ്രബല ജാതികളിൽപെട്ട ഭൂവുടമകളും താഴ്ന്ന ജാതിയിൽപെട്ട തൊഴിലാളികളും തമ്മിലുള്ള ബന്ധങ്ങളിൽ മാറ്റങ്ങൾ സംഭവിച്ചു.
- കൃഷി വാണിജ്യവത്കരിക്കപ്പെട്ടു.
- ഗ്രാമങ്ങളിലേക്കുള്ള പണത്തിൻറെ ഒഴുക്ക് വർദ്ധിച്ചു.
- ബിസ്സിനസ്സ് തൊഴിലവസരങ്ങൾ വർദ്ധിച്ചു.
- ഗവൺമെൻറ് ആധുനിക കൃഷി രീതികളെ പ്രോത്സാഹിപ്പിച്ചു.
- ജലസേചന സൌകര്യങ്ങൾ, റോഡുകൾ, വൈദ്യുതി എന്നിവക്ക് രാഷ്ട്രം മുതൽമുടക്കി.
- ഹരിത വിപ്ലവ കാലത്ത് കാർഷിക പുരോഗതിനേടിയ പ്രദേശങ്ങളിലെ പഴയ ഭൂവുടമകളും, സമ്പന്ന കർഷകരും മികച്ച ബിസ്സിനസ്സ് സംഘാടകരായി മാറി.

**തൊഴിൽ ചംക്രമണം (Circulation of Labour)**

- ഹരിത വിപ്ലവത്തിൻറെ ഫലമായി കർഷക തൊഴിലാളികളും ഭൂവുടമകളും തമ്മിലുള്ള പരമ്പരാഗത ബന്ധങ്ങൾ തകർന്നു.
- ഭൂവുടമകൾ തൊഴിലാളികളെ കടുത്തരീതിയിൽ ചൂഷണം ചെയ്യാൻ തുടങ്ങി.
- തൊഴിലാളികൾ മറ്റു പ്രദേശങ്ങളിലേക്ക് കുടിയേറാൻ തുടങ്ങി.
- സീസണനുസരിച്ചാണ് കുടിയേറ്റം നടന്നത് (Seasonal Migration).
- ഗ്രാമപ്രദേശങ്ങളിലെ അസമത്വമായിരുന്നു കുടിയേറ്റത്തിന് മറ്റൊരു കാരണം.
- കുടിയേറ്റക്കാരായ തൊഴിലാളികൾ പ്രധാനമായും വരുന്നത് വരൾച്ച ബാധിത പ്രദേശങ്ങളിൽ നിന്നും ഉദ്പാദനക്ഷമത കുറഞ്ഞ പ്രദേശത്ത്നിന്നുമാണ്.
- പഞ്ചാബിലേയും ഹരിയാനയിലേയും വയലുകൾ, ഉത്തർപ്രദേശിലെ ഇഷ്ടികക്കളങ്ങൾ, കെട്ടിട നിർമ്മാണ സൈറ്റുകൾ എന്നിവിടങ്ങളിലാണ് ഇവർ പണിയെടുക്കുന്നത്.
- ഇവരെ **'സ്വതന്ത്ര തൊഴിലാളികൾ' (Footloose labour)** എന്നാണ് ജാൻ ബ്രമൻ വിളിക്കുന്നത്.
- ഇത്തരം തൊഴിലാളികൾക്ക് വലിയ അവകാശങ്ങളൊന്നുമില്ല. (മിനിമം വേതനം പോലും ലഭിക്കുന്നില്ല)

- സമ്പന്നർ കുടിയേറ്റക്കാരായ തൊഴിലാളികളെകൊണ്ട് പണിയെടുപ്പിക്കുന്നതിന് മുൻഗണന നൽകി.
- ഇവരെ ചൂഷണം ചെയ്യാൻ എളുപ്പമായിരുന്നു
- കുറഞ്ഞ കൂലി നൽകിയാൽമതി.
- ഭൂ ഉടമകളും സമ്പന്ന കർഷകരും കുടിയേറ്റ തൊഴിലാളികളുടെ സേവനമുപയോഗിക്കാൻ തുടങ്ങിയപ്പോൾ നാട്ടുകാരായ തൊഴിലാളികൾക്ക് പണി കിട്ടാതായി.

- തൊഴിൽ നഷ്ടപ്പെട്ട പുരുഷൻമാർ കുടിയേറ്റം ചെയ്തപ്പോൾ സ്ത്രീകൾ എല്ലാ ജോലിയും ചെയ്യേണ്ടിവന്നു.
- ഇത് കാർഷിക തൊഴിൽ ശക്തിയുടെ സ്ത്രൈണവത്കരണത്തിന് **(Feminisation of Agricultural Labour force)** കാരണമായി.

**ആഗോള വത്കരണവും ഉദാര വത്കരണവും ഗ്രാമ സമൂഹവും**

**ഉദാര വത്കരണം**

- 1980കളിലാണ് ഇന്ത്യ പിന്തുടരാൻ തുടങ്ങിയത്.
- സ്വതന്ത്ര വിപണി, ആഗോള വത്കരണം, സ്വകാര്യവത്കരണം എന്നിവക്ക് ഊന്നൽ നൽകുന്ന നയമാണിത്.

**ലക്ഷ്യങ്ങൾ**

- സ്വതന്ത്രമായ ഒരു അന്താര്ഷ്ട്ര വാണിജ്യ സമ്പ്രദായം കൊണ്ടുവരിക.
- ഇന്ത്യൻ വിപണികൾ ഇറക്കുമതിക്കായി തുറന്നുകൊടുക്കുക.

**അനന്തര ഫലങ്ങൾ**

- കൃഷിയുടെ ആഗോളവത്കരണം
- ആഗോള വിപണിയിൽനിന്നുള്ള മത്സരത്തെ നേരിടേണ്ടിവന്നു.
- കരാർ കൃഷി കർഷകരുടെ സ്വാതന്ത്ര്യത്തെ പൂർണ്ണമായും അപഹരിച്ചു.
- എന്തു കൃഷിചെയ്യണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം പോലും കർഷകർക്കുണ്ടായിരുന്നില്ല.
- കമ്പനികൾ നിർദ്ദേശിക്കുന്ന രീതിയിലായിരുന്നു കൃഷി ചെയ്യേണ്ടിയിരുന്നത്.
- ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുവരവ്
- വിത്തുകൾ, കീടനാശിനികൾ, രാസവളങ്ങൾ എന്നിവയുടെ വിൽപന
- സേവന മേഖലയിൽനിന്ന് ഗവൺമെൻറ് പിന്മാറി
- കർഷകർ കടക്കെണിയിലായി.
- പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർന്നുവന്നു.

**കർഷക ആത്മഹത്യകൾ**

**പ്രധാന കാരണം**

- കാർഷിക രംഗത്തെ ഘടനാപരമായ മാറ്റങ്ങൾ .
- സാമ്പത്തിക – കാർഷിക നയങ്ങളിലെ മാറ്റങ്ങൾ .
- നാണ്യവിളകളിലേക്കുള്ള മാറ്റങ്ങൾ!.
- ഉദാര വത്കരണ നയങ്ങൾ
- വിലകൂടിയ വിത്തുകൾ, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ മേലുള്ള അമിത ആശ്രിതത്വം.
- കാർഷിക വികസന പരിപാടികളിൽ നിന്നും ഗവൺമെൻറിൻറെ പിന്മാറ്റം.
- ബഹു രാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം.
- കർഷക ആത്മഹത്യകൾ ***'സംഭവങ്ങളുടെ ഒരു മൂശ'*** (Matrix) യാണെന്ന് സാമൂഹ്യ ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

## Unit XII: Change and development in Industrial Society

- Images of Industrial Society
- Industrialisation in India.

### വ്യാവസായിക സമൂഹത്തിൻറെ ബിംബങ്ങൾ

**വ്യവസായങ്ങളുടെ പ്രത്യേകതകൾ** (കാറൽ മാർക്സ്, മാക്സ് വെബ്ബർ, എമിലി ദുർഖൈം)

- നഗരവത്കരണം
- മുഖാമുഖ ബന്ധത്തിലുള്ള തകർച്ച.
- തൊഴിൽ വിഭജനം
- അന്യത്കരണം (Alienation)
- വ്യവസായ വത്കരണം ചില മേഖലകളിൽ സമത്വം സൃഷ്ടിക്കുന്നു.

### പൊരുത്ത സിദ്ധാന്തം (Convergence theory)

- ആധുനികവത്കരണ സൈദ്ധാന്തികനായ ***ക്ലാർക്ക് കെർ*** ആവിഷ്കരിച്ചു.
- 21ാം നൂറ്റാണ്ടിലെ വ്യവസായ വൽകൃതമായ ഇന്ത്യ 19ാം നൂറ്റാണ്ടിലെ ഇന്ത്യയേക്കാൾ 21ാം നൂറ്റാണ്ടിലെ ചൈനയുടെയോ അല്ലങ്കിൽ അമേരിക്കയുടെയോ സവിശേഷതകളാണ് കൂടുതലായി പങ്ക് വെക്കുന്നത്.
- പുത്തൻ സാങ്കേതിക വിദ്യയുടെ വളർച്ചയോടെ ഇന്ത്യയുടെ സംസ്കാരവും പാരമ്പര്യവുമെല്ലാം അപ്രത്യക്ഷ്യമാവുമെന്നും പുതിയ സംസ്കാരങ്ങളിലേക്കും ഉൽപന്നങ്ങളിലേക്കും ഇന്ത്യ വഴിമാറും.

### ഇന്ത്യയിലെ വ്യവസായവത്കരണം (Industrialisation in India)

**തൊഴിൽ മേഖല**

- പാശ്ചാത്യ വികസിത രാജ്യങ്ങളിലെ ഭൂരിഭാഗം ആളുകളും സേവന മേഖലയിലാണ് ജോലി ചെയ്യുന്നത്.
- ഇന്ത്യയിൽ 60% ആളുകളും പ്രാഥമിക മേഖലയിലാണ് (കൃഷി, ഖനനം)
- 17% ആളുകൾ ദ്വിതീയ മേഖല (നിർമ്മാണം, കെട്ടിട നിർമ്മാണം, സേവനങ്ങൾ)
- 27% തൃതീയ മേഖല (വ്യവസായം, ഗതാഗതം, ധനകാര്യം)
- ഇന്ത്യയിൽ 50 % ത്തിലധികം ജനങ്ങൾ സ്വയം തൊഴിൽ ചെയ്യുന്നവരാണ്.
- 14 % സ്ഥിരം ജോലിക്കാർ, 30 % താൽക്കാലിക ജോലിക്കാർ

### <u>സംഘടിത അസംഘടിത മേഖല (Organized and Unorganized Sector)</u>

**സംഘടിത മേഖല**

- പത്തോ അതിലധികമോ ആളുകൾ വർഷം മുഴുവനും പണിയെടുക്കുന്ന മേഖല.
- ഗവൺമെൻറിൽ രജിസ്റ്റർ ചെയ്തതാവണം.

**അസംഘടിത മേഖല**

- പത്തുപേരിൽ കുറവുള്ള, ഗവൺമെൻറിൽ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ.
- തൊഴിൽ സുരക്ഷ ഉണ്ടായിരിക്കില്ല.

- ഇന്ത്യയിൽ 90 ശതമാനം ആളുകൾ ജോലി ചെയ്യുന്നത് അസംഘടിത മേഖലകളിലാണ്.
- സ്വാതന്ത്ര്യത്തിനു ശേഷം പൊതു മേഖലക്കും സ്വകാര്യ മേഖലക്കും പ്രാധാന്യം നൽകുന്ന ഒരു സമ്മിശ്ര സമ്പദ് വ്യവസ്ഥയാണ് (Mixed Economy) ഇന്ത്യ സ്വീകരിച്ചത്.
- പ്രതിരോധം, ഗതാഗതം, വിനിമയം, ഊർജ്ജം, ഖനികൾ  പൊതു മേഖല.
- മറ്റുള്ളവ സ്വകാര്യ മേഖല
- ചെറുകിട വ്യവസായങ്ങൾ വൻതോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

**ആഗോള വത്കരണവും, ഉദാര വത്കരണവും ഇന്ത്യൻ വ്യവസായത്തിലെ മാറ്റങ്ങളും**

- സ്വകാര്യ കമ്പനികൾക്ക് പ്രാധാന്യം
- വിദേശ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിച്ചു.
- ഇറക്കുമതി നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞു.
- വിദേശ ഉത്പന്നങ്ങൾ ഇന്ത്യൻ കടകളിൽ എളുപ്പത്തിൽ ലഭ്യമായി.
- വിവിധ ഇന്ത്യൻ കമ്പനികളെ ബഹുരാഷ്ട്രാ കമ്പനികൾ വിലക്കുവാങ്ങി.
- ചില ഇന്ത്യൻ കമ്പനികൾ ബഹുരാഷ്ട്ര കമ്പനികളായി മാറി

## Dis Investment

- ഉദാരവത്കരണ നയങ്ങളുടെ ഭാഗമായി പൊതുമേഖലാ കമ്പനികളുടെ ഓഹരികൾ, ഗവൺമെൻറ് സ്വകാര്യ കമ്പനികൾക്ക് മറിച്ചു വിൽക്കുന്നതിനെ.
- ആയിരക്കണക്കിന് ഗവൺമെൻറ് ജീവനക്കാരുടെ തൊഴിൽ നഷ്ടപ്പെടുന്നതിന് ഇത് കാരണമായി.
- മോഡേൺ ഫുഡ്സ് എന്ന പൊതുമേഖലാ കമ്പനിയാണ് ഗവൺമെൻറ് ആധ്യമായി സ്വകാര്യവത്കരിച്ചത്.

## Outsourcing

- ഒരു കമ്പനിയുടെ ഉദ്പാദനം കരാർ അടിസ്ഥാനത്തിൽ ചെറുകിട കമ്പനികളെ ഏൽപ്പിക്കുന്ന പ്രക്രിയയാണിത്.
- കുറഞ്ഞ കൂലിയും, മോശമായ സാഹചര്യവും ഇത്തരം ചെറുകിട കമ്പനികളുടെ പ്രത്യേകതയായിരുന്നു.

**കമ്പനികളിൽ ഉദ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങൾ**

- തൊഴിൽ സമയം വർദ്ധിപ്പിക്കുക.
- യന്ത്രങ്ങൾ ഉപയോഗിക്കുക.
- ജോലി ചിട്ടയായി സംഘടിപ്പിക്കുക.

**ശാസ്ത്രീയ മാനേജ്മെൻറ്**

- ഫെഡറിക് വിൻസ്ലോ ടൈലർ 1890 ൽ ജോലി ചിട്ടയായി സംഘടിപ്പിക്കുന്നതിനുള്ള ഒരു സമ്പ്രദായം കൊണ്ടുവന്നു.
- ശാസ്ത്രീയ മാനേജ്മെൻറ്, ടൈലറിസം, വ്യവസായിക എഞ്ചിനീയറിങ് എന്നീ പേരുകളിൽ ഇത് അറിയപ്പെടുന്നു.

**പ്രത്യേകതകൾ**

- ജോലികൾ തൊഴിലാളികൾക്ക് വീതിച്ചുകൊടുക്കുന്നു.
- സ്റ്റോപ്പ് വാച്ചിൻറെ സഹായത്തോടെ ജോലി ചിട്ടപ്പെടുത്തുന്നു.
- ഓരോ ദിവസത്തേയും ജോലി നിജപ്പെടുത്തുന്നു.
- പല ഘടകങ്ങൾ ചേർത്ത് ഒരു വസ്തു നിർമ്മിക്കാവുന്ന അസംബ്ലി ലൈൻ
- അസംബ്ലി ലൈനിലെ കൺവെയർ ബെൽറ്റിൻറെ വേഗതക്കനുസരിച്ച് തൊഴിലാളിയുടെ വേഗതയും ജോലിയും ചിട്ടപ്പെടുത്തുന്നു.

**ഐ. ടി മേഖലയിലെ സമയാടിമത്തം (Time Slavery in IT Sector)**

- ഐ.ടി. കമ്പനികളിലെ ജോലിസമയം 10 – 12 മണിക്കൂറാണ്.
- ചില ദിവസങ്ങളിൽ രാത്രി വൈകിയും ജോലി ചെയ്യേണ്ടിവരുന്നു – **Night Out**
- **Flexi Time** സമ്പ്രദായം
- പ്രവൃത്തിസമയം തൊഴിലാളികൾക്ക് തിരഞ്ഞെടുക്കാം. നിശ്ചിത സമയംകൊണ്ട് പ്രൊജക്ട് പൂർത്തിയാക്കണമെന്ന് മാത്രം
- ജ്ഞാന സമ്പദ് വ്യവസ്ഥ **(Knowledge Economy)**
- ഇന്ത്യയിലെ ഐ.ടി. വ്യവസായത്തിൻറെ വളർച്ചയെ വിശദീകരിക്കുന്നതിനുവേണ്ടി ഉപയോഗിച്ച പദം.

- ***"യന്ത്രങ്ങളുടെ ഉപയോഗം തൊഴിലാളികളുടെ വൈദഗ്ദത്തെ യധാർത്ഥത്തിൽ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്." – ഹാരി ബ്രേവർമാൻ***
- ***"യന്ത്രവത്കരണം തൊഴിലിനു ഭീഷണിയാണ്" – മാർക്സ്, ഗാന്ധിജി.***

**ജോലി സാഹചര്യങ്ങൾ**

- വിവിധ സാഹചര്യങ്ങളിൽ തൊഴിൽചെയ്യുന്നവരുണ്ട്.
- തൊഴിലാളികളുടെ ജീവനും ആരോഗ്യത്തിനും യാതൊരു സുരക്ഷയുമില്ലാത്ത ധാരാളം ഫാക്ടറികളും ഖനികളുമുണ്ട്.
- ദീർഘസമയ ജോലി, കുറഞ്ഞ വേതനം, കഠിനാധ്വാനം തുടങ്ങിയ അനേകം പ്രശ്നങ്ങൾ ഇവർ നേരിടുന്നു.
- പ്രവൃത്തി സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗവൺമെൻറ് വിവിധ നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.
    - **Mines Act of 1952**
        - പ്രവൃത്തി സമയം നിജപ്പെടുത്തി.
        - ഓവർ ടൈം വേതനം

## Unit XIV: Globalisation and Social Change

- **What is Globalisation?**
- **Global Interconnections**
  - Early years
  - Colonial period
  - Independent India
- **Dimensions of Globalisation**
  - The economic policy of Liberalisation
  - Transnational corporations (TNCs)
  - Electronic Economy
  - Weightless economy or Knowledge economy
  - Globalisation of Finance
- **Global Communications**
- **Globalisation and Labour**
- **Globalisation and employment**
- **Globalisation and Political Change**
- **Globalisation of culture**
  - Gender and Culture
  - Culture of Consumption
  - Corporate Culture

### എന്താണ് ആഗോളവത്കരണം?

- ആശയങ്ങൾ, മൂലധനം, ചരക്കുകൾ, ജനങ്ങൾ, സേവനങ്ങൾ എന്നിവയുടെ ദേശാതിർത്തി കടന്നുള്ള പ്രവാഹമാണ് ആഗോള വത്കരണം.
- ലോക രാജ്യങ്ങൾക്കിടയിൽ പരസ്പര ബന്ധവും, പരസ്പരാശ്രയത്വവും സൃഷ്ടിക്കുന്ന പ്രക്രിയയാണിത്.
- ഇലക്ട്രോണിക് മാധ്യമങ്ങൾ, വിവര വിനിമയ സാങ്കേതിക വിദ്യകൾ എന്നിവയും ഇതിൻറെ പ്രധാന ഘടകങ്ങളാണ്.
- ഇതിന് സാമ്പത്തികവും, സാമൂഹ്യവും സാംസ്കാരികവും, രാഷ്ട്രീയവുമായ തലങ്ങളുണ്ട്.

### ആഗോള പരസ്പര ബന്ധങ്ങൾ (Global Interconnections)

#### ആദ്യ വർഷങ്ങളിൽ

- പ്രാചീന കാലം മുതൽക്കുതന്നെ ഇന്ത്യക്ക് വിദേശ രാജ്യങ്ങളുമായി വാണിജ്യബന്ധം ഉണ്ടായിരുന്നു.
- ചൈന, ഈജിപ്ത്, റോം, പേർഷ്യ തുടങ്ങിയ രാജ്യങ്ങളുമായി ബന്ധം നിലനനിന്നിരുന്നു.
- പട്ടുതുണിപ്പാത (Silk Route) വഴിയാണ് ഇത് സ്ഥാപിക്കപ്പെട്ടിരുന്നത്.

#### കൊളോണിയൽ കാലഘട്ടങ്ങളിൽ

- കൊളോണിയൽ കാലഘട്ടങ്ങളിൽ യൂറോപ്പിൽനിന്നും വൻതോതിലുള്ള കുടിയേറ്റങ്ങൾ നടന്നിരുന്നു.
- ഇന്ത്യയിൽ നിന്നും കരാർ തൊഴിലാളികളെ ഏഷ്യ , ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിലേക്ക് കൊണ്ടുപോയി.
- കോളനി വത്കരണത്തിലൂടെ മുതലാളിത്വത്തിൻറെ നിലനിൽപ്പിന്നായി മൂലധനം, അസംസ്കൃത വിഭവങ്ങൾ, ഊർജ്ജം, വിപണികൾ, ആഗോള ശൃഖല എന്നിവ ഉപയോഗിച്ചു.

#### സ്വതന്ത്ര ഇന്ത്യയിൽ

- ധാരാളം ഇന്ത്യക്കാർ ഉപരിപഠനത്തിനായി വിവിധ രാജ്യങ്ങളിലേക്ക് പോയി.

- അസംസ്കൃത വസ്തുക്കൾ, സാങ്കേതിക വിദ്യ എന്നിവ വിദേശങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നു.
- ധാരാളം വിദേശ കമ്പനികൾ ഇന്ത്യയിലേക്ക് വന്നു.

## ആഗോളവത്കരണത്തിൻറെ വ്യത്യസ്ഥ മാനങ്ങൾ (Dimensions of Globalisation)

### ഉദാരവത്കരണ സാമ്പത്തിക നയം

- 1991 ൽ രൂപംനൽകി.
- ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ ലോക വിപണിക്ക് തുറന്നുകൊടുന്ന നയമാണിത്.
- സ്വതന്ത്ര വിപണിക്ക് ഊന്നൽ നൽകി.
- വ്യാപാര നിയന്ത്രണങ്ങൾ, ധനകാര്യ നിയമങ്ങൾ എന്നിവ എടുത്തുകളഞ്ഞു.
- ഇറക്കുമതി നിയന്ത്രണങ്ങൾ പിൻവ്വലിച്ചു.
- അന്താരാഷ്ട്ര നാണ്യനിധി (IMF) യിൽനിന്നും വായ്പ്പകളെടുത്തു.
- ഇതിനായി IMF ൻറെ നിർദ്ദേശങ്ങളായ സാമൂഹ്യ മേഖലയിലുള്ള ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ എന്നിവയിലുള്ള രാഷ്ട്രത്തിൻറെ ചിലവുകൾ വെട്ടിക്കുറക്കുക, സബ്സിഡി കുറക്കുക തുടങ്ങിയവ പാലിക്കേണ്ടിവന്നു.
- ഇതിൻറെ ഫലമായി ഇന്ത്യൻ സമ്പത് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും പരിഷ്കാരങ്ങളുണ്ടായി.

### രാജ്യാന്തര കോർപ്പറേഷനുകൾ Transnational Corporations (TNCs)

- ഒന്നിലധികം രാജ്യങ്ങളിൽ സാധനങ്ങൾ ഉദ്പാദിപ്പിക്കുന്ന അല്ലങ്കിൽ കമ്പോളം നടത്തുന്ന കമ്പനികളാണിത്.
- ലോകവ്യാപകമായി 70,000 ത്തോളം രാജ്യാന്തര കോർപ്പറേഷനുകളുണ്ട്.
- ആഗോള വത്കരണത്തിൻറെ മുഖ്യ ചാലകശക്തി ഇവയാണ്.
- കൊക്കക്കോള, ജനറൽ മോട്ടോഴ്സ്, കോൾഗേറ്റ്, പാമോലിവ്, കൊഡാക്ക്, മിസ്തുബിഷി തുടങ്ങിയവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

### ഇലക്ട്രോണിക് സമ്പദ് വ്യവസ്ഥ – Electronic Economy

- കമ്പ്യൂട്ടർ, ഇൻറർനെറ്റ് തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളുടെ സഹായത്തോടെ ലോകത്തിൻറെ വിവിധ ഭാഗങ്ങളിലേക്ക്എളുപ്പത്തിൽ പണമിടപാടുകൾ നടത്താൻ കഴിഞ്ഞു.
- ഇലക്ട്രോണിക് സമ്പദ് വ്യവസ്ഥ പണത്തിൻറെ കൈമാറ്റം എളുപ്പമാക്കിത്തീർത്തു.

### ഭാരരഹിത സമ്പദി വ്യവസ്ഥ അഥവാ ജ്ഞാന സമ്പദ് വ്യവസ്ഥ.

- കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, മാധ്യമ വിനോദ ഉല്പന്നങ്ങൾ, ഇൻറർനെറ്റ് സേവനങ്ങൾ എന്നിങ്ങനെ വിവരത്തെ അടിസ്ഥാനമാക്കിയുള്ള ഉൽപന്നങ്ങളുള്ള സമ്പദ് വ്യവസ്ഥയാണ് ഭാരരഹിത സമ്പദ് വ്യവസ്ഥ.
- വികസനം, സാങ്കേതിക വിദ്യ, മാർക്കറ്റിങ്, വിൽപ്പന, സേവനം എന്നിവയിൽ തൊഴിലാളികളും പ്രഫഷനലുകളും ഏർപ്പെടുന്ന സമ്പദ് വ്യവസ്ഥയാണ് ജ്ഞാന സമ്പദ് വ്യവസ്ഥ.

**ധനകാര്യത്തിൻറെ ആഗോള വത്കരണം**

- ആഗോളമായി കൂട്ടിയിണക്കപ്പെട്ട ധനകാര്യ വിപണികൾ ഇലക്ട്രോണിക് സർക്യൂട്ടുകൾ വഴി നിമിഷ നേരംകൊണ്ട് ദശലക്ഷം ഡോളറുകളുടെ കൈമാറ്റം നടത്തുന്നു.
- ന്യൂയോർക്ക്, ടോക്കിയോ, ലണ്ടൻ എന്നിവയാണ് കേന്ദ്രങ്ങൾ
- ഇന്ത്യയിൽ മുംബൈയാണ് രാജ്യത്തിൻറെ ധനകകാര്യ കേന്ദ്രം.

**ആഗോളവിനിമയങ്ങൾ (Global Communications)**

- പുതിയ തരത്തിലുള്ള ആശയവിനിമയ രീതികൾ സമയം, സ്ഥലം എന്നിവയെ മറികിടക്കാൻ സഹായിക്കുന്നു.
- ടെലിഫോണുകൾ, ഫാക്സ് മെഷീനുകൾ, മൊബൈൽ, ഡിജിറ്റൽ ടി.വി, ഇമെയിൽ, ഇൻറർനെറ്റ് മുതലായവയായിരുന്നു പ്രധാന വിനിമയ രീതികൾ .

**ഇന്ത്യയിലെ ടെലികമ്മ്യൂണിക്കേഷൻറെ വളർച്ച.**

- 1995 ലാണ് മൊബൈൽസേവനം നിലവിൽവന്നത്.
- 2005 ൽ 32 ലക്ഷം ഉപഭോക്താക്കളുണ്ടായിരുന്നു.

**ആഗോളവത്കരണവും തൊഴിലും**

- അന്താരാഷ്ട്ര തലത്തിൽ പുതിയ തൊഴിലുകൾ ഉയർന്നുവന്നു.
- കുറഞ്ഞ ചിലവിൽ തൊഴിലാളികളെ ലഭ്യമാവുന്ന സ്ഥലങ്ങളിലേക്ക് കമ്പനിയുടെ ഉദ്പാദന യൂണിറ്റുകൾ മാറ്റി.
- തൊഴിലാളികളുടെ സുരക്ഷിതത്വം കുറഞ്ഞു.
- അന്താരാഷ്ട്ര തലത്തിലുള്ള തൊഴിൽ വിഭജനം ഉദ്പാദകർക്ക് ഗുണകരമായിരുന്നു.
- **ഫോർഡിസം :** ഒരു കേന്ദ്ര സ്ഥാനത്ത് വൻതോതിൽ ഉദ്പാദനം നടത്തുന്നതിനെ
- **പോസ്റ്റ് ഫോർഡിസം :** പല സ്ഥലങ്ങളിലായി ഉദ്പാദനം നടത്തുന്ന രീതി.

- കുറഞ്ഞ ചിലവിൽ അസംസ്കൃത വസ്തുക്കളും, കുറഞ്ഞ കൂലിയിൽ തൊഴിലാളികളേയും ലഭ്യമാകുന്ന രാജ്യങ്ങളിലാണ് കമ്പനി അതിൻറെ ഉദ്പാദന യൂണിറ്റുകൾ സ്ഥാപിച്ചത്.
- ഉദ്പാദന ചിലവിൽ വർദ്ധനയുണ്ടാവുമ്പോൾ യൂണിറ്റുകൾ മറ്റു രാജ്യങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നു.

**തൊഴിലവസരങ്ങൾ**

- പരമ്പരാഗത കോഴ്സുകൾ പഠിക്കുന്നതിനുപകരം കമ്പ്യൂട്ടർ കോഴ്സുകളും, കോൾ സെൻറർ ജോലികളും യുവാക്കൾ തിരഞ്ഞെടുത്തു.
- സമൂഹത്തിലെ ഒരുവിഭാഗത്തിന് ഉന്നത ജോലികൾ ലഭിച്ചു.
- എന്നാൽ തൊഴിൽ സുരക്ഷ നഷ്ടപ്പെട്ടു.

**ആഗോളവത്കരണവും രാഷ്ട്രീയ മാറ്റങ്ങളും**

- സോവിയറ്റ് യൂണിയൻറെ തകർച്ച ആഗോളവത്കരണത്തിൻറെ വേഗത വർദ്ധിപ്പിച്ചു.
- സാമ്പത്തിക നയങ്ങളോട് പുതിയ രാഷ്ട്രീയ സമീപനം വളർന്നുവന്നു (Neo Liberal Policy).

- അന്തർദേശീയവും, പ്രാദേശികവുമായ സംഘടനകൾ രൂപീകരിച്ചു.
  - യൂറോപ്യൻ യൂണിയൻ
  - ആസിയാൻ
  - സാർക്ക്
  - സാഫ്റ്റ
- അന്തർദേശീയ ഗവൺമെൻറ് സംഘടനകളുടേയും, അന്തർദ്ദേശീയ ഗവൺമെൻറിതര സംഘടനകളുടേയും വളർച്ച.

**ആഗോളവത്കരണവും സാംസ്കാരിക മാറ്റങ്ങളും**

- സ്വന്തം ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിദേശ കമ്പനികൾ സ്വീകരിച്ച തന്ത്രമാണ് സംസ്കാരത്തിൻറെ ആഗോള വത്കരണം.
- പ്രാദേശിക സംസ്കാരങ്ങളുടെ സ്വഭാവത്തിനനുസരിച്ച് ഈ കമ്പനികൾ ഉത്പന്നം തയ്യാറാക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു.
- പുരാതന കാലം മുതൽക്കുതന്നെ സാംസ്കാരിക സ്വാധീനങ്ങളോട് ഇന്ത്യക്ക് തുറന്ന സമീപ്പനമാണുള്ളത്.

**ഗ്ലോക്കലൈസേഷൻ (Glokalisation)**

- ആഗോള സംസ്കാരവും, പ്രാദേശിക സംസ്കാരങ്ങളും തമ്മിൽ ഇടകലരുന്നതിനെ ഗ്ലോക്കലൈസേഷൻ എന്നു വിളിക്കുന്നു.

**ഉപഭോഗ സംസ്കാരവും കോർപ്പറേറ്റ് സംസ്കാരവും**

- ആഗോളവത്കരണഫലമായുണ്ടായ സംസ്കാരങ്ങളാണിത്.

**ഉപഭോഗ സംസ്കാരം**

- ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഭൌതിയ സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഉല്പന്നങ്ങൾ വാങ്ങിപ്പിക്കുന്നതിനുള്ള താൽപര്യമുണ്ടാക്കുക തുടങ്ങിയ തന്ത്രങ്ങൾ ഉപയോഗിക്കുന്നു.
- ഇത് വളർത്തിയെടുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് മാധ്യമങ്ങളും, പരസ്യങ്ങളുമാണ്.
- ഇത് നമ്മുടെ സമ്പാദ്യ ശീലത്തെയും, മൂല്യങ്ങളേയും തകർക്കുകയും, ആർഭാട സംസ്കാരത്തിന് രൂപമേകുകയും ചെയ്തു.

**കോർപ്പറേറ്റ് സംസ്കാരം**

- ഒരു സ്ഥാപനത്തിൻറെ ഉല്പാദനക്ഷമതയും, മത്സരക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആ സ്ഥാപനത്തിലെ എല്ലാ അംഗങ്ങളേയും ഉൾപെടുത്തിക്കൊണ്ട് മാനേജ്മെൻറ് വളർത്തിയെടുക്കുന്ന ഒരു പ്രത്യേക സംസ്കാരമാണിത്.
- കമ്പനി പരിപാടികളും, ചട്ടങ്ങളും, പാരമ്പര്യങ്ങളുമെല്ലാം ഇതിൻറെ ഭാഗമാണ്.
- ജീവനക്കാരുടെ പെരുമാറ്റം, പ്രവർത്തന ശൈലി, വസ്ത്രധാരണ രീതി, ജോലി സമയം, പ്രമോഷൻ തുടങ്ങിയവ ഇതിൻറെ ഭാഗമാണ്.

## Unit XIV: Mass Media and Communications

- The beginning of Mass Media
- Mass media in Colonial India
- Major Newspapers in Colonial India
- Mass media in Independent India
    - Radio
    - TV
    - Print Media
- Globalisation and the Media
    - Print Media
    - TV
    - Radio

**ആധുനിക ബഹുജന മാധ്യമത്തിൻറെ ആരംഭം**

- അച്ചടിയന്ത്രത്തിൻറെ വികാസത്തോടെയാണ് ബഹുജന മാധ്യമ സ്ഥാപനം ആരംഭിച്ചത്.
- 1440 ൽ ജോഹൻ ഗുട്ടൻബർഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചു.
- ബൈബിളാണ് ആധ്യമായി അച്ചടിച്ച പുസ്തകം.
- വ്യാവസായിക വിപ്ലവത്തോടെ അച്ചടി വ്യവസായം വ്യാപിച്ചു.
- 19 ആം നൂറ്റാണ്ടിൻറെ അന്ത്യത്തോടെ വർത്തമാന പത്രങ്ങൾ പ്രസിദ്ധീകരിച്ചുതുടങ്ങി.
- ബെനഡിക്ട് ആൻഡേഴ്സൺ
- വർത്തമാനപത്രങ്ങൾ ദേശീയതയുടെ വളർച്ചക്ക് കാരണമാവുന്നു.
- രാഷ്ട്രം ഒരു സാങ്കൽപ്പിക സമുദായമാണ്.

**കൊളോണിയൽ ഇന്ത്യയിലെ ബഹുജന മാധ്യമങ്ങൾ**

- ബ്രിട്ടീഷുകാർ ഇന്ത്യയിൽ അച്ചടിശാലകൾ സ്ഥാപിച്ചതിനെതുടർന്ന് ഇംഗ്ലീഷിലും നാട്ടുഭാഷയിലുമായി അനേകം പത്രങ്ങൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി.
- ഇവയിൽ ഭൂരിഭാഗവും ദേശീയ വീക്ഷണങ്ങളുള്ളവയായിരുന്നു.
- ദേശീയ ബോധം പ്രചരിപ്പിക്കുന്നതിലും, പൊതു ജനാഭിപ്രായം വളർത്തിയെടുക്കുന്നതിലും പത്രങ്ങൾ പ്രധാന പങ്കുവഹിച്ചു.
- ബ്രിട്ടീഷ് വിരുദ്ധ സമീപനം സ്വീകരിച്ച പത്രങ്ങളെ അടിച്ചമർത്താനാണ് കൊളോണിയൽ ഗവൺമെൻറ് ശ്രമിച്ചത്.

**കൊളോണിയൽ കാലഘട്ടത്തിലെ പ്രധാന പത്രങ്ങൾ**

| വർഷം | പത്രം/ സ്ഥാപകർ |
|---|---|
| 1816 | ബംഗാൾ ഗസ്റ്റ് – ഇന്ത്യയിലെ ആദ്യ പത്രം |
| 1821<br>1822 | സംബാദ് കൗമുദി –രാജാറാം മോഹൻ റോയ്<br>മിറാത്തുൽ അക്ബർ - ദേശീയ, ജനാധിപത്യ വീക്ഷണങ്ങളുള്ള ആദ്യ പത്രങ്ങൾ |
| 1822 | ബോംബെ സമാചാർ ഗുജ്റാത്തി/ഫർദൂൻജി മുർസ്ബൻ |
| 1858 | സോമപ്രകാശം – ഈശ്വരചന്ദ്ര വിദ്യാസാഗർ (ബംഗാളി) |
| 1868 | ദി ടൈംസ് ഓഫ് ഇന്ത്യ (ബോംബെ) |

| | |
|---|---|
| 1865 | ദി പയനിയർ (അലഹാബാദ്) |
| 1868 | ദി മദ്രാസ് മെയിൽ |
| 1875 | ദി സ്റ്റേറ്റ്സ് മാൻ (കൽകട്ട) |
| 1876 | ദി സിവിൽ ആൻറ് മിലിട്ടറി ഗസറ്റ് (ലാഹോർ) |

**സ്വതന്ത്ര ഇന്ത്യയിലെ ബഹുജന മാധ്യമങ്ങൾ**

- ഗവൺമെൻറിൻറെ വികസന പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള മാർഗ്ഗമായിരുന്നു ബഹുജന മാധ്യമങ്ങൾ.
- തൊട്ടുകൂടായ്മ, ശൈശവവിവാഹം, വിധവകൾക്കുള്ള വിലക്കുകൾ, മന്ത്രവാദം തുടങ്ങിയ സാമൂഹിക അനാചാരങ്ങൾക്കും, പീഠനങ്ങൾക്കുമെതിരെ പടപൊരുതാനും മാധ്യമങ്ങളെ ഉപയോഗിച്ചു.
- യുക്തിപരവും, ശാസ്ത്രീയവുമായ മനോഭാവം വളർത്താനും മാധ്യമങ്ങൾ ഉപയോഗിച്ചു.

**റേഡിയോ**

- 1920 ൽ ആരംഭിച്ചു
- വാർത്തകൾ, വർത്തമാന കാര്യങ്ങൾ, വികസനത്തെ കുറിച്ചുള്ള ചർച്ചകൾ എന്നീ പരിപാടികളായിരുന്നു ഉണ്ടായിരുന്നത്.
- വിവിധ ഭാരതി – ഹിന്ദി ചലചിത്ര ഗാനങ്ങൾ സംപ്രേക്ഷണം ചെയ്തു.

**ടെലിവിഷൻ**

- 1959 ൽ ആരംഭിച്ചു.
- ഗ്രാമ വികസനത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പരീക്ഷണാടിസ്ഥാനത്തിൽ പ്രവൃത്തിച്ചു.
- Satellite Instructional Television experiment –SITE – 1975
- 1982 ൽ ഡൽഹിയിൽ ഏഷ്യൻ ഗെയിംസ് നടക്കുമ്പോൾആദ്യമായി വർണ്ണ സംപ്രേഷണം ആരംഭിച്ചു.
- പ്രധാന പരിപാടികൾ. – ഹംലോഗ്, ബുനിയാദ്, രാമായണം, മഹാഭാരതം

**അച്ചടി മാധ്യമം**

- വികസന പ്രശ്നങ്ങൾ, സാധാരണക്കാരുടെ പ്രശ്നങ്ങൾക്കെതിരെയും പോരാടി.

**ആഗോളവത്കരണവും മാധ്യമങ്ങളും**

**അച്ചടി മാധ്യമങ്ങൾ**

- പത്രങ്ങളുടെ ഉല്പാദനവും പ്രചാരവും വർദ്ധിപ്പിക്കുന്നതിൽ പുതിയ സാങ്കേതിക വിദ്യകൾ പ്രധാന പങ്കുവഹിച്ചു.
- സപ്ലിമെൻറുകൾ, വിശേഷ പതിപ്പുകൾ ലഘുലേഖ എന്നിവയുടെ സൌജന്യ വിതരണം
- വിവിധ വിപണന തന്ത്രങ്ങൾ ഉപയോഗിച്ചു.
- വിവിധ കേന്ദ്രങ്ങളിൽ നിന്ന് പതിപ്പുകൾ പുറത്തിറക്കി.

**ടെലിവിഷൻ**

- 1991 ൽ സർക്കാർ നിയന്ത്രണത്തിൽ ദൂരദർശൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് സ്വകാര്യ കമ്പനികൾ വരാൻ തുടങ്ങി.
- കേബിൾ ടി.വി. വ്യവസായം വളർന്നു.
- 24x7 ചാനലുകൾ വരാൻതുടങ്ങി.
- പൊതു ചർച്ചകൾ, സംവാദങ്ങൾ, ടോക്ക്ഷോ, ഗെയിം ഷോ തുടങ്ങിയവ ജനശ്രദ്ധയാകർഷിച്ചു.

**റേഡിയോ**

- 24 ഭാഷകളിലും, 146 ഉപഭാഷകളിലും സംപ്രേഷണം ചെയ്തു.
- എഫ്. എം റേഡിയോ സ്റ്റേഷനുകളുടെ ആവിർഭാവം.

## Unit XV: Social Movements

- **Features of Social Movements**
- **Social Change and Social Movements**
- **Theories of Social Movements**
  - Theory of Relative Deprivation
  - Mancur Olson's theory
  - Resource mobilization theory
- **Types of Social Movements**
  - Redemptive or Transformatory
  - Reformative
  - Revolutionary
- **Old and New Social Movements: Difference**
- **Social Movements in India**
  - Ecological Movements
    - Chipko Movement
  - Class Based Movements
  - Peasant Movements
    - Naxalite movement
    - New farmers Movement
  - Workers movements
  - Backward castes/ Classes movements
  - The Tribal Movements
  - Jharkhand Movement
- Women's Movement

**സാമൂഹ്യ പ്രസ്ഥാനങ്ങൾ**

- സമൂഹത്തിന് അഭിലഷണീയമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി ഒരു വിഭാഗം ജനങ്ങൾ നടത്തുന്ന കൂട്ടായ പരിശ്രമങ്ങളേയാണ് സാമൂഹ്യ പ്രസ്ഥാനങ്ങൾ എന്നുപറയുന്നത്.
- അവകാശങ്ങൾ നേടിയെടുക്കുന്നതിനും, ചൂഷണങ്ങൾക്കെതിരെ പോരാടുന്നതിലും സാമൂഹ്യ പ്രസ്ഥാനങ്ങൾ വളരെയധികം പങ്കുവഹിക്കുന്നു.
- 1830ൽ ഇംഗ്ലണ്ടിലെ തൊഴിലാളികൾ വോട്ടവകാശം നേടുന്നതിനുവേണ്ടി സ്ഥാപിച്ച സാമൂഹ്യ പ്രസ്ഥാനമാണ് – ചാർട്ടിസ്റ്റ് പ്രസ്ഥാനം.
- എല്ലാ സ്ത്രീകൾക്കും വോട്ടവകാശം ലഭിക്കുന്നതിനായി ഇംഗ്ലണ്ടിൽ രുപംകൊണ്ട പ്രസ്ഥാനമാണ് – സമ്മദിദാനവകാശ പ്രസ്ഥാനം (Suffragette's Movement)

**സാമൂഹ്യ പ്രസ്ഥാനങ്ങളുടെ സവിശേഷതകൾ**

- സുസ്ഥിരവും കൂട്ടായതുമായ പ്രവർത്തനം.
- സംഘാടനവും നേത്രത്വവും ഉണ്ടായിരിക്കും
- ഘടന ഉണ്ടായിരിക്കും
- പൊതുവായ ലക്ഷ്യങ്ങളും പ്രത്യാശാസ്ത്രവും.
- മാറ്റങ്ങളോടുള്ള പൊതു സമീപനം.

**പ്രവർത്തന രീതി**

- യോഗങ്ങൾ സംഘടിപ്പിക്കുന്നു.
- ഗവൺമെൻറ്, മാധ്യമങ്ങൾ എന്നിവയെ സ്വാധീനിക്കാനുള്ള പ്രവർത്തനങ്ങൾ
- വിവിധ തരത്തിലുള്ള പ്രതിഷേധ മാർഗ്ഗങ്ങൾ
- സത്യാഗ്രഹം, പ്രകടനം, കരിങ്കൊടി കാണിക്കൽ

**സാമൂഹ്യമാറ്റവും സാമൂഹ്യ പ്രസ്ഥാനങ്ങളും**

**സാമൂഹ്യ മാറ്റം**

- തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന പ്രക്രിയയാണ്.

- കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായുണ്ടാവുന്നു.
- ഉദാ. സംസ്കൃത വത്കരണം, പാശ്ചാത്യ വത്കരണം

**സാമൂഹ്യ പ്രസ്ഥാനങ്ങൾ**

- ചില ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി രൂപീകരിച്ചതാണ്.
- ജനങ്ങളുടെ ദീർഘവും തുടർച്ചയുമായ സാമൂഹ്യ പ്രയത്നവും പ്രവർത്തനവും ഇതിൻറെ അടിസ്ഥാന ഘടകങ്ങളാണ്.
- ഉദാ. 19 നൂറ്റാണ്ടിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ

**സാമൂഹ്യ പ്രസ്ഥാനങ്ങളെ പറ്റിയുള്ള സിദ്ധാന്തങ്ങൾ**

**ആപേക്ഷിക തിരസ്കരണ സിദ്ധാന്തം (Theory of Relative Deprivation)**

- ഒരു വിഭാഗം മറ്റുള്ളവരേക്കാൾ മോശമാണ് തങ്ങളുടെ അവസ്ഥ എന്ന് ചിന്തിക്കുമ്പോഴാണ് സാമൂഹ്യ സംഘർഷങ്ങളുണ്ടാവുന്നത്.
- ഇത്തരത്തിലുള്ള സംഘർഷം സംഘടിതമായ പ്രതിഷേധത്തിന് കാരണമാവുന്നു.
- സാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് പ്രേരണയാകുന്നതിൽ അമർഷം, കോപം തുടങ്ങിയ മനശാസ്ത്ര ഘടകങ്ങൾ പങ്കുവഹിക്കുന്നു.

**വിമർഷനങ്ങൾ**

- തിരസ്കരിക്കപ്പെടുന്നുവെന്ന വികാരം പല സന്ദർഭങ്ങളിലും ജനങ്ങൾക്കുണ്ടാവാറുണ്ടെങ്കിലും അതൊന്നും ഒരു സാമൂഹ്യ പ്രസ്ഥാനമായി വളരാറില്ല.
- ജനങ്ങളുടെ പ്രശ്നങ്ങളും, സംഘടിത പ്രവർത്തനവും തമ്മിൽ ബന്ധമില്ല.

**മാൻകർ ഓൾസൻറെ സിദ്ധാന്തം (Mancur Olson's Theory)**

- 'The logic of Collective action' എന്ന പുസ്തകത്തിലൂടെയാണ് ഇതവതരിപ്പിച്ചത്.
- സ്വാർത്ഥ താൽപര്യം പിന്തുടരുന്ന യുക്തിബോധമുള്ള വ്യക്തികളുടെ പ്രവർത്തനങ്ങളാണ് സാമൂഹ്യ പ്രസ്ഥാനങ്ങളുടെ ഉയർച്ചക്ക് കാരണം.
- വ്യക്തിപരമായ നേട്ടങ്ങളുണ്ടെങ്കിൽ മാത്രമേ ഒരു വ്യക്തി സാമൂഹ്യപ്രസ്ഥാനങ്ങളിൽ അണിചേരൂ.
- സാമൂഹ്യ പ്രസ്ഥാനങ്ങളിൽ അണിചേരുന്നതിലൂടെ അയാൾക്ക് നഷ്ടത്തേക്കാൾ ലാഭമുണ്ടാവണം.
- വിമർശനം
- ഏതെങ്കിലും പ്രവർത്തനത്തിൽ ഏർപ്പെടും മുമ്പ് എല്ലാ ജനങ്ങളും വ്യക്തിപരമായ കാര്യങ്ങൾ നോക്കാറില്ല.

**വിഭവ സജ്ജീകരണ സിദ്ധാന്തം (Resource Mobilization Theory)**

- McCarthy, Zald എന്നിവർ അവതരിപ്പിച്ചു.
- സാമൂഹ്യ പ്രസ്ഥാനങ്ങളുടെ വിജയത്തിൻറെ അടിസ്ഥാനം വിഭവങ്ങൾ സജ്ജീകരികരിക്കുന്നതിലുള്ള അതിൻറെ കഴിവാണ്.
- നേത്രത്വം, സംഘടനാപാഠവം, വിനിമയ സൌകര്യങ്ങൾ എന്നിവയാണ് വിഭവങ്ങൾ

- നിലവിലുള്ള രാഷ്ട്രീയാവസരങ്ങൾ മുതലെടുത്ത്കൊണ്ട് ഈ വിഭവങ്ങൾ ഉപയോഗപ്പെടുത്തിയാൽ കൂടുതൽ വിജയംവരിക്കാൻ കഴിയും.

**വിമർശനങ്ങൾ**

- വിഭവങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാനാവും
- പരിമിതമായ വിഭവങ്ങളോടുകൂടി ആരംഭിക്കുന്ന സാമൂഹ്യ പ്രസ്ഥാനങ്ങൾപോലും പോരാട്ടകാലത്ത് വിഭവങ്ങൾ രൂപീകരിക്കാൻ കഴിയും. ഉദാ. അടിമസമരങ്ങൾ

- ***ദുർബലരുടെ ആയുധങ്ങൾ --- ജെയിംസ് സ്കോട്ട്.***

**വിവിധതരം സാമൂഹ്യ പ്രസ്ഥാനങ്ങൾ**

**വിമോചനാത്മകം അല്ലങ്കിൽ പരിവർത്തനാത്മകം (Redemptive and Trasformatory)**

- അംഗങ്ങളുടെ പ്രവർത്തനത്തിലും, വ്യക്തിപരമായ അവബോധത്തിലും മാറ്റം വരുത്തുന്നതിനുവേണ്ടി ശ്രമിക്കുന്ന സാമൂഹ്യ പ്രസ്ഥാനമാണിത്.
- ഉദാ. ശ്രീ.നാരായണ ഗുരു – ഈഴവ സമൂഹത്തിലെ ആചാരങ്ങളിലെ മാറ്റം

**പരിഷ്കരണാത്മകം (Reformative)**

- നിലവിലുള്ള രാഷ്ട്രീയ ക്രമീകരണങ്ങളിൽ പടിപടിയായുള്ള മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്ന പ്രസ്ഥാനങ്ങൾ
- ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനർ ക്രമീകരണം, വിവരവകാശ നിയമം.

**വിപ്ലവാത്മകം (Revolutionary)**

- സാമൂഹ്യ ബന്ധങ്ങളെ മുഴുവനായി മാറ്റിയെടുക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന പ്രസ്ഥാനങ്ങൾ.
- റഷ്യൻ വിപ്ലവം, ഫ്രഞ്ച് വിപ്ലവം

**പഴയതും പുതിയതും (Old and New)**

- ***രണ്ടിന്റേയും ചരിത്ര പശ്ചാതലങ്ങൾ വ്യത്യസ്ഥമാണ്.***
  - മുതലാളിത്വം, സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ, കോളനിവാഴ്ച എന്നിവയുടെ പശ്ചാതലത്തിലാണ് പഴയ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ ഉദയം.
  - രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമാണ് പുതിയ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ ഉദയം.
  - യുദ്ധം, ലിംഗവിവേചനം, വർണ്ണ വിവേചനം, പരിസ്ഥിതി ചൂഷണം തുടങ്ങിയ പ്രശ്നങ്ങളിൽ നിന്ന് ഉദ്ഭവിച്ചു.
- ***രണ്ടിന്റേയും ലക്ഷ്യങ്ങൾ വ്യത്യസ്ഥമാണ്.***
  - പഴയ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ കേന്ദ്ര ലക്ഷ്യം അധികാര പുനഃസംഘടനയാണ്.
  - രാഷ്ട്രീയ പാർട്ടികളുടെ ചട്ടക്കൂടിനകത്തുനിന്നും പ്രവർത്തിക്കുന്നു.
- ജീവിതത്തിൻറെ ഗുണമേന്മയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിഷയങ്ങളാണ് പുതിയ സാമൂഹ്യപ്രസ്ഥാനങ്ങളുടെ ലക്ഷ്യം.
- പഴയ സാമൂഹ്യപ്രസ്ഥാനങ്ങൾ രാഷ്ട്രീയ പാർട്ടികൾക്ക് കേന്ദ്ര സ്ഥാനം നൽകുന്നു.

- പഴയ സാമൂഹ്യപ്രസ്ഥാനങ്ങൾ ദേശാതിർത്തിക്കുള്ളിൽ ഒതുങ്ങിനിൽക്കുന്നു.
- പഴയതും പുതിയതുമായ സാമൂഹ്യ പ്രസ്ഥാനങ്ങളെ സൂചിപ്പിക്കുന്നതിന് വേണ്ടി ഇന്ന് പൌരസമൂഹം എന്ന പദമാണ് സാധാരണ ഉപയോഗിക്കുന്നത്.

**ഇന്ത്യയിലെ സാമൂഹ്യ പ്രസ്ഥാനങ്ങൾ**

**പാരിസ്ഥിതിക പ്രസ്ഥാനങ്ങൾ (Ecological Movements)**

- പരിസ്ഥിതി സംരക്ഷണത്തിനായി നിലകൊണ്ടു.

**ചിപ്കോ പ്രസ്ഥാനം**

- ഹിമാലയൻ താഴ്വരകളിലെ കുന്നുകളിൽ (അളകനന്ദ ഗ്രാമത്തിൽ) രൂപംകൊണ്ടു.
- രാമചന്ദ്ര ഗുഹയുടെ 'അശാന്ത വനങ്ങൾ'(Unquiet Woods) എന്ന പുസ്തകത്തിൽ വിലയിരുത്തുന്നുണ്ട്.
- ഗവൺമെൻ് മരങ്ങൾ കരാറുകാർ മുറിക്കാൻ തുടങ്ങിയപ്പോൾ ഗ്രാമവാസികൾ മരങ്ങളെ കെട്ടിപ്പിടിച്ച് സമരം ചെയ്തു.
- **ബിഷ്ണോയ് പ്രസ്ഥാനം** –രാജസ്ഥാൻ
- **സൈലൻറ് വാലി പ്രസ്ഥാനം 1978** പാലക്കാട്
- **അപ്പിക്കോ പ്രസ്ഥാനം** – കർണ്ണാടക **1983**
- **നർമ്മദാ ബച്ചാവോ ആന്തോളൻ 1985** ഗുജ്റാത്ത്

**വർഗ്ഗാടിസ്ഥാനത്തിലുള്ള പ്രസ്ഥാനങ്ങൾ**

**കർഷക പ്രസ്ഥാനങ്ങൾ**

- 1859-62 ബംഗാൾ കലാപം – നീലം തോട്ടമുടമകൾക്കെതിരെ
- 1875 ലെ ഡക്കാൻ ലഹളകൾ
- ഗാന്ധിജിയുടെ നേത്രത്വത്തിൽ നടന്ന സമരങ്ങൾ
    - 1917 ലെ ചമ്പാരൻ സത്യാഗ്രഹം – നീലം കർഷകർക്കുവേണ്ടി.
    - 1918 ലെ ഖേഡ സത്യാഗ്രഹം ഗുജ്റാത്തിലെ ഖേഡയിലെ കർഷകർ നികുതി ഇളവ് ആവശ്യപ്പെട്ടുകൊണ്ട് നടത്തി.
    - 1929 ലെ ബർദോളി സത്യാഗ്രഹം നികുതി നിഷേധ സമരം
- കർഷക സംഘടനകൾ (കിസാൻ സഭകൾ)
    - ബീഹാർ പ്രൊവിൻഷ്യൽ കിസാൻ സഭ-1929
    - അഖിലേന്ത്യാ കിസാൻ സഭ കിസാൻ സഭകളുടെ അഖിലേന്ത്യാ സംഘടന.

**സ്വാതന്ത്ര്യ സമര സമയത്തുള്ള കർഷക സമരങ്ങൾ**

- തേഭാഗ സമരം – 1946-47
- തെലങ്കാന സമരം 1946-51

**തേഭാഗ സമരം**

- വിളവിൻറെ മൂന്നിൽ രണ്ടുഭാഗം തങ്ങൾക്കുകിട്ടണമെന്ന ആവശ്യവുമായി ബംഗാളിലെ പങ്കുപാട്ടക്കാരായ കൃഷിക്കാർ നടത്തിയ സമരമാണിത്.
- വിളവിൻറെ പകുതി മാത്രമേ ഇവർക്ക് ലഭിച്ചിരുന്നുള്ളൂ.

- കിസാൻ സഭയുടേയും, ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും പിന്തുണയുണ്ടായിരുന്നു.

**തെലങ്കാന സമരം**

- ഇവിടുത്തെ വൻകിട ഭൂഉടമകൾക്കെതിരെ നടന്ന സമരം.
- കമ്മ്യൂണിസ്റ്റ് പാർട്ടി നേത്രത്വം നൽകി.
- നക്സൽ ബാരി പ്രസ്ഥാനം
- 1967 ബംഗാൾ ചാരുമജുംദാറിൻറെ നേത്രത്വത്തിൽ
- ഭുഉടമകളുടെ ക്രൂരമായ ചൂഷണങ്ങൾക്കും, പീഠനങ്ങൾക്കുമെതിരെ ആദിവാസികളും, പങ്കുകൃഷിക്കാരും,കുടിയാന്മാരും, ചെറുകിയ കർഷകരും സമരം ചെയ്തു.

**പുതിയ കർഷകരുടെ പ്രസ്ഥാനങ്ങൾ**

- 1970 കളിൽ പഞ്ചാബിലും തമിഴ്നാട്ടിലുമാണ് പുതിയ കർഷകരുടെ പ്രസ്ഥാനങ്ങൾ ഉടലെടുത്തത്.
- ഇവ പ്രാദേശികമായി സംഘടിപ്പിച്ചവയായിരുന്നു.
- വിപണിയുമായി ബന്ധപ്പെട്ട കൃഷിക്കാരാണ് ഈ പ്രസ്ഥാനത്തിലുണ്ടായിരുന്നത്.
- മിക്കതും ഗവൺമെൻറ് വിരുദ്ധ, നഗരവിരുദ്ധ പ്രസ്ഥാനങ്ങളായിരുന്നു.
- വിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഊന്നൽ നൽകി.
- പുതിയ തരത്തിലുള്ള പ്രക്ഷോപങ്ങൾ ഉപയോഗിച്ചു.

**തൊഴിലാളികളുടെ പ്രസ്ഥാനങ്ങൾ**

- ആധുനിക വ്യവസായങ്ങളുടെ വളർച്ചയോടെയാണ് തൊഴിലാളികളുടെ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നത്.
- തൊഴിലാളി വർഗ്ഗം എല്ലാവിധ ചൂഷണങ്ങൾക്കും വിധേയമായി.
- ഇവരുടെ പ്രധാന പ്രശ്നങ്ങൾ കുറഞ്ഞ അധ്വാനം, ദീർഘമായ അധ്വാനം, വൃത്തിഹീനമായ പ്രവൃത്തി സാഹചര്യങ്ങൾ, ബാലവേല തുടങ്ങിയവയായിരുന്നു.
- നിരവധി സമരങ്ങളിലൂടെ ഇവർ അവകാശങ്ങൾ നേടിയെടുത്തു.
- 1918- തിയോസഫിക്കൽ സൊസൈറ്റിയുടെ നേതാവായ ബി.പി. വാഡിയ ഇന്ത്യയിലെ ആദ്യത്തെ ട്രേഡ് യൂണിയൻ സ്ഥാപിച്ചു. (മദ്രാസ്സ് ലേബർ യൂണിയൻ).
- ടെക്സ്റ്റെയിൽ ലേബർ അസോസിയേഷൻ ഗാന്ധിജി.
- 1920 – ബോംബെ അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്.

**ജാതിയടിസ്ഥാനത്തിലുള്ള പ്രസ്ഥാനങ്ങൾ**

**ദലിത് പ്രസ്ഥാനങ്ങൾ**

- തൊട്ടുകൂടായ്മ, അവഹേളനം, അപമാനം തുടങ്ങിവക്കെതിരെയുള്ള പ്രസ്ഥാനങ്ങളായിരുന്നു ഇത്.
- ദലിത് എന്ന പദം ആധ്യമായി ഉപയോഗിച്ചത് നിയോ ബുദ്ധമതക്കാരാണ് – 1972 ൽ.
- ദളിത് പ്രസ്ഥാനത്തിന് ഇന്ന് രാജ്യത്തിൻറെ പൊതു മണ്ടലത്തിൽ പ്രമുഖമായൊരു സ്ഥാനമുണ്ട്.
- ദളിത് പ്രസ്ഥാനങ്ങളെ 3 ആയി തരം തിരിച്ചിരിക്കുന്നു

- പരിഷ്കരണാത്മകം, വിമോചനാത്മകം, വിപ്ലവാത്മകം.
- ദളിതരിലെ അഭ്യസ്ഥവിദ്യരായ വിഭാഗങ്ങൾക്കുമാത്രമാണ് സാമൂഹ്യ മാറ്റങ്ങളുടെ നേട്ടങ്ങൾ ലഭിച്ചത്.
- ദരിദ്രരായ സമൂഹത്തെ മാറ്റിയെടുക്കുന്നതിൽ ഈ പ്രസ്ഥാനങ്ങൾ പരാജയപ്പെട്ടു.

**പിന്നോക്ക വർഗ്ഗ/ജാതി പ്രസ്ഥാനങ്ങൾ**

- പിന്നോക്ക ജാതിക്കാർക്കു വർഗ്ഗക്കാർക്കും ഒരു രാഷ്ട്രീയ അസ്ഥിത്വം ഉണ്ടാകുന്നത് കൊളോണിയൽ കാലഘട്ടത്തിലാണ്.
- കൊളോണിയൽ ഗവൺമെൻറ് സഹായങ്ങൾ നൽകിയിരുന്നത് ജാതി അടിസ്ഥാനത്തിലായിരുന്നു.
- സ്വന്തം ജാതിക്കുള്ളിൽതന്നെ നിൽക്കാൻ ജനങ്ങളെ ഇത് പ്രേരിപ്പിച്ചു.
- 1920 മുതൽ ഇവരുടെ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു.
- United provinces Hindu backward Classes league.
- All India Backward class Federation.
- All India Backward Classes league.

**ഗോത്രവർഗ്ഗ പ്രസ്ഥാനങ്ങൾ**

**ജാർഖണ്ഡ് പ്രസ്ഥാനം**

- ചോട്ടാനാഗ്പൂർ പ്രദേശത്തെ ഗോത്രവർഗ്ഗക്കാർ സ്വയംഭരണത്തിനുവേണ്ടി നടത്തിയ പോരാട്ടമാണിത്.
- ഇതിൻറെ ഫലമായി 2000 ത്തിൽ ജാർഖണ്ഡ് സംസ്ഥാനം രൂപീകരിച്ചു.
- നേത്രത്വം നൽകിയത് – ബിർസാമുണ്ടയാണ്.
- ഗോത്രവർഗ്ഗക്കാർക്കിടയിൽ സാക്ഷരത വളരാൻ തുടങ്ങിയതോടെയാണ് ഈ പ്രസ്ഥാനം ശക്തിയാർജ്ജിച്ചത്.
- അഭ്യസ്ഥവിദ്യരായ ആദിവാസികൾക്ക് ഗവൺമെൻറ് ജോലി ലഭിക്കാൻ തുടങ്ങിയതോടെ ഒരു മധ്യവർഗ്ഗ ബുദ്ധിജീവി നേത്രത്വം ഉയർന്നുവന്നു.
- ഇവർ ഗോത്രവർഗ്ഗക്കാർക്ക് ഒരു പ്രത്യേക സംസ്ഥാനം ആവശ്യപ്പെട്ടു.

**വനിതകളുടെ പ്രസ്ഥാനങ്ങൾ**

- 19 ാം നൂറ്റാണ്ടിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ സ്ത്രീകൾക്കെതിരെയുള്ള ദുരാചാരങ്ങൾക്കെതിരെ പോരാടുകയും അവരുടെ ഉന്നമനത്തിനായി പോരാടുകയും ചെയ്തു.
- ധാരാളം വനിതാ സംഘടനകൾ ഇക്കാലത്ത് രൂപീകരിച്ചു.
- വിമൺസ് ഇന്ത്യ അസോസിയേഷൻ -1917
- ഓൾ ഇന്ത്യാ വിമൺസ് കോൺഫറൻസ് – 1926
- നാഷണൽ കൌൺസിൽ ഫോർ വിമൺ ഇൻ ഇന്ത്യ
- 1970 കളിൽ വനിതാപ്രസ്ഥാനത്തിൽ ഒരു പുത്തൻ ഉണർവ്വ് അനുഭവപ്പെട്ടു
- സ്വയംഭരണാധികാരമുള്ള വനിതാപ്രസ്ഥാനങ്ങളുടെ വളർച്ച ഈ കാലഘട്ടത്തിലാണ്.
- ലൈംഗിക പീഠനം, സ്ത്രീധനം തുടങ്ങിയ പ്രശ്നങ്ങൾക്കപ്പം ഭൂമിയുടെ അവകാശങ്ങൾക്കുവേണ്ടിയും ഇവർ പ്രക്ഷോപങ്ങൾ നടത്തി.